# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 11 ഫെബ്രുവരി - 2020 ലക്കം 02**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


സർക്കുലർ .................................................................. 05
സർക്കുലർ .................................................................. 10
സർക്കുലർ .................................................................. 16
സർക്കുലർ .................................................................. 21
അനുരഞ്ജ്ജന സമിതി നിയമാവലി ............................ 24
Decree of Constitution .................................................. 31
പുരോഹിതൻ: ജീവിക്കുന്ന മിശിഹായെ ........................ 32
രൂപതാകച്ചേരി വാർത്തകൾ ..................................... 38
വൈദികരുടെ മാസധ്യാനം ...................................... 41
മതബോധനരംഗം ...................................................... 44
ചെറുപുഷ്പ മിഷൻലീഗ് ............................................ 48
*Department of Youth Ministry* ............................................. 56
കെ.സി.വൈ.എം ....................................................... 59
കുടുംബപ്രേഷിതത്വം .................................................. 69
സീയോൻ വാർത്തകൾ ............................................... 74
വിൻസെന്റ് ഡി പോൾ സൊസൈറ്റി ......................... 76
സാമൂഹ്യ സേവനരംഗം (WSSS) ................................... 79
ബയോവിൻ അഗ്രോ റിസർച്ച് .................................... 86
റേഡിയോ മാറ്റൊലി .................................................... 88
ജയിൽ മിനിസ്ട്രി ........................................................... 90
*Mary Matha Arts & Science College* .......................... 91
വിദ്യാഭ്യാസ മേഖല ...................................................... 93
അറിയിപ്പുകൾ ............................................................ 95
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ...................................... 96
ബിഷപ്സ് പ്രോഗ്രാം .................................................... 97

Ref: 3247/K-5/KCBC/OL/DS

## ഇരുപത്തിയെട്ടാം ലോകരോഗീ ദിനാചരണം – 2020

## പരിശുദ്ധ മാർപാപ്പായുടെ സന്ദേശം

*"അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ 11:28)*

പ്രിയ സഹോദരീസഹോദരന്മാരേ,

1. *"അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെയടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം"* (മത്താ 11:28) എന്ന യേശുവിന്റെ വാക്കുകൾ കൃപാവരത്തിന്റെ നിഗൂഢാത്മകമായ പാത ചൂണ്ടിക്കാണിക്കുന്നു. ആ പാത ലളിത ഹൃദയമുള്ളവർക്ക് വെളിവാക്കപ്പെട്ടതാണ്. അത് ക്ലേശിതരും ക്ഷീണിതരുമായവർക്ക് പുതിയ ശക്തി നല്കുന്നു.

ക്രിസ്തുവിന്റെ ഈ വാക്കുകൾ മനുഷ്യപുത്രന് മുറിവേറ്റവരും ക്ലേശിതരുമായ എല്ലാവരുമായുള്ള ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നു. എത്രയോ മനുഷ്യർ ശരീരത്തിലും ആത്മാവിലും സഹിക്കുന്നു! തന്റെയടുത്തേക്കു വരാൻ യേശു ഓരോ വ്യക്തിയെയും നിർബന്ധിക്കുന്നു. അവിടുന്നു പറയുന്നു: "എന്റെയടുക്കൽ വരുവിൻ." അവിടുന്ന് ആശ്വാസവും പ്രശാന്തതയും വാഗ്ദാനം ചെയ്യുന്നു.

"യേശു ഇതു പറയുമ്പോൾ ഗലീലിയിലെ തെരുവീഥികളിൽ ഓരോ ദിവസവും കണ്ടുമുട്ടുന്ന മനുഷ്യർ അവിടുത്തെ മുമ്പിലുണ്ട്: ധാരാളം സാധാരണക്കാർ, ദരിദ്രർ, രോഗികൾ, പാപികൾ, നിയമത്തിന്റെയും സാമൂഹികവ്യവസ്ഥിതിയുടെയും ഭാരത്താൽ അരികുകളിലാക്കപ്പെട്ടവർ...ഈ മനുഷ്യർ അവിടുത്തെ വാക്കു കേൾക്കാൻവേണ്ടി അവിടുത്തെ പിന്തുടർന്നു – പ്രത്യാശ നല്കുന്ന ഒരുവാക്കു കേൾക്കാൻ. യേശുവിന്റെ വാക്കുകൾ എപ്പോഴും പ്രത്യാശ നല്കുന്നു!" (Angelus, 6 July 2014).

ഇരുപത്തിയെട്ടാം ലോകരോഗീദിനാചരണത്തിൽ യേശു ഈ വാക്കുകൾ രോഗികളോടും പീഡിതരോടും ദരിദ്രരോടും ആവർത്തിക്കുന്നു. എന്തെന്നാൽ തങ്ങൾ പൂർണമായും ദൈവത്തെ ആശ്രയിക്കുന്നുവെന്നും ക്ലേശങ്ങളുടെ ഭാരത്തിൻകീഴിൽ അവിടുത്തെ സൗഖ്യദാനം ആവശ്യമായിരിക്കുന്നുവെന്നും അവർ തിരിച്ചറിയുന്നു. ദൗർബല്യത്തിന്റെയും സഹനത്തിന്റെയും ബലഹീനതയുടെയും സാഹചര്യങ്ങൾ സഹിക്കുന്നവരിൽ നിന്നു യേശു ഒന്നും ആവശ്യപ്പെടുന്നില്ല. പിന്നെയോ അവിടുന്ന് തന്റെ കാരുണ്യവും ആശ്വാസകരമായ

സാന്നിധ്യവും നല്കുന്നു. ഓരോ വ്യക്തിയുടെയും ഹൃദയത്തിലേക്ക് ഉറ്റുനോക്കുന്ന കണ്ണുകളുള്ള അവിടുന്ന് മുറിവേറ്റ മനുഷ്യവംശത്തെ നോക്കുന്നു. നോട്ടം നിസ്സംഗതയുടേതല്ല. പിന്നെയോ അത് മനുഷ്യരെ പൂർണമായി ആശ്ലേഷിക്കുന്നു. ഓരോ വ്യക്തിയെയും ആ വ്യക്തിയുടെ ആരോഗ്യസ്ഥിതിയെയും ആശ്ലേഷിക്കുന്നു. ആരെയും വിട്ടുകളയുന്നില്ല. പിന്നെയോ തന്റെ ജീവിതത്തിൽ പങ്കുചേരാനും തന്റെ മൃദുലസ്നേഹം അനുഭവിച്ചറിയാനും ഓരോ വ്യക്തിയെയും അവിടുന്നു ക്ഷണിക്കുന്നു.

2. എന്തുകൊണ്ടാണ് യേശുവിന് ഈ വികാരങ്ങളുണ്ടാകുന്നത്? എന്തെന്നാൽ അവിടുന്നു തന്നെ ദുർബലനായി മാനുഷിക സഹനം അനുഭവിച്ചു. തന്റെ പിതാവിൽ നിന്ന് ആശ്വാസം സ്വീകരിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ വ്യക്തിപരമായി വേദന അനുഭവിക്കുന്ന വർക്കു മാത്രമേ മറ്റുള്ളവരെ ആശ്വസിപ്പിക്കാൻ കഴിയുകയുള്ളൂ. ഗൗരവ പൂർണമായ സഹനത്തിന്റെ അനേകം ഇനങ്ങളുണ്ട്: സുഖപ്പെടുത്താ നാവാത്ത രോഗങ്ങൾ, മാനസിക രോഗങ്ങൾ, പുനരധിവാസമോ പാലി യേറ്റീവു കെയറോ ആവശ്യമായിരിക്കുന്ന രോഗങ്ങൾ, അംഗവൈകല്യ ത്തിന്റെ അസംഖ്യം രൂപങ്ങൾ. കുട്ടികൾക്കുള്ളവ അഥവാ പാരമ്പര്യ രോഗങ്ങൾ...ചിലപ്പോൾ ഇവരോടുള്ള നമ്മുടെ സമീപനത്തിൽ മാനു ഷികമായ ഊഷ്മളത ഇല്ലാതായിപ്പോകുന്നു. രോഗികളോടുള്ള വ്യക്തി പരമായ സമീപനമാണ് ആവശ്യമായിരിക്കുന്നത്. സുഖപ്പെടുത്തൽ മാത്രമല്ല സമഗ്രമായ മാനുഷിക സുഖപ്പെടലിനെ ലക്ഷ്യം വയ്ക്കുന്ന ശുശ്രൂഷയാണ് ആവശ്യം.

വ്യക്തികൾ രോഗം അനുഭവിക്കുമ്പോൾ തങ്ങളുടെ ശാരീരിക സമഗ്രതയ്ക്ക് ഭീഷണിയുണ്ടെന്നു മാത്രമല്ല അവർക്കു തോന്നുന്നത്. പിന്നെയോ തങ്ങളുടെ ജീവിതത്തിന്റെ ബന്ധപരവും ബുദ്ധിപരവും വികാരപരവും ആധ്യാത്മികവുമായ മാനങ്ങളും ഭീഷണിയിലാണെന്ന് അവർക്കു തോന്നും. ഇക്കാരണത്താൽ ചികിത്സയ്ക്കും പിന്തുണയ്ക്കും പുറമേ ശുശ്രൂഷയും ശ്രദ്ധയും കൂടി അവർ പ്രതീക്ഷിക്കുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ സ്നേഹം പ്രതീക്ഷിക്കുന്നു. രോഗിയായ ഓരോ വ്യക്തിയുടെയും സമീപത്ത് ഒരു കുടുംബവുമുണ്ടാകും. അതുതന്നെ സഹനത്തിലാണ്. പിന്തുണയും ആശ്വാസവും അതിന് ആവശ്യമുണ്ട്.

3. രോഗികളായ പ്രിയസഹോദരീസഹോദരന്മാരേ, നിങ്ങളുടെ രോഗം ഒരു പ്രത്യേകവിധത്തിൽ നിങ്ങളെ "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമാക്കുന്നു." അങ്ങനെ യേശുവിന്റെ കണ്ണുകളെയും ഹൃദയത്തെയും നിങ്ങൾ ആകർഷിക്കുന്നുണ്ട്. നിങ്ങളുടെ ഏറ്റവും

ഇരുട്ടുനിറഞ്ഞ നിമിഷങ്ങളെ പ്രകാശിപ്പിക്കാനുള്ള പ്രകാശവും നിങ്ങളുടെ അസ്വസ്ഥത കുറയ്ക്കാനുള്ള പ്രത്യാശയും നിങ്ങൾ യേശുവിൽ കണ്ടുമുട്ടും. "എന്റെയടുത്തേക്കു വരുവിൻ" എന്ന് അവിടുന്ന് നിങ്ങളെ നിർബന്ധിക്കുന്നു. ശരീരത്തിന്റെയും ആത്മാവിന്റെയും ഈ "ഇരുണ്ട രാത്രിയിൽ" നിങ്ങളെ ആക്രമിക്കുന്ന ആകുലതകളെയും ചോദ്യങ്ങളെയും നേരിടാനുള്ള ശക്തി നിങ്ങൾ യേശുവിൽ കണ്ടുമുട്ടും. ക്രിസ്തു നമുക്കു കുറുപ്പടികൾ നല്കിയില്ല. പിന്നെയോ തന്റെ പീഡാസഹനം, മരണം, ഉത്ഥാനം എന്നിവയിലൂടെ നമ്മെ അവിടുന്ന് തിന്മയുടെ കടുംപിടിത്തത്തിൽ നിന്ന് സ്വതന്ത്രരാക്കുന്നു.

നിങ്ങൾ രോഗം അനുഭവിക്കുമ്പോൾ തീർച്ചയായും നിങ്ങൾക്ക് വിശ്രമസ്ഥലം കണ്ടുപിടിക്കേണ്ടിവരും. കൂടുതൽ കൂടുതൽ നല്ല സമറായനായ യേശുക്രിസ്തുവിന്റെ (cf ലൂക്കാ 10:34) "സത്രം" ആയിത്തീരാൻ, അതായത്, അവിടുത്തെ കൃപ കണ്ടുമുട്ടാനുള്ള ഭവനമായിത്തീരാൻ സഭ ആഗ്രഹിക്കുന്നു. അവിടെ അടുപ്പവും സ്വീകരണവും ആശ്വാസവും പ്രകാശിപ്പിക്കപ്പെടുന്നു. ഈ ഭവനത്തിൽ ദൈവകൃപയാൽ രോഗങ്ങൾ സുഖമാക്കപ്പെട്ടവരെ നിങ്ങൾക്കു കാണാം. കുരിശുകൾ വഹിക്കാൻ നിങ്ങളെ അവർ സഹായിക്കും. നിങ്ങളുടെ സഹനത്തെ സംബന്ധിച്ച പുതിയൊരു വീക്ഷണം നല്കാൻ വേണ്ടിയാണത്. നിങ്ങളുടെ രോഗത്തിനപ്പുറത്ത് പുതിയ പ്രകാശത്തിന്റെയും നിങ്ങളുടെ ജീവിതത്തിന്റെ പുതിയ ശക്തിയുടെയും കൂടുതൽ വലിയ ചക്രവാളത്തിലേക്കു നോക്കാൻ നിങ്ങൾക്കു കഴിയും.

രോഗികളായ നമ്മുടെ സഹോദരീസഹോദരന്മാർക്ക് വിശ്രമവും നവീകരണവും നല്കാനുള്ള ഈ പരിശ്രമത്തിൽ ആരോഗ്യസംരക്ഷണ പ്രവർത്തകരായ ഡോക്ടർമാർ, നേഴ്സുമാർ, ചികിത്സാപരവും കാര്യനിർവഹണപരവുമായ കാര്യങ്ങളിൽ വിദഗ്ധരായവർ, സഹായികൾ, വോളന്റിയർമാർ എന്നിവർ സുപ്രധാനമായ ഒരു പങ്കു വഹിക്കുന്നു. അവരുടെ വൈദഗ്ധ്യത്തിനു നന്ദി. രോഗികളെ ആശ്വസിപ്പിക്കുകയും ശുശ്രൂഷിക്കുകയും എല്ലാ രോഗവും സുഖപ്പെടുത്തുകയും ചെയ്യുന്ന ക്രിസ്തുവിന്റെ സാന്നിധ്യം അനുഭവിക്കുന്നതിന് രോഗികൾക്കു ശക്തി നല്കാൻ അവർക്കു കഴിയും. എന്നാലും അവർ സ്വന്തം ബലഹീനതകളുള്ളവരും രോഗങ്ങൾപോലും ഉള്ളവരുമായ സ്ത്രീപുരുഷന്മാരാണ്. താഴെപ്പറയുന്നത് എത്ര സത്യമാണെന്ന് അവർ കാണിക്കുന്നു: "ക്രിസ്തുവിൽ നിന്ന് ആശ്വാസവും വിശ്രമവും സ്വീകരിച്ചു കഴിഞ്ഞാൽ നമ്മുടെ സഹോദരീസഹോദരന്മാർക്ക് വിശ്രമവും ആശ്വാസവുമാകാൻ

നമ്മൾ വിളിക്കപ്പെടുന്നു. ദിവ്യഗുരുവിനെ അനുകരിച്ചുകൊണ്ട് വിനയപൂർവകവും വിനീതവുമായ മനോഭാവത്തോടെ അങ്ങനെ ചെയ്യണം" (Angelus, 6 July 2014).

4. പ്രിയപ്പെട്ട ആരോഗ്യ ശുശ്രൂഷാവിദഗ്ധരേ, നമുക്ക് ഒരു കാര്യം എപ്പോഴും ഓർമ്മിക്കാം: രോഗനിർണയം, രോഗനിവാരണം, ചികിത്സ, ഗവേഷണം, സംരക്ഷണം, പുനരധിവാസം എന്നിവ എപ്പോഴും രോഗിയായ വ്യക്തിക്കുവേണ്ടിയാണ്. "വ്യക്തി" എന്ന നാമം "രോഗി" എന്ന വിശേഷണത്തെക്കാൾ മുൻഗണനയർഹിക്കുന്നതാണ്. നിങ്ങളുടെ ജോലിയിൽ നിങ്ങൾ എപ്പോഴും ഓരോ വ്യക്തിയുടെയും മഹത്ത്വത്തെയും ജീവിതത്തെയും വളർത്താൻ പരിശ്രമിക്കണം. വേദനിപ്പിക്കാതെ മരിപ്പിക്കൽ, ആത്മഹത്യയ്ക്കുള്ള സഹായം, ജീവനെ നശിപ്പിക്കൽ എന്നിവ സ്ഥിരരോഗത്തിന്റെ കാര്യത്തിൽപോലും, സമ്മതിക്കരുത്.

വർദ്ധിച്ചുവരുന്ന പ്രശ്നസങ്കീർണമായ രോഗങ്ങളുടെ മുമ്പിൽ ചികിത്സാശാസ്ത്രത്തിന്റെ പരിമിതികളെയും – പരാജയങ്ങളെപ്പോലും – നേരിടേണ്ടിവരും. അപ്പോൾ നിങ്ങളുടെ പ്രൊഫഷന്റെ അതിശായിയായ മാനത്തോടു തുറവിയുള്ളവരായിരിക്കാൻ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു. അത് പ്രൊഫഷന്റെ പരമമായ അർത്ഥം വെളിവാക്കും. ജീവൻ വിശുദ്ധമാണെന്നും അതു ദൈവത്തിന്റേതാണെന്നും നമുക്ക് ഓർമ്മിക്കാം. അതുകൊണ്ട് അത് അലംഘ്യമാണ്. തോന്നുന്നതുപോലെ അതിനെ കൈകാര്യം ചെയ്യാൻ അവകാശമുണ്ടെന്ന് ആർക്കും അവകാശപ്പെടാനാവുകയില്ല (cf ജീവന്റെ ദാനം 5, ജീവന്റെ സുവിശേഷം 29–53).

ജീവനെ ആരംഭം മുതൽ അവസാനം വരെ സ്വാഗതം ചെയ്യുകയും സംരക്ഷിക്കുകയും ആദരിക്കുകയും ശുശ്രൂഷിക്കുകയും വേണം. മനുഷ്യബുദ്ധിയും ജീവന്റെ കർത്താവായ ദൈവത്തിലുള്ള വിശ്വാസവും ഇത് ആവശ്യപ്പെടുന്നു. ജീവനോടും മനുഷ്യവ്യക്തിയോടുമുള്ള നിങ്ങളുടെ "അതേ" എന്ന നിശ്ചയത്തിൽ നിങ്ങൾ ഉറച്ചു നില്കുന്നുവെങ്കിൽ ചില കേസുകളിൽ ബോധപൂർവകമായ എതിർപ്പ് അത്യാവശ്യമായ ഒരു തീരുമാനമായിത്തീരുന്നു. ക്രൈസ്തവ പരസ്നേഹത്താൽ സഹായിക്കപ്പെടുന്ന നിങ്ങളുടെ തൊഴിൽവൈദഗ്ധ്യം ജീവനുള്ള അവകാശമാകുന്ന ഏറ്റവും യഥാർത്ഥമായ മാനുഷികാവകാശത്തെ സംരക്ഷിക്കുന്നതിന് നിങ്ങൾക്കു നല്കാൻ കഴിയുന്ന ഏറ്റവും നല്ല സേവനമായിരിക്കും. നിങ്ങൾക്ക് സുഖപ്പെടുത്താൻ ഒട്ടും സാധ്യമല്ലാതാകുമ്പോൾ ശുശ്രൂഷയും സുഖപ്പെടുത്തൽ ശ്രമവും നടത്താൻ നിങ്ങൾക്കു കഴിയും. രോഗിക്ക് ആശ്വാസം നല്കുന്ന പെരുമാറ്റംകൊണ്ടും ചികിത്സാപ്രക്രിയകൾകൊണ്ടും അങ്ങനെ ചെയ്യാം.

യുദ്ധത്തിന്റെയും അക്രമപരമായ സംഘട്ടനത്തിന്റെയും ചില സാഹചര്യങ്ങളിൽ രോഗികളെ സ്വീകരിക്കുകയും സഹായിക്കുകയും ചെയ്യുന്ന ആരോഗ്യ സംരക്ഷണ വിദഗ്ധരും സൗകര്യങ്ങളും ആക്രമിക്കപ്പെടുന്നുവെന്നത് ദുരന്തപരമാണ്. ചില പ്രദേശങ്ങളിൽ രാഷ്ട്രാധികാരികൾ സ്വന്തം നേട്ടത്തിനായി ചികിത്സയെ ദുരുപയോഗിക്കാൻ പരിശ്രമിക്കുന്നുമുണ്ട്. അങ്ങനെ അവർ ചികിത്സാവിദഗ്ധരുടെ നിയമാനുസൃതമായ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നു. എന്നാലും സമൂഹത്തിലെ സഹിക്കുന്ന അംഗങ്ങളെ ശുശ്രൂഷിക്കാൻവേണ്ടി സ്വയം സമർപ്പിക്കുന്നവരെ ആക്രമിക്കുന്നത് ആരുടെയും താത്പര്യങ്ങളെ സംരക്ഷിക്കുകയില്ല.

5. ദാരിദ്ര്യത്തിൽ ജീവിക്കുന്നതുകൊണ്ട് ചികിത്സ ലഭിക്കാനാവാത്തവരായി ലോകത്തിലെങ്ങുമുള്ള അനേകം സഹോദരീസഹോദരന്മാരെപ്പറ്റി 28-ാം ലോകരോഗീദിനാചരണത്തിൽ ഞാൻ ചിന്തിക്കുന്നു. ഇക്കാരണത്താൽ സാമ്പത്തിക താത്പര്യങ്ങൾ മൂലം സാമൂഹിക നീതി അവഗണിക്കാതിരിക്കാൻ ലോകമെങ്ങുമുള്ള ചികിത്സാ സ്ഥാപനങ്ങളെയും സർക്കാരിന്റെ നേതാക്കളെയും ഞാൻ നിർബന്ധിക്കുന്നു. ആരോഗ്യം സംരക്ഷിക്കാനും ലഭ്യമാക്കാനുമുള്ള സമുചിതമായ ചികിത്സ ഓരോ വ്യക്തിക്കും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഐക്യദാർഢ്യത്തിന്റെയും ധനസഹായത്തിന്റെയും തത്ത്വങ്ങളെ യോജിപ്പിച്ചുകൊണ്ട് സഹകരിക്കാനുള്ള പരിശ്രമങ്ങൾ ഉണ്ടാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. സംവിധാനപരമായ കുറവുകൾ പരിഹരിച്ചുകൊണ്ടും നല്ല സമറായനായ ക്രിസ്തുവിന്റെ പ്രതിഛായയെപ്പറ്റി ചിന്തിച്ചുകൊണ്ടും വാത്സല്യപൂർവകമായ സ്നേഹവും അടുപ്പവുംകൊണ്ട് രോഗികളെ ശുശ്രൂഷിക്കുന്ന സന്നദ്ധസേവകർക്ക് ഞാൻ ഹൃദയപൂർവം നന്ദിപറയുന്നു.

രോഗത്തിന്റെ ഭാരം വഹിക്കുന്നവരെ അവരുടെ കുടുംബങ്ങളോടും ചികിത്സ ചെയ്യുന്ന എല്ലാവരോടും കൂടെ രോഗികളുടെ ആരോഗ്യമായ പരിശുദ്ധ കന്യകാമറിയത്തിന് ഞാൻ സമർപ്പിക്കുന്നു.

എന്റെ പ്രാർത്ഥനകളിൽ ഓർക്കാമെന്ന് ഉറപ്പുനല്കിക്കൊണ്ട് ഹൃദയപൂർവം എന്റെ അപ്പസ്തോലികാശീർവാദം ഞാൻ നല്കുന്നു.

വത്തിക്കാനിൽ നിന്ന്, 3 ജനുവരി 2020

**ഫ്രാൻസിസ് പാപ്പാ**

Prot. No. 0053/2019

# സർക്കുലർ

## സിനഡ് അനന്തര സർക്കുലർ

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ
**മാർ ജോർജ് ആലഞ്ചേരി** തന്റെ സഹശുശ്രൂഷകരായ
മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും
സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന
സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ 28-ാമതു സിനഡ് സഭയുടെ ആസ്ഥാന കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ജനുവരി 10 മുതൽ 15 വരെ നടന്ന വിവരം നിങ്ങൾക്കറിയാമല്ലോ. തീക്ഷ്ണമായ പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും സിനഡിന്റെ വിജയത്തിനായി സഹായിച്ച എല്ലാവരെയും ഞാൻ നന്ദിയോടെ ഓർമ്മിക്കുന്നു. മൂന്നു ദിവസം നീണ്ട ഒരുക്കധ്യാനത്തിനു ശേഷമാണ് പിതാക്കന്മാർ സിനഡിലേയ്ക്ക് പ്രവേശിച്ചത്. സിനഡിന്റെ പ്രാരംഭത്തിൽ ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ്പ് ജാൻബത്തീസ്ത ദി ക്വാത്രോ സിനഡിനെ അഭിസംബോധന ചെയ്തു സംസാരിച്ചു. നമ്മുടെ സഭയിലെ 64 മെത്രാന്മാരിൽ 57 പേർ സിനഡിൽ സംബന്ധിച്ചു. സഭയെയും നമ്മുടെ നാടിനെയും സംബന്ധിക്കുന്ന ഒട്ടനവധി വിഷയങ്ങളിൽ സിനഡ് ക്രിയാത്മകമായ ചർച്ചകൾ നടത്തി തീരുമാനങ്ങൾ എടുക്കുകയുണ്ടായി.

**1. കാർഷികരംഗം**

കേരളത്തിലെ കാർഷികരംഗം ഗുരുതരമായ പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്. കാർഷികോൽപങ്ങളുടെ വിലത്തകർച്ചമൂലം കർഷകകുടുംബങ്ങൾ ഉപജീവനത്തിന് വകയില്ലാതെ ഉഴലുകയാണ്. തുടർച്ചയായുണ്ടായ രണ്ട് പ്രളയങ്ങൾ കേരളത്തിലെ കർഷകരെ ദുരിതക്കയത്തിൽ ആഴ്ത്തിയിരിക്കുകയാണ്. വന്യമൃഗങ്ങൾ കർഷകരുടെ ജീവനും സ്വത്തിനും ഭീഷണിയായി മാറിയിട്ട് കാലമേറെയായി. കർഷകർ അനുഭവിക്കുന്ന ദുരവസ്ഥ പരിഹരി

ക്കാനായി പൊതുസമൂഹവുമായി ചേർന്ന് സഭ സജീവമായി രംഗത്തിറങ്ങണമെന്ന് സിനഡ് തീരുമാനിച്ചു. കർഷകരുടെ ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി വിവിധ കേന്ദ്രങ്ങളിൽ കർഷകരുടെ മഹാസംഗമങ്ങൾ നടത്തിയ രൂപതകളെ സിനഡ് അഭിനന്ദിച്ചു.

കർഷക പെൻഷൻ പ്രതിമാസം പതിനായിരം രൂപയായി ഉയർത്തുക, കാർഷിക കടങ്ങൾ എഴുതിതള്ളുക, വന്യമൃഗങ്ങളെ വനാതിർത്തിക്കുള്ളിൽ നിലനിർത്താൻ ആവശ്യമായ നടപടികളെടുക്കുക, സർക്കാർ സത്വരമായി ഇടപെടുക, കാർഷിക ഉൽപങ്ങൾക്ക് ഡോ. എം.എസ്. സ്വാമിനാഥൻ കമ്മീഷൻ നിർദ്ദേശം അനുസരിച്ച് താങ്ങുവില നിശ്ചയിക്കുക, കാർഷിക ജോലികൾ ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളാണ് കർഷകർ സർക്കാരിന് മുമ്പിൽ വയ്ക്കുന്നത്. കർഷകരുടെ തികച്ചും ന്യായമായ ഈ ആവശ്യങ്ങളോട് ഉദാരപൂർണമായ സമീപനം സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാകുമെന്ന് സിനഡ് പ്രത്യാശിക്കുകയാണ്. "തന്റെ ജനത്തിന്റെ ക്ലേശങ്ങൾ കാണുകയും അവരുടെ രോദനം കേൾക്കുകയും ചെയ്യുന്ന" ദൈവം (പുറ 3:7) നല്ല കാലാവസ്ഥയും സമൃദ്ധിയും നൽകി നമ്മുടെ കർഷകരെ അനുഗ്രഹിക്കാനായി നമുക്ക് പ്രാർത്ഥിക്കാം.

**2. പൗരത്വ ഭേദഗതി നിയമം**

പൗരത്വഭേദഗതി നിയമത്തെക്കുറിച്ച് രാജ്യത്ത് നിലവിലുള്ള ആശങ്കകളും അസ്വസ്ഥതകളും പരിഹരിക്കാൻ തയ്യാറാകണമെന്ന് സിനഡ് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. ഭാരതത്തിന്റെ പവിത്രമായ ഭരണഘടന അവികലമായി പരിരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്താൻ നിയമനിർമ്മാതാക്കൾ ശ്രദ്ധിക്കണം. ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങളിലൊന്നായ മതേതരത്വം ഈ നിയമംമൂലം സംശയത്തിന്റെ ദൃഷ്ടിയിൽ നിൽക്കാൻ ഇടവരരുത്. തിരിച്ചുപോകാൻ ഇടമില്ലാത്ത വിധം രാജ്യത്തുള്ള അഭയാർത്ഥികളെ മത പരിഗണന കൂടാതെ സ്വീകരിക്കാനും പൗരത്വം നൽകാനും സർക്കാർ തയ്യാറാകണം എന്നതാണ് സഭയുടെ നിലപാട്. പുതുതായി പൗരത്വം നല്കുന്നവരെ പുനരധിവസിപ്പിക്കുമ്പോൾ വടക്കു കിഴക്കൻ സംസ്ഥാനങ്ങളുടെ സാംസ്കാരിക പൈതൃകത്തെ കൂടി സർക്കാർ പരിഗണിക്കണം. അഭയാർത്ഥികളിൽ ചിലരെ മതാടിസ്ഥാനത്തിൽ വേർതിരിക്കാനും പൗരത്വം നിഷേധിച്ച് സ്ഥിരമായി അഭയാർത്ഥി ക്യാമ്പുകളിൽ പാർപ്പിക്കാനുമുള്ള നീക്കം ഉപേക്ഷിക്കണം.

ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാടിൽ കൂടുതൽ വ്യക്തത ആവശ്യമാണ്. സർക്കാർ നിയമങ്ങളെ എതിർക്കാൻ അക്രമമാർഗങ്ങൾ സ്വീകരിക്കുന്നതും ജനകീയസമരങ്ങളെ ക്രൂരമായി അടിച്ചമർത്തി നിശബ്ദമാക്കാൻ ശ്രമിക്കുന്നതും ഒരുപോലെ അധാർമികമാണ്. ഭാരതം എന്ന മഹത്തായ രാജ്യത്ത് മതേതരത്വവും തുല്യനീതിയും നടപ്പിലാകുന്നുണ്ടെന്ന് ഓരോ പൗരനെയും ബോധ്യപ്പെടുത്താൻ ഭരണകൂടത്തിന് ഉത്തരവാദിത്വമുണ്ട്.

**3. ന്യൂനപക്ഷക്ഷേമ പദ്ധതികളിലെ വിവേചനം**

ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർ തലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ ക്രൈസ്തവർ വിവേചനം അനുഭവിക്കുന്നതായി സിനഡ് വിലയിരുത്തി. നിയമപരമായി തന്നെ കേരളത്തിലെ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ചിലവിടുന്ന തുകയുടെ 80% ഒരു ന്യൂനപക്ഷ വിഭാഗത്തിനു മാത്രമായി സംവരണം ചെയ്തിരിക്കുകയാണ്. ശേഷിക്കുന്ന 20% ആണ് ന്യൂനപക്ഷങ്ങളിലെ മറ്റ് 5 വിഭാഗങ്ങൾക്കുമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ഈ അനീതി പരിഹരിച്ച് ജനസംഖ്യാനുപാതികമായി ന്യൂനപക്ഷ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കണം.

വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലന കേന്ദ്രങ്ങളായി 45-ൽ പരം സെന്ററുകൾ സർക്കാർ ചിലവിൽ ന്യൂനപക്ഷ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇവ എല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും നീതിപൂർവ്വകമായി വിഭജിച്ച് നൽകാൻ സർക്കാർ തയ്യാറാകണം. കൂടാതെ ജില്ലാതല ന്യൂനപക്ഷ കോർഡിനേഷൻ കമ്മിറ്റികളിലെ അംഗങ്ങളിൽ ക്രൈസ്തവപ്രാതിനിധ്യം നാമമാത്രമായി ചുരുക്കിയത് നീതിപൂർവ്വമാണോ എന്ന് വിലയിരുത്തേണ്ടതും സർക്കാരാണ്.

**4. മുന്നോക്ക വിഭാഗങ്ങളിലെ പിന്നോക്കക്കാരുടെ സംവരണം.**

സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് (ഇ.ഡബ്യ്യു.എസ്.) സർക്കാർ സർവ്വീസിലും ഉന്നത വിദ്യാഭ്യാസരംഗത്തും 10 ശതമാനം സംവരണം എന്ന കേന്ദ്രനിയമം നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന മന്ത്രിസഭ കൈക്കൊണ്ട തീരുമാനത്തെ സിനഡ് സ്വാഗതം ചെയ്യുന്നു. സർക്കാർ സർവ്വീസുകളിൽ സംവരണേതര ക്രൈസ്തവ വിഭാഗങ്ങൾ പുറന്തള്ളപ്പെട്ടുകൊണ്ടിരിക്കുന്ന ഇപ്പോഴത്തെ അവസ്ഥയിൽ പ്രത്യാശയ്ക്ക് വക നൽകുന്ന നടപടിയാണിത്.

എന്നാൽ, സംവരണത്തിനു മാനദണ്ഡമായി കേന്ദ്രസർക്കാർ നിശ്ചയിച്ച ഭൂപരിധി സംസ്ഥാനസർക്കാർ പുനർനിർണ്ണയിച്ചത്

അനീതിപരമാണെന്ന് സിനഡ് വിലയിരുത്തി. ഭൂപരിധി സംബന്ധിച്ച കേന്ദ്രമാനദണ്ഡമായ 5 ഏക്കറിൽ നിന്ന് 2.5 ഏക്കർ ആയി സംസ്ഥാന ഗവൺമെന്റ് കുറച്ചിരിക്കുകയാണ്. ഇതിനോടകം സാമ്പത്തിക സംവരണം നടപ്പിലാക്കിയ ഒരു സംസ്ഥാനവും കൃഷി ഭൂമിയുടെ അളവ് കേന്ദ്ര മാനദണ്ഡത്തിൽ നിന്ന് താഴ്ത്തി നിശ്ചയിച്ചിട്ടില്ല എന്നിരിക്കെ കേരളം മാത്രം ഭൂപരിധി വെട്ടിക്കുറച്ചത് സർക്കാർ പുന:പരിശോധിക്കേണ്ടതാണ്.

കെ.എ.എസ്. ഉൾപ്പടെ പി.എസ്.സി. ഇപ്പോൾ അപേക്ഷ ക്ഷണിച്ചിരിക്കുന്ന തസ്തികകൾക്കുകൂടി ബാധകമാകത്തക്ക വിധത്തിൽ മുൻകാല പ്രാബല്യത്തോടെ സംസ്ഥാനത്ത് 10 ശതമാനം ഇ.ഡബ്ലിയു.എസ്. സംവരണം നടപ്പിൽ വരുത്തുന്നതിനുള്ള തീരുമാനം ഉണ്ടാകണമെന്ന് സിനഡ് സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു.

**5. ക്രൈസ്തവർക്കെതിരായ അക്രമങ്ങൾ**

ആഗോളതലത്തിൽ ക്രൈസ്തവർക്കെതിരേ വർദ്ധിച്ചുവരുന്ന പീഡനങ്ങളിൽ സിനഡു പിതാക്കന്മാർ ആശങ്ക രേഖപ്പെടുത്തി. ക്രിസ്തുമസ് നാളിൽ നൈജീരിയായിൽ നടന്ന ക്രിസ്ത്യൻ കൂട്ടക്കുരുതി മനുഷ്യ മനസ്സാക്ഷിയെ നടുക്കുന്നതായിരുന്നു. പ്രണയക്കുരുക്കിൽപെട്ട് കേരളത്തിലും ഇതര സംസ്ഥാനങ്ങളിലും ക്രിസ്ത്യൻ പെൺകുട്ടികൾ കൊല്ലപ്പെടുന്ന സാഹചര്യം ഗൗരവത്തോടെ കാണേണ്ടതാണ്.

മതസൗഹാർദ്ദത്തെയും സാമൂഹിക സമാധാനത്തെയും അപകടപ്പെടുത്തുന്ന രീതിയിൽ ദുരുദ്ദേശപരമായ മതാന്തരപ്രണയങ്ങൾ കേരളത്തിൽ വർദ്ധിച്ചു വരുന്നത് ആശങ്കാജനകമാണ്. ക്രിസ്ത്യൻ പെൺകുട്ടികളെ ലക്ഷ്യമാക്കി ആസൂത്രിതമായ തോതിൽ ഇത്തരം നീക്കങ്ങൾ നടക്കുന്നു എന്നത് വസ്തുതയാണ്. കേരളത്തിൽ നിന്ന് ഐ.എസ്. ഭീകര സംഘടനയിലേക്ക് പോലും ക്രിസ്ത്യൻ പെൺകുട്ടികൾ റിക്രൂട്ട് ചെയ്യപ്പെട്ടു എന്നത് നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്.

മതങ്ങൾ തമ്മിലുള്ള സൗഹൃദത്തെ ബാധിക്കുന്ന തരത്തിൽ ഇത്തരം പ്രണയബന്ധങ്ങളെ ആരും മനസിലാക്കരുത്. ഈ വിഷയത്തെ മതപരമായി മനസ്സിലാക്കാതെ സമൂഹത്തെ ദോഷകരമായി ബാധിക്കുന്ന ക്രമസമാധാന പ്രശ്നമായോ ഭീകരവാദ പ്രവർത്തന മായോ മനസ്സിലാക്കി നിയമപാലകർ സത്വര നടപടി എടുക്കണമെന്ന് സിനഡ് ആവശ്യപ്പെടുന്നു. ഈ വിഷയത്തിന്റെ

അപകടങ്ങളെക്കുറിച്ച് രക്ഷകർത്താക്കളെയും കുട്ടികളെയും ഒരുപോലെ ബോധവൽക്കരിക്കാൻ ഉള്ള ശ്രമങ്ങൾ ആരംഭിക്കണമെന്നും സിനഡ് തീരുമാനിച്ചു.

**6. ആരാധനാക്രമം**

1989–ൽ നടപ്പിലാക്കിയ സീറോ മലബാർ കുർബാനക്രമത്തിന്റെ പരിഷ്കരണം സഭയുടെ ചിരകാല ആഗ്രഹമായിരുന്നു. നമ്മുടെ സഭയുടെ കുർബാനക്രമത്തിന്റെ നവീകരണത്തെക്കുറിച്ച് സിനഡ് പിതാക്കന്മാർ വിശദമായ ചർച്ചകൾ നടത്തുകയുണ്ടായി. വിവിധ രൂപതകളിൽനിന്നു ലഭിച്ച നിർദേശങ്ങളുടെ വെളിച്ചത്തിൽ സഭയുടെ കേന്ദ്ര ലിറ്റർജി കമ്മീഷനും പ്രത്യേക ആരാധനക്രമ സമിതിയും വിശദമായി പഠിച്ചു തയ്യാറാക്കിയ പരിഷ്കരിച്ച കുർബാനക്രമമാണ് സിനഡിൽ ചർച്ച ചെയ്യപ്പെട്ടത്. പ്രാർത്ഥനയിലും പരിശുദ്ധാത്മാവിന്റെ ചൈതന്യത്തിലും വിശദമായ ചർച്ചകൾക്കും ആഴമായ വിചിന്തനങ്ങൾക്കുംശേഷം നമ്മുടെ കുർബാനയുടെ പരിഷ്കരിച്ച ക്രമം സിനഡ് പിതാക്കന്മാർ ഐക്യകണ്ഠ്യേന അംഗീകരിച്ചു. പരിഷ്കരിച്ച കുർബാനക്രമം പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. മാർപ്പാപ്പയുടെ അംഗീകാരത്തോടെ പരിഷ്കരിച്ച കുർബാനക്രമം നമ്മുടെ സഭയിൽ നടപ്പിൽ വരുന്നതാണ്.

വി. കുർബാനയുടെ അർപ്പണ രീതിയിലുള്ള ഏകീകരണം എന്ന ലക്ഷ്യത്തോടെ 1999 നവംബർ മാസത്തിലെ സിനഡിൽ ഐകകണ്ഠ്യേന എടുത്ത തീരുമാനമാണ് സിനഡിന്റെ ഔദ്യോഗിക നിലപാട്. വിശുദ്ധ കുർബാന അർപ്പണ രീതിയിൽ ഐക്യം ഉണ്ടാകേണ്ടതിന്റെ ആവശ്യകത സിനഡ് ഊന്നി പറയുകയും ഐക്യത്തിലേയ്ക്ക് നീങ്ങാൻ എല്ലാവരെയും ആഹ്വാനം ചെയ്യുകയും ചെയ്തു. 'അൾത്താരയിലെ ഒരുമയാണ് സഭയുടെ ഐക്യത്തിന്റെ അടിസ്ഥാനം' എന്ന ബനഡിക്റ്റ് മാർപ്പാപ്പയുടെ ചിന്ത നമുക്ക് മാർഗ്ഗദർശനമാകട്ടെ. നാം ആശീർവദിക്കുന്ന പാനപാത്രവും നാം മുറിക്കുന്ന അപ്പവും നമ്മെ കർത്താവിന്റെ ശരീരമായ സഭയുടെ കൂട്ടായ്മയിൽ ഒരുമിപ്പിക്കുകയാണ് ചെയ്യുന്നത് (1 കോറി 10:16) എന്ന സത്യം നമുക്ക് വിസ്മരിക്കാതിരിക്കാം.

**7. നന്ദി, അഭിനന്ദനങ്ങൾ**

കാഞ്ഞിരപ്പള്ളി രൂപതയുടെ അദ്ധ്യക്ഷനായി 18 വർഷക്കാലം രൂപതയെ മാതൃകാപരമായി നയിച്ച അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് 75 വയസ്സ് പൂർത്തിയായതിനെ തുടർന്ന് രൂപതാ ഭരണത്തിൽ നിന്ന് വിരമിക്കുകയാണ്. പിതാവിന്റെ നിസ്തുലങ്ങളായ സേവനങ്ങളെയും ദീർഘവീക്ഷണത്തോടെയുള്ള നേതൃത്വത്തെയും

സഭ മുഴുവനോടുമുള്ള കരുതലിനെയും ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു. കാഞ്ഞിരപ്പള്ളി രൂപതയുടെ സഹായമെത്രാനായിരുന്ന മാർ ജോസ് പുളിക്കൽ പിതാവിനെയാണ് അഭിവന്ദ്യ മാത്യു അറയ്ക്കൽ പിതാവിന്റെ പിൻഗാമിയായി സിനഡ് തിരഞ്ഞെടുത്തിരിക്കുന്നത്. പുതിയ ദൗത്യത്തിൽ അഭിവന്ദ്യ പിതാവിനും കാഞ്ഞിരപ്പള്ളി രൂപതയ്ക്കും എല്ലാ നന്മകളും ആശംസിക്കുന്നു. പാലക്കാട് രൂപതയുടെ സഹായ മെത്രാനായി ഫാ. പീറ്റർ കൊച്ചുപുരയ്ക്കലിനെ സിനഡ് തിരഞ്ഞെടുത്തു. നിയുക്ത സഹായമെത്രാനും രൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിനും പാലക്കാട് രൂപതയ്ക്കും എല്ലാ നന്മകളും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

2019 ആഗസ്റ്റ് മാസത്തിലെ സിനഡിന്റെ തീരുമാനപ്രകാരം മേജർ ആർച്ചുബിഷപ്പിന്റെ വികാരിയായി എറണാകുളം-അങ്കമാലി അതിരൂപതയിൽ നിയമിതനായ ആർച്ചുബിഷപ്പ് മാർ ആന്റണി കരിയിൽ അതിരൂപതയുടെ ഇപ്പോഴത്തെ അജപാലനപ്രവർത്തനങ്ങളെക്കുറിച്ച് സിനഡിനെ അറിയിച്ചു. പിതാവ് അറിയിച്ച കാര്യങ്ങളെക്കുറിച്ച് സിനഡ് വിശദമായി ചർച്ച ചെയ്തു. മാർ ആന്റണി കരിയിൽ പിതാവ് അതിരൂപതയിൽ ചെയ്യുന്ന സേവനങ്ങളെയും അദ്ദേഹത്തിന്റെ അജപാലന ശൈലിയെയും സിനഡു പിതാക്കന്മാർ അഭിനന്ദിച്ചു.

**ഉപസംഹാരം**

നമ്മുടെ സഭയ്ക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി കർത്താവിന്റെ മനസിലുണ്ട് എന്ന് നമുക്ക് തിരിച്ചറിയാം (ജെറ 29 :11) നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെയും സഭയിലെ എല്ലാ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യം നമുക്ക് കൂട്ടായിരിക്കട്ടെ.

സ്നേഹാശംസകളോടെ,

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2020-ാം ആണ്ട് ജനുവരി മാസം 15-ാം തിയ്യതി നൽകപ്പെട്ടത്.

# സർക്കുലർ

***Circular Letter No. 1/2020***
***Prot. No. 22648/2020***

കർത്താവിൽ പ്രിയ ബഹുമാനപ്പെട്ട വൈദിക സഹോദരന്മാരെ ഇടവകകളിൽ കണക്ക് സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന പ്രിയപ്പെട്ടവരെ,

നമ്മുടെ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും സാമ്പത്തിക കാര്യങ്ങളും കണക്കുകളും സംബന്ധിച്ച് പാലിക്കപ്പെടേണ്ടതായ കുറെയധികം കാര്യങ്ങൾ ഇതിനുമുമ്പ് പലപ്പോഴായി ഞാൻ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടല്ലോ? അക്കാര്യങ്ങൾ ഡിസംബർ 2018, മാർച്ച് 2019 ബുള്ളറ്റിനുകളിൽ യഥാക്രമം 19-26, 5-12 പേജുകളിൽ നിങ്ങൾക്ക് വായിക്കാവുന്നതാണ്. അവയെല്ലാം ഒരിക്കൽ കൂടി വായിക്കുകയും കണക്കുകൾ തയ്യാറാക്കുന്നത് അതനുസരിച്ചാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കാരണം മാർച്ച് 31 ന് നടപ്പുവർഷത്തെ കണക്കുകൾ പൂർത്തീകരിക്കേണ്ടതാണ് അതിനു ശേഷം ആ കണക്കുകൾ ഇടവക പൊതുയോഗം പാസാക്കുകയും രൂപതാ കേന്ദ്രത്തിൽനിന്ന് നിർദ്ദേശിച്ചിരിക്കുന്ന ഓഡിറ്റർമാരാൽ ഓഡിറ്റ് ചെയ്യുകയും ചെയ്യണം. കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത് നിയമാനുസൃതം അല്ലെങ്കിൽ, ഓഡിറ്റ് ചെയ്ത് ആദായനികുതി റിട്ടേൺ സർക്കാരിലേക്ക് സമയപരിധിക്കുള്ളിൽ അയയ്ക്കാൻ സാധിക്കുകയില്ല. അങ്ങനെ വന്നാൽ അതിന്റെ പ്രത്യാഘാതം ബന്ധപ്പെട്ട ഇടവകയും സ്ഥാപനങ്ങളും അവയുടെ ഉത്തരവാദപ്പെട്ടവരും അനുഭവിക്കേണ്ടി വരികയും ചെയ്യും. നമ്മുടേതുപോലുള്ള മതപരമായ പൊതുസ്ഥാപന ങ്ങളുടെ കാര്യത്തിൽ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട് എന്ന് അറിയാമല്ലോ? ഇന്ന് നമുക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ആദായനികുതി ഇളവ് ഉൾപ്പെടെയുള്ള ഇളവുകൾ, കൃത്യമായ കണക്കുകളുടെ അഭാവ ത്തിലും അവ സർക്കാരിലേക്ക് അയച്ചു കൊടുക്കുവാനുള്ള വീഴ്ച യിലും തട്ടി ഇല്ലാതായെന്ന് വരാം. മാത്രമല്ല ഭാവിയിൽ പല കാര്യങ്ങളും നമ്മൾ ഏറ്റെടുക്കുന്നതിന് വിലക്കുകൾ ഉണ്ടായെന്നുവരാം.

നാം ശുശ്രൂഷിക്കാനായി കടപ്പെട്ടിരിക്കുന്ന ജനങ്ങളോടുള്ള ഉത്തരവാദിത്വത്തിന്റെ ഭാഗമായി വേണം നമ്മുടെ സാമ്പത്തിക

കാര്യത്തിന്റെ ക്രമീകരണത്തെ മനസ്സിലാക്കാൻ. ശുശ്രൂഷ ചെയ്യുന്നതിനോടൊപ്പം അവ നമ്മുടെ രാജ്യത്തിന്റെ നിയമങ്ങൾക്കനുസൃതമാണ് എന്ന് ഉറപ്പുവരുത്തേണ്ടതും ശുശ്രൂഷയുടെ ഭാഗമാണ്.

പ്രത്യേകമായി ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ താഴെ കൊടുക്കുന്നു

1. നമ്മുടെ സ്ഥാപനങ്ങൾക്ക് ആദായ നികുതി ഇളവ് അനുവദിക്കുന്ന വകുപ്പ് 12 A അനുസരിച്ചുള്ള രേഖകളുടെ പകർപ്പ് രൂപതാ കേന്ദ്രത്തിൽ എത്രയും വേഗം ഇതുവരെ എത്തിക്കാത്തവർ എത്തിക്കേണ്ടതാണ്. ഇപ്പോഴും ഏതാനും ഇടവകകൾക്ക് മേൽപ്പറഞ്ഞതനുസരിച്ചുള്ള ആദായനികുതി ഇളവ് ലഭിച്ചിട്ടില്ല എന്ന് മനസ്സിലാക്കുന്നു. അവയുടെ കൂട്ടത്തിൽ രൂപതയിലെ ആദ്യകാല ഇടവകകൾ പോലും ഉണ്ട് എന്നത് ആശ്ചര്യം ജനിപ്പിക്കുന്ന ഒരു വസ്തുതയാണ്. ഈ ഇടവകകൾ എത്രയും വേഗം ആദായ നികുതി ഇളവ് ലഭിക്കാനുള്ള നടപടിക്രമങ്ങൾ രൂപതാ കേന്ദ്രവുമായി ബന്ധപ്പെട്ട് ചെയ്യേണ്ടതാണ്.
2. ക്യാഷായി വാങ്ങാവുന്ന കൂടിയ തുക 10000 രൂപയാണ് എന്ന് ഓർത്തിരിക്കേണ്ടതാണ്. അതിനു മുകളിലുള്ള തുകകൾ ചെക്ക് മുഖാന്തരമോ, ബാങ്ക് ട്രാൻസ്ഫർ മുഖാന്തരമോ മാത്രമേ കൊടുക്കുവാനും വാങ്ങുവാനും പാടുള്ളൂ. കൊടുക്കുകയോ കിട്ടുകയോ ചെയ്യുന്ന വ്യക്തിയുടെ പേരിലല്ലാതെ ക്യാഷ് ചെക്ക് അല്ലെങ്കിൽ ബെയറർ ചെക്ക് എന്ന പേര് എഴുതി പണം കൊടുക്കാനും വാങ്ങാനും പാടുള്ളതല്ല. ചെക്ക് എപ്പോഴും വ്യക്തിയുടെ അല്ലെങ്കിൽ സ്ഥാപനത്തിന്റെ പേരിൽ അക്കൗണ്ട് പേയീ ആയിട്ട് മാത്രമേ എഴുതാവൂ. വികാരിയുടെ അഥവാ സ്ഥാപന മേധാവിയുടെ വ്യക്തിപരമായ പേരിലും ചെക്ക് വാങ്ങി സ്ഥാപനത്തിന്റെ അക്കൗണ്ടിൽ ചേർക്കാൻ പാടുള്ളതല്ല. കിട്ടുകയും കൊടുക്കുകയും ചെയ്യുന്ന എല്ലാ തുകകൾക്കും അവരുടെ ഉദ്ദേശം അനുസരിച്ചുള്ള രേഖകൾ സൂക്ഷിക്കുകയും വേണം.
3. രൂപതാകേന്ദ്രത്തിൽ നിന്ന് അല്ലെങ്കിൽ വേറെ ഏതെങ്കിലും സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന വിദേശപണം ചെക്കിലൂടെ അല്ലെങ്കിൽ ബാങ്ക് ട്രാൻസ്ഫറിലൂടെ മാത്രമേ കൊടുക്കാൻ പാടുള്ളൂ. മുകളിൽ പറഞ്ഞതുപോലെ ക്യാഷ് അല്ലെങ്കിൽ ബെയറർ ചെക്ക് എഴുതാൻ പാടില്ല. എത്ര ചെറിയ തുകയുടെ കാര്യത്തിലും ഈ നിയമം ബാധകമാണ്. നിയമലംഘനം കഠിനമായ ശിക്ഷകൾക്ക് കാരണമാകും.

4. ഓഡിറ്റ് ഫീസ്, ആദായനികുതി റിട്ടൺ ഫയൽ ചെയ്യുന്ന ഫീസ്, എന്നിവ ഓഡിറ്റർമാർക്ക് നേരിട്ടാണ് കൊടുക്കേണ്ടത്. എങ്കിലും ഇതുവരെയും അപ്രകാരം ചെയ്യാത്തവർക്ക് ബിഷപ്സ് ഹൗസിൽ ഏൽപ്പിക്കാവുന്നതാണ്. അതോടൊപ്പംതന്നെ ഓഡിറ്റ് യഥാസമയം നടത്തേണ്ടതുണ്ടെന്നും ആദായനികുതി റിട്ടൺ ഫയൽ ചെയ്യുന്നുണ്ടെന്നും ഓഡിറ്ററുമായി നേരിട്ട് ബന്ധപ്പെട്ട് ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യങ്ങൾ അവരാണ് ചെയ്യേണ്ട തെങ്കിലും അങ്ങനെ അവർ ചെയ്യുന്നില്ലെങ്കിൽ തത്ഫല മായുണ്ടാകുന്ന കുറ്റത്തിന്റെ ഉത്തരവാദിത്വവും തത്ഫലമായു ണ്ടാകുന്ന ശിക്ഷയും ബന്ധപ്പെട്ട സ്ഥാപനത്തിന് തന്നെ ആകും എന്നത് ഓർത്തിരിക്കേണ്ടതാണ്. എല്ലാ പള്ളികളുടെയും സ്ഥാപനങ്ങളുടെയും ഉത്തരവാദിത്തപ്പെട്ടവർ തന്നെയാണ് ഇക്കാര്യങ്ങൾ ഉറപ്പുവരുത്തേണ്ടത്. വീഴ്ചകൾക്ക് രൂപതാ കേന്ദ്രം ഉത്തരവാദി ആയിരിക്കുന്നതല്ല.

5. ഏത് ഉദ്ദേശത്തിനുള്ള തുകയായാലും രൂപതാ കേന്ദ്രത്തിലെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുമ്പോൾ അങ്ങനെ ചെയ്തു എന്നു പറഞ്ഞുകൊണ്ടുള്ള അറിയിപ്പ് ഉടനടി രൂപതാ കേന്ദ്രത്തിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിയമാനുസൃതം രേഖകൾ തരാനും ഇവിടുത്തെ കണക്കിൽ ചേർക്കാനും സാധിക്കുന്നതല്ല.

6. ഇടവകയിൽ നിന്ന് രൂപതാ കേന്ദ്രത്തിലേക്ക് അടയ്ക്കേണ്ടതായ പൊതുപിരിവുകളുടെ തുക പിരിവെടുത്ത് ഒരാഴ്ചയ്ക്കുള്ളിൽ തന്നെ രൂപതാ കേന്ദ്രത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. കാരണം ആ തുകകൾ പലതും റോമിലേക്കും, അപ്പസ്തോലിക് നുൻഷ്യേച്ചറിലേക്കും മറ്റും അയച്ചു കൊടുക്കേണ്ടതാണ്. പിരിഞ്ഞു കിട്ടുന്ന തുകകൾ മുഴുവൻ ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. ഭാഗികമായി ഇടവകയിൽ അത് എടുക്കുന്നത് തികച്ചും അധാർമികവും കുറ്റകരവുമാണെന്ന് പറയേണ്ടല്ലോ? കാരണം അവ തരുന്ന ദാതാക്കളുടെ ഉദ്ദേശം മാനിക്കപ്പെടുന്നില്ല. കിട്ടാൻ അർഹതയുള്ളവരുടെ ഉദ്ദേശത്തെ കവർന്നെടുക്കുകയും ചെയ്യുന്നു. വർഷാവസാനം ഒരു തുക കൊണ്ടുവന്ന് എല്ലാ വിഭാഗങ്ങൾക്കുമായി വീതിച്ചു കൊടുക്കുന്ന സമ്പ്രദായം അഭിലഷണീയമല്ല എന്ന് പറയേണ്ടതില്ലല്ലോ?.

7. ഇടവകകളുടെ വിഹിതമായി അവിടെ ലഭിക്കുന്ന വരുമാനത്തിന്റെ 10 ശതമാനം രൂപതാ കേന്ദ്രത്തിലെ മ്യൂച്ചൽ എയ്ഡ് ഫണ്ടിലേക്ക് കൊടുക്കണമെന്ന നിയമം എല്ലാവരും ഓർക്കുമല്ലോ? അങ്ങനെ

കിട്ടുന്ന തുക സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇടവകൾക്ക് അടിയന്തര സഹായമായി കൊടുക്കുകയാണ് ചെയ്യുന്നത്. അതിൽ നിന്ന് യാതൊന്നും രൂപതാ കേന്ദ്രത്തിന്റെ നടത്തിപ്പിനോ, മറ്റ് ആവശ്യങ്ങൾക്കോ എടുക്കാറില്ല എന്നത് ഓർത്തിരിക്കുമല്ലോ? സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇടവകകൾ ആണെങ്കിലും 10% കൃത്യമായി അടയ്ക്കേണ്ടതാണ്. അത്യാവശ്യമെന്ന് കണ്ടാൽ പാരിഷ് കൗൺസിൽ തീരുമാനത്തിന് വിധേയമായി അതാത് ഇടവകകൾക്കുള്ള അടിയന്തര സഹായമായി തിരികെ കൊടുക്കുന്നതാണ്.

8. പ്രീസ്റ്റ് പ്രൊവിഡന്റ് ഫണ്ടിലേക്ക് ബഹുമാനപ്പെട്ട വൈദികരും ഇടവകകളും സ്ഥാപനങ്ങളും കൊടുക്കേണ്ടതായ വിഹിതം സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുമ്പായി ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. ചികിത്സാചെലവുകൾ വളരെ കൂടിവരുന്ന സാഹചര്യത്തിൽ വിഹിതം കിട്ടാതെ വന്നാൽ ചിലവുകൾ നിർവഹിക്കാൻ പറ്റാതെ വരും.

9. ഏതുതരത്തിലുള്ള പണികളായാലും ഇടവക അഥവാ സ്ഥാപനം നേരിട്ട് എടുപ്പിക്കുകയാണെങ്കിൽ മസ്റ്റർ റോൾ എന്ന ഒരു രജിസ്റ്ററിൽ പണിക്കാരുടെ പേര്, പണിയുടെ വിശദവിവരങ്ങൾ, ഓരോ ദിവസവും കൊടുക്കുന്ന കൂലി, മൊത്തം കൊടുക്കുന്ന തുക എന്നിവ ഓരോ ദിവസവും എഴുതി സൂക്ഷിക്കേണ്ടതാണ്. ഏതെങ്കിലും പണിക്കായി ചിലവായ മൊത്തം തുക എന്ന് ചേർത്താൽ ആ കണക്ക് നിയമവിധേയം ആയിരിക്കുകയില്ല.

10. ഇടവകകളുടെയും സ്ഥാപനങ്ങളുടെയും കണക്കുകൾ രണ്ട് മൂന്ന് വർഷങ്ങൾക്ക് മുമ്പ് ഓൺലൈൻ ആക്കുകയും, എല്ലാവരും അതിലൂടെ ചെയ്യണമെന്ന് അറിയിച്ചിരുന്നല്ലോ? ഏറെപ്പേരും അതിനോട് സഹകരിച്ചെങ്കിലും, ഏതാനും പേർ കൂടി തുടങ്ങാനുണ്ട്. അവരും ബഹുമാനപ്പെട്ട പ്രൊക്കുറേറ്റർ അച്ചനുമായി ബന്ധപ്പെട്ട് നിലവിലെ സാമ്പത്തിക വർഷത്തെ ഉൾപ്പെടെയുള്ള കണക്കുകൾ എത്രയും വേഗം ഓൺലൈനിൽ ആക്കണം. ഇതിനുള്ള സോഫ്റ്റ്വെയർ വാങ്ങുന്നതിനും വർഷാവർഷം സർവീസ് ചെയ്യുന്നതിനും ആവശ്യമായ തുക രൂപതാ കേന്ദ്രത്തിൽ അടയ്ക്കുകയും ചെയ്യണം. ഇന്റർനെറ്റ് കണക്ഷൻ ഉള്ള ഏത് കമ്പ്യൂട്ടറിൽ നിന്നും എവിടെയിരുന്നും ഈ കണക്കുകൾ ചെയ്യാം

എന്നുള്ളതുകൊണ്ട്, കമ്പ്യൂട്ടറും മറ്റും ഇല്ലാത്ത ഇടവകകൾക്ക് അവയുള്ള ഇടവകകളുടെ സൗകര്യം ഉപയോഗപ്പെടുത്താവുന്ന താണ്. അതിനു പറ്റാത്തവർ ബിഷപ്സ് ഹൗസിൽ അറിയിച്ചാൽ സൗകര്യം ഇവിടെ ഒരുക്കുന്നതാണ്.

11. ഇടവകകളിലും സ്ഥാപനങ്ങളിലും ആധാരം, പട്ടയം, പാൻ, ടാൻ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, 12A അനുസരിച്ചുള്ള ആദായനികുതി ഇളവിനുള്ള സർട്ടിഫിക്കറ്റ് എന്നിവ നിർബന്ധ മായും സൂക്ഷിക്കണം. പകർപ്പുകൾ ബിഷപ്സ് ഹൗസിൽ ഏൽപ്പി ക്കുകയും ചെയ്യണം.

12. സ്ഥലം, കെട്ടിടം തുടങ്ങിയവയുടെ നികുതികൾ യഥാസമയം അടച്ചു എന്ന് ഉറപ്പുവരുത്തേണ്ടതും, അവയുടെ രേഖകൾ സൂക്ഷിക്കേണ്ട താണ്. മേൽപ്പറഞ്ഞ കാര്യങ്ങൾ ബഹുമാനപ്പെട്ട വൈദികരും മറ്റു ബന്ധപ്പെട്ടവരും ശ്രദ്ധാപൂർവം വായിച്ച് മനസ്സിലാക്കി അവയനു സരിച്ച് എല്ലാ കാര്യങ്ങളും ക്രമീകരിക്കാൻ ശ്രദ്ധിക്കുമല്ലോ.

എല്ലാവർക്കും മുൻകൂട്ടി നന്ദി പറയുന്നു. പുതുവർഷം എല്ലാ വർക്കും ദൈവാനുഗ്രഹം നിറഞ്ഞതാകട്ടെ.

കർത്താവിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2020 ജനുവരി മാസം 6 ന് നൽകപ്പെട്ടത്.

യേശുവിൽ,



**ബിഷപ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

# സർക്കുലർ

***Circular Letter No. 2/2020***
***Prot. No. 22705/2020***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട ബഹു.വൈദിക സഹോദര ങ്ങളേ, പ്രിയ സമർപ്പിതരേ, പ്രിയ സഹോദരങ്ങളേ,

കത്തോലിക്കാസഭയുടെ പൊതുനിയമവും (CCEO) സീറോ മലബാർ സഭയുടെ പ്രത്യേകനിയമവും അനുശാസിക്കുന്നതനുസരിച്ച് രൂപതയിൽ നിയമനിർമ്മാണത്തിനും (Legislative) ഭരണനിർവ്വഹണ ത്തിനും (Executive) നീതിന്യായസംരക്ഷണത്തിനും (Judicial) ഉള്ള അധികാരം രൂപതാ മെത്രാനിൽ നിക്ഷിപ്തമാണ്. ആയതിനാൽ, ഇടവക കളിൽ സംഘടനാപ്രവർത്തനങ്ങൾ, സാമ്പത്തികകാര്യങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടും ദൈവജനത്തി നിടയിലുള്ളതും ദൈവജനവും ഇടവകാവികാരിമാരുമായി ഉള്ളതും വൈദികർ തമ്മിലുള്ളതും രൂപതയുടെ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതുമൊക്കെയായ തർക്കങ്ങളും പരാതികളും സ്വീകരി ക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടത് മെത്രാനാണ്. എന്നാൽ മാനന്തവാടി രൂപതയുടെ ഭൂമിശാസ്ത്രപരമായ വലിപ്പം മൂലവും രൂപതാകച്ചേരിക്ക് വിവിധ ജോലികളാലുള്ള അമിതഭാരം മൂലവും തർക്കങ്ങളിലും പരാതികളിലും പരിഹാരം കാണുന്നതിന് കാല താമസം നേരിടുന്നതിനാലും, തർക്കങ്ങളും പരാതികളും ഭൂരിഭാഗവും അവയുടെ ഉറവിടങ്ങളിൽത്തന്നെയും പ്രാദേശികമായും (ഫൊറോനാ തലങ്ങളിൽ) അതിവേഗതയിൽ പരിഹരിക്കപ്പെടാമെന്നുള്ള സാദ്ധ്യത കൾ കാണുന്നതിനാലും മാനന്തവാടി രൂപതയിൽ മൂന്ന് തലങ്ങളിലായി അനുരഞ്ജന സമിതികൾ (Complaint Redressal Forums) രൂപപ്പെടു ത്തുന്നു.

അനുരഞ്ജനസമിതിയുടെ ആദ്യതലം ഇടവകതന്നെയാണ്. തർക്കങ്ങളും പരാതികളും നിഷ്പക്ഷമായി പഠിക്കുന്നതിനും പരിഹരി ക്കുന്നതിനും ഇടവകയുടെ പ്രതിനിധിയോഗം താത്കാലികമായോ സ്ഥിര മായോ ഒരു അനുരഞ്ജനക്കമ്മറ്റിയെ രൂപപ്പെടുത്തണം. ഇടവകയിലെ കുടുംബങ്ങൾ തമ്മിലുള്ള തർക്കങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്ന തിനും ഈ കമ്മറ്റിയെ പ്രയോജനപ്പെടുത്താവുന്നതാണ്. രണ്ടാമത്തെ തലം ഫൊറോനകളിലെ അനുരഞ്ജനസമിതികളാണ്. ഫൊറോന

വികാരിക്ക് തന്റെ ഫൊറോനയിലെ ഇടവകകളുടെയും ദൈവജന ത്തിന്റേയുംമേൽ രൂപതാനിയമാവലിയിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രത്യേക അധികാരങ്ങളുണ്ട് എന്നതിനാൽ പ്രസ്തുത ഇടവകകളിൽ നിന്നുമുള്ള പരാതികളും തർക്കങ്ങളും പരിഹരിക്കുന്നതിനു വേണ്ടിയുള്ള ഒരു സ്ഥിരസംവിധാനമായിട്ടാണ് ഫൊറോനാ തലത്തി ലുള്ള അനുരഞ്ജനക്കമ്മറ്റി സ്ഥാപിക്കപ്പെടുന്നത്. മൂന്നാമത്തേത് രൂപതാതലത്തിലുള്ള അനുരഞ്ജനസമിതിയാണ് (Diocesan Complaint Redressal Committee). വൈദികസമിതിയിൽ നിന്നും പാസ്റ്ററൽ കൗൺസിലിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന വൈദികരുടെയും അത്മായരുടെയും പ്രത്യേക സമിതിയാണിത്.

മാനന്തവാടി രൂപതയുടെ ഇടവകകളിലും സ്ഥാപനങ്ങളിലും സംഭവിക്കാവുന്ന ലൈംഗികാതിക്രമങ്ങൾ സംബന്ധിക്കുന്ന ഏതു പരാതിയും മുമ്പ് അറിയിച്ചതുപോലെ രൂപതയുടെ സുരക്ഷിത ചുറ്റു വട്ട കമ്മറ്റി (safe environment committee) യെയാണ് അറിയിക്കേ ണ്ടത്. അത്തരം പരാതികളൊഴികെ സാമ്പത്തികകാര്യങ്ങൾ, നിർമ്മാണ പ്രവർത്തികൾ, ദൈവജനവും ഇടവകവികാരിയും തമ്മിലുള്ള ബന്ധം എന്നിങ്ങനെ ഇടവകയുമായി ബന്ധപ്പെട്ട പരാതികളും തർക്കങ്ങളും അതിന്റെ പ്രാഥമികഘട്ടത്തിൽ പരിഗണിക്കപ്പെടേണ്ടത് ഇടവകാതല ത്തിലുള്ള അനുരഞ്ജനസമിതിയിലാണ്. അത്തരമൊരു സമിതി ഔദ്യോഗികമായി സ്ഥാപിക്കപ്പെട്ടിട്ടില്ലെങ്കിൽ ഇടവകയുടെ പ്രതിനിധി യോഗത്തിലാണ് നല്കേണ്ടത്. ഇടവകാ അനുരഞ്ജനസമിതിയുടെ തീരുമാനം ഉചിതമല്ലെന്ന് തീർത്തും ബോദ്ധ്യപ്പെടുമ്പോഴും പ്രസ്തുത സമിതിക്ക് നിഷ്പക്ഷമായി നിലപാടുകൾ സ്വീകരിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ളപ്പോഴും ഫൊറോനാതലത്തിലുള്ള അനുരഞ്ജനസമിതിയെ സമീപിക്കാവുന്നതാണ്. ഫൊറോനാ വികാരിയച്ചനായിരിക്കും എല്ലാ യ്പ്പോഴും പ്രസ്തുത സമിതിയുടെ ചെയർമാൻ. ഫൊറോനാ അനുരഞ്ജനസമിതിക്ക് പരിഹരിക്കാൻ സാധിക്കാത്തതായ വിഷയങ്ങ ളാണ് രൂപതാ അനുരഞ്ജനസമിതിക്ക് നല്കേണ്ടത്. രൂപതാ അനുരഞ്ജനസമിതിയുടെ ആസ്ഥാനം ബിഷപ്സ് ഹൗസ് തന്നെയാ യിരിക്കും. ബിഷപ്സ് ഹൗസ് അഡ്രസ്സിൽ അത്തരം പരാതികൾ അയയ് ക്കുകയോ നേരിട്ട് എത്തിച്ചു നല്കുകയോ ചെയ്യാവുന്നതാണ്. രൂപതാ തലത്തിലുള്ള അനുരഞ്ജനസമിതികൾക്ക് പരാതികൾ നല്കുമ്പോൾ ഫൊറോനാ അനുരഞ്ജനസമിതിയിൽ പ്രസ്തുത പരാതി പരിഗണി ച്ചിരുന്നുവെന്ന് ഫൊറോനാ സമിതിയുടെ ചെയർമാൻ സാക്ഷ്യപ്പെടു

ത്തേണ്ടതുണ്ട്. അപ്രകാരം ഫൊറോനാ തലത്തിൽ പരിഗണിക്കപ്പെട്ടി ട്ടില്ലാത്ത പരാതികൾ ഫൊറോനാ അനുരഞ്ജനസമിതിക്ക് കൈമാറുക മാത്രമായിരിക്കും രൂപതാതലത്തിലുള്ള സമിതി ചെയ്യുക.

പ്രത്യേകസമിതികൾ രൂപപ്പെടുത്തുന്നുവെങ്കിലും അതീവ ഗൗരവതരമായ വിഷയങ്ങളിൽ തങ്ങളുടെ മെത്രാനെ പരാതിയുമായി നേരിട്ട് സമീപിക്കാനുള്ള ദൈവജനത്തിന്റെ അവകാശവും ഏതുവിഷയ ത്തിലും സ്വതന്ത്രമായി തീരുമാനമെടുക്കാൻ കാനോനികമായി മെത്രാ നുള്ള അധികാരവും അതേപടി നിലനിൽക്കുകയും ചെയ്യുന്നു. രൂപതാ മെത്രാന് നല്കുന്ന എല്ലാ പരാതികളും അരമനപ്പത്രത്തിലായിരിക്കണം. അരമനപ്പത്രം എല്ലാ ഇടവകകളിലും രൂപതാകേന്ദ്രത്തിലും ലഭ്യമാണ്. നേരിട്ട് മെത്രാൻ ഇടപെടേണ്ട അതീവഗൗരവമുള്ള പരാതികളൊഴികെ ബാക്കിയെല്ലാം രൂപതാ അനുരഞ്ജനസമിതിക്കും പ്രസ്തുത സമിതി ആവശ്യമെങ്കിൽ മറ്റ് സമിതികൾക്കുമായി കൈമാറുന്നതായിരിക്കും. ഏതു സമിതിയിലായാലും പരാതിയുടെ മേലുള്ള തീരുമാനം 30 ദിവസ ങ്ങൾക്കുള്ളിൽ പരാതി നല്കിയ വ്യക്തിയെ/വ്യക്തികളെ എഴുതി അറിയിക്കുന്നതാണ്.

ഇടവക, ഫൊറോന, രൂപതാ തലങ്ങളിലുള്ള അനുരഞ്ജന സമിതികളെക്കുറിച്ചും അവയുടെ രൂപീകരണം പ്രവർത്തനം എന്നിവയെ ക്കുറിച്ചുള്ള വിശദമായ നിയമങ്ങൾ ഈ ബുള്ളറ്റിനിലും മാനന്തവാടി രൂപതയുടെ വെബ്സൈറ്റിലും ലഭ്യമാണ്.

കർത്താവിന്റെ കൃപ നിങ്ങളോടു കൂടെ ഉണ്ടായിരിക്കട്ടെ!

യേശുവിൽ,

**ബിഷപ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ എല്ലാ ഇടവകകളിലും വിശ്വാസസമൂഹ ത്തെ പങ്കെടുപ്പിച്ചുകൊണ്ട് ഞായറാഴ്ചകളിൽ വി. കുർബാന അർപ്പിക്കുന്ന മറ്റെല്ലാ ഇടങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ വിശദീകരിച്ചു നൽകുകയോ ചെയ്യേണ്ടതാണ്.**

## തർക്കങ്ങളും പരാതികളും പരിഹരിക്കുന്നതിനുള്ള സമിതികളും അവയുടെ പ്രവർത്തനങ്ങളും

## നിയമാവലി

### 1. അനുരഞ്ജനസമിതികൾ

1. പൊതുനിയമവും (CCEO) സീറോ മലബാർ സഭയുടെ പ്രത്യേകനിയമവും അനുശാസിക്കുന്നതനുസരിച്ച് രൂപതയിൽ നിയമ നിർമ്മാണത്തിനും (Legislative) ഭരണനിർവ്വഹണത്തിനും (Executive) നീതിന്യായസംരക്ഷണത്തിനും (Judicial) ഉള്ള അധികാരം രൂപതാ മെത്രാനിൽ നിക്ഷിപ്തമാണ്. ആയതിനാൽ, ഇടവകകളിൽ സംഘടനാ പ്രവർത്തനങ്ങൾ, സാമ്പത്തികകാര്യങ്ങൾ, നിർമ്മാണപ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടും ദൈവജനത്തിനിടയിലുള്ളതും ദൈവ ജനവും ഇടവകാവൈദികരുമായി ഉള്ളതും വൈദികർ തമ്മിലുള്ളതും രൂപതയുടെ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതുമൊക്കെയായ തർക്ക ങ്ങളും പരാതികളും സ്വീകരിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടത് മെത്രാനാണ്. എന്നാൽ മാനന്തവാടി രൂപതയുടെ ഭൂമി ശാസ്ത്രപരമായ വലിപ്പം മൂലവും രൂപതാകച്ചേരിക്ക് വിവിധ ജോലി കളാലുള്ള അമിതഭാരം മൂലവും തർക്കങ്ങളിലും പരാതികളിലും പരി ഹാരം കാണുന്നതിന് കാലതാമസം നേരിടുന്നതിനാലും, തർക്കങ്ങളും പരാതികളും ഭൂരിഭാഗവും അവയുടെ ഉറവിടങ്ങളിൽത്തന്നെയും പ്രാദേശികമായും (ഫൊറോനാ തലങ്ങളിൽ) അതിവേഗതയിൽ പരി ഹരിക്കപ്പെടാമെന്നുള്ള സാദ്ധ്യതകൾ കാണുന്നതിനാലും ഈ നിയമം വഴി പുതിയ ചില സമിതികൾ രൂപപ്പെടുത്തുന്നു.

2. സഭാസ്ഥാപനങ്ങളും ഇടവകകളുമായി ബന്ധപ്പെട്ട വ്യക്തി കൾ (വൈദികർ, സമർപ്പിതർ, കപ്യാർ, കൈക്കാരന്മാർ, കമ്മറ്റിക്കാർ, മതാദ്ധ്യാപകർ മുതലായവർ) പ്രായപൂർത്തിയാകാത്തവരും ഭിന്നശേഷി ക്കാരുമായ കുട്ടികളെ പോക്സോ നിയമത്തിന്റെ നിർവ്വചനപരിധി കൾക്കുള്ളിൽ വരുംവിധം ലൈംഗികമായി ദുരുപയോഗിച്ചതോ ഉപയോ ഗിക്കാൻ സാധ്യതയുണ്ടെന്നു തോന്നുന്നതോ ആയ സാഹചര്യങ്ങളിൽ അത്തരം കാര്യങ്ങൾ പ്രസ്തുത നിയമത്തിൽ നിർദ്ദേശിച്ചിരിക്കുന്നതു പോലെ സിവിൽ അധികാരികളുടെ പക്കൽ അറിയിക്കുകയാണ് ചെയ്യേണ്ടത്.

3. കുട്ടികളല്ലാത്തവരും എളുപ്പത്തിൽ പീഡിപ്പിക്കപ്പെടാൻ സാധ്യതയുള്ളവരുമായ മുതിർന്നവർക്ക് സഭാസ്ഥാപനങ്ങളിൽ നിന്നോ ഇടവകകളിൽ നിന്നോ ഉണ്ടാകാവുന്ന ലൈംഗികാതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ – അവർ നേരിട്ടോ അവർ നിർദ്ദേശിക്കുന്ന

വ്യക്തി വഴിയോ – നൽകേണ്ടത് ദ്വാരക പാസ്റ്ററൽ സെന്ററിൽ പ്രവർത്തിക്കുന്ന മാനന്തവാടി രൂപതയുടെ സുരക്ഷിത പരിസ്ഥിതി കമ്മറ്റിക്കാണ് (Safe Environment Committee).

4. 2, 3 വകുപ്പുകളിൽപ്പെടാത്തതും മാനന്തവാടി രൂപതയുടെ ഇടവകകളുടെ നടത്തിപ്പ്, സാമ്പത്തികകാര്യങ്ങൾ, നിർമ്മാണപ്രവർത്തികൾ, ദൈവജനവും ഇടവകവികാരിയും തമ്മിലുള്ള ബന്ധം എന്നിങ്ങനെ ഇടവകയുമായി ബന്ധപ്പെട്ട പരാതികളും തർക്കങ്ങളും അതിന്റെ പ്രാഥമികഘട്ടത്തിൽ പരിഗണിക്കപ്പെടേണ്ടത് ഇടവകയുടെ പ്രതിനിധിയോഗത്തിലാണ്. പരാതിക്കാർ തങ്ങളുടെ പരാതികൾ ഇടവകാപ്രതിനിധിയോഗത്തിന് എഴുതി സമർപ്പിക്കണം.

5. തർക്കങ്ങളും പരാതികളും നിഷ്പക്ഷമായി പഠിക്കുന്നതിനും പരിഹരിക്കുന്നതിനും ഇടവകയുടെ പ്രതിനിധിയോഗത്തിന് താത്കാലികമായോ സ്ഥിരമായോ ഒരു അനുരഞ്ജനക്കമ്മറ്റിയെ രൂപപ്പെടുത്താവുന്നതാണ്. ഇടവകയിലെ കുടുംബങ്ങൾ തമ്മിലുള്ള തർക്കങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിനും ഈ കമ്മറ്റിയെ പ്രയോജനപ്പെടുത്താവുന്നതാണ്. പ്രസ്തുത കമ്മറ്റിയുടെ ചെയർമാൻ എല്ലായ്പോഴും ഇടവകവികാരി ആയിരിക്കുകയും അംഗങ്ങളുടെ സ്ത്രീ–പുരുഷ അനുപാതം തുല്യമായിരിക്കുകയും വേണം.

6. പ്രതിനിധിയോഗം ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ ഏറ്റവുമടുത്ത സന്ദർഭത്തിൽ പരിഗണിക്കുകയും ആ യോഗത്തിലോ, കൂടുതൽ പഠനമാവശ്യമുണ്ടെങ്കിൽ അതിനു വേണ്ടപ്പെട്ടവരെ ചുമതലപ്പെടുത്തി യോഗം കഴിയുന്ന ദിവസം മുതൽ 15 ദിവസങ്ങൾക്കുള്ളിലോ പരിഹാരം കണ്ടെത്തുകയും വേണം. അനുരഞ്ജനക്കമ്മറ്റിയാണ് കൈകാര്യം ചെയ്യുന്നതെങ്കിലും നൈയ്യാമികസമിതിയായ പ്രതിനിധിയോഗമാണ് അനുരഞ്ജനക്കമ്മറ്റിയുടെ നിർദ്ദേശം പരിശോധിച്ചശേഷം നടപ്പാക്കേണ്ടത്. പ്രതിനിധിയോഗം സെക്രട്ടറി പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ പള്ളിയുടെ ലെറ്റർപാഡിൽ ചെയർമാന്റെ ഒപ്പോടുകൂടി പരാതിക്കാരന് എഴുതി നൽകുകയും ചെയ്യേണ്ടതാണ്.

7. പ്രതിനിധിയോഗത്തിന്റെ നടപടികൾ അപൂർണ്ണമെന്നോ സമഗ്രമല്ലെന്നോ ഉത്തമബോദ്ധ്യമുള്ളപ്പോഴും പരാതികൾ ഇടവകാപ്രതിനിധിയോഗത്തിന് നൽകുന്നത് പ്രായോഗികമല്ലെന്ന് ഉറപ്പുള്ളപ്പോഴും (ഉദാഹരണത്തിന് പരാതി ഇടവകവികാരിയുമായി ബന്ധപ്പെട്ടതാണെങ്കിൽ) സമീപിക്കേണ്ടത് ഫൊറോനാ വികാരിയെയാണ്. മാനന്തവാടി രൂപതയുടെ നിയമാവലി നമ്പർ 226–ൽ തന്റെ ഫൊറോനയിലുള്ള വൈദികർ തമ്മിലും വൈദികരും ദൈവജനവും തമ്മിലും ഉള്ള തെറ്റി

ദ്ധാരണകളും ഭിന്നിപ്പുകളും പരിഹരിക്കാൻ ഫൊറോനാവികാരിയെ അധികാരപ്പെടുത്തുന്നുണ്ട്.

8. ഫൊറോനാ വികാരിക്ക് മാനന്തവാടി രൂപതയുടെ നിയമാവലി 220–231 നമ്പറുകളിൽ നല്കിയിരിക്കുന്ന അവകാശാധികാരങ്ങൾ തന്റെ ഫൊറോനയിലെ ഇടവകകളുടെയും ദൈവജനത്തിന്റേയുംമേൽ ഉണ്ടെന്നിരിക്കിലും പ്രസ്തുത ഇടവകകളിൽ നിന്നുമുള്ള പരാതികളും തർക്കങ്ങളും പരിഹരിക്കുന്നതിനു വേണ്ടി ഒരു ശാശ്വതസംവിധാനം (ഫൊറോനാ തലത്തിലുള്ള അനുരഞ്ജനക്കമ്മറ്റി) സ്ഥാപിക്കാവുന്നതാണ്. ഫൊറോന അനുരഞ്ജനക്കമ്മറ്റിയുടെ കാലാവധി ഫൊറോനാ കൗൺസിലിന്റെ കാലാവധി തന്നെയായിരിക്കും.

9. ഫൊറോനാതലത്തിലുള്ള അനുരഞ്ജനക്കമ്മറ്റിയുടെ ചെയർമാൻ ഫൊറോന വികാരിയായിരിക്കും. ഫൊറോനയിലെ വൈദികരിൽ നിന്ന് രണ്ട് പ്രതിനിധികളെയും ഫൊറോന കൗൺസിലിൽ നിന്ന് രണ്ട് പുരുഷന്മാരെയും രണ്ട് സ്ത്രീകളെയും ഫൊറോന അനുരഞ്ജനകമ്മറ്റിയിൽ ഉൾപ്പെടുത്തണം. പരാതികളുടെ സ്വഭാവമനുസരിച്ച് കേസ് പഠിക്കുന്നതിനുവേണ്ടി ആവശ്യമെങ്കിൽ സമർപ്പിതരേയോ മറ്റ് അത്മായ പ്രതിനിധികളെയോ അതാത് കമ്മറ്റികളിൽ ഉൾപ്പെടുത്താവുന്നതാണ്.

10. ഫൊറോനാ വികാരിയക്ക് പരാതികൾ നൽകുമ്പോൾ അവ എഴുതി നൽകേണ്ടതാണ്. പരാതിയുടെ നിജസ്ഥിതി ബോദ്ധ്യപ്പെടുത്താനുതകുന്ന രേഖകളും തെളിവുകളും, ഇടവകയുടെ പ്രതിനിധിയോഗം നല്കിയ തീർപ്പിന്റെ യഥാർത്ഥ പ്രതിയും പരാതിയോടൊപ്പം നൽകേണ്ടതാണ്.

11. തനിക്ക് ലഭിക്കുന്ന പരാതികൾ ഇടവകയുടെ പാരിഷ് കൗൺസിൽ പരിശോധിച്ചതാണോയെന്നും പാരിഷ് കൗൺസിലിന് പരിഹരിക്കാവുന്നതേയുള്ളോ എന്നും ഫൊറോനാ വികാരി വിലയിരുത്തണം. അത്തരമൊരു നടപടി നടന്നിട്ടില്ലായെങ്കിൽ ഇടവകവികാരിയുമായി ബന്ധപ്പെട്ട് അത് പാരിഷ് കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരണം. പാരിഷ് കൗൺസിലിന്റെ ഇടപെടലുണ്ടായ വിഷയമാണെങ്കിൽ ഉടൻ തന്നെ ഫൊറോനാതലത്തിലുള്ള അനുരഞ്ജനക്കമ്മറ്റി കൂടുകയും 30 ദിവസങ്ങൾക്കുള്ളിൽ പ്രസ്തുത വിഷയത്തിൽ തീർപ്പുകല്പിക്കുകയും വേണം.

12. പരാതി ലഭിച്ച് 30 ദിവസത്തിനകം തീർപ്പുകല്പിക്കാനാവുന്നില്ലെങ്കിൽ അക്കാര്യം പരാതി നല്കിയ വ്യക്തിയെ/വ്യക്തികളെ അറിയിക്കേണ്ടതാണ്. ഫൊറോനാ വികാരിയുമായി ബന്ധപ്പെട്ട പരാതികളും തർക്കങ്ങളും രൂപതാതലത്തിലുള്ള അനുരഞ്ജനക്കമ്മറ്റിക്കാണ് നൽകേണ്ടത് (Diocesan Complaint Redressal Committee).

13. ഫൊറോനാ വികാരിയച്ചൻ തനിക്ക് ലഭിച്ച പരാതി ഫൊറോന അനുരഞ്ജനക്കമ്മറ്റിയുടെ സഹായത്തോടുകൂടി പഠിക്കുകയും പരിഹരിക്കാൻ ഉചിതമായ മാർഗ്ഗങ്ങൾ കണ്ടെത്തുകയും വേണം. പ്രശ്നം പരിഹരിക്കപ്പെടുന്ന മുറക്ക് എത്രയും വേഗം പരാതി നൽകിയ വ്യക്തിക്ക് സ്വീകരിച്ച നടപടി എഴുതി നൽകേണ്ടതാണ്. ഫൊറോനാ അനുരഞ്ജനക്കമ്മറ്റി സ്വീകരിച്ച നടപടികളുടെ ഭാഗമായി രൂപതാമെത്രാന്റെ ഇടപെടലുകൾ ആവശ്യമുള്ളതും മറ്റ് നടപടികൾ ആവശ്യമെന്ന് തോന്നുന്നതുമായ പ്രശ്നങ്ങൾ ഫൊറോന വികാരി രൂപതാമെത്രാന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അദ്ദേഹത്തിന്റെ വിവേചനത്തിനായി വിടുകയും വേണം.

14. ഫൊറോനാവികാരിയച്ചന് ഇടപെടാൻ സാങ്കേതികമായി സാദ്ധ്യമല്ലാത്തതും ഇടപെട്ടതിനുശേഷവും നിലനിൽക്കുന്നതുമായ പരാതികൾ രൂപതാ അനുരഞ്ജനക്കമ്മറ്റിക്കാണ് നൽകേണ്ടത്. രൂപതാ അനുരഞ്ജനക്കമ്മറ്റിക്ക് നൽകുന്ന എല്ലാ പരാതികളോടൊപ്പവും ഫൊറോന വികാരിയച്ചന്റെ ശിപാർശകത്തും ഉണ്ടായിരിക്കേണ്ടതാണ്. അതേസമയം അതീവഗൗരവതരമായ വിഷയങ്ങളിൽ തങ്ങളുടെ മെത്രാനെ പരാതിയുമായി സമീപിക്കാനുള്ള ദൈവജനത്തിന്റെ അവകാശവും ഏതുവിഷയത്തിലും സ്വതന്ത്രമായി തീരുമാനമെടുക്കാൻ കാനോനികമായി മെത്രാനുള്ള അധികാരവും അതേപടി നിലനിൽക്കുകയും ചെയ്യുന്നു. രൂപതാമെത്രാന് നൽകുന്ന എല്ലാ പരാതികളും അരമനപ്പത്രത്തിലായിരിക്കണം. അരമനപ്പത്രം എല്ലാ ഇടവകകളിലും രൂപതാകേന്ദ്രത്തിലും ലഭ്യമാണ്.

15. രൂപതാമെത്രാന് തനിക്ക് ലഭിക്കുന്ന പരാതികൾ അവയുടെ സ്വഭാവമനുസരിച്ച് ഇടവക, ഫൊറോന, രൂപതാ തലത്തിലുള്ള അനുരഞ്ജനക്കമ്മറ്റികൾക്ക് കൈമാറാവുന്നതാണ്. അതേസമയം, വൈദികരുടെയും ദൈവജനത്തിന്റെയും ആത്മരക്ഷയെക്കരുതി വേഗത്തിലും ഉചിതമായതുമായ തീരുമാനങ്ങൾ കൈക്കൊള്ളാൻ രൂപതാമെത്രാനുള്ള അവകാശവും അധികാരവും അതേപടി നിലനിൽക്കുകയും ചെയ്യുന്നു.

16. അനുരഞ്ജന കമ്മറ്റികൾ - ഇടവകാതലത്തിലുള്ളതും ഫൊറോനാതലത്തിലുള്ളതും രൂപതാതലത്തിലുള്ളതും- പ്രശ്നങ്ങളുടെ പരിഹാരത്തിനായുള്ള സംവിധാനങ്ങളാണ്. വ്യക്തികൾ, സംഘടനകൾ, പ്രസ്ഥാനങ്ങൾ എന്നിവയ്ക്ക് മേൽ നിയന്ത്രണങ്ങൾ കൊണ്ടുവരുവാനോ ശിക്ഷകൾ നല്കുവാനോ അവർക്ക് അധികാരമില്ല.

17. പരാതികൾ നല്കുന്നവർ മാധ്യമങ്ങളിലൂടെ അവ പ്രസിദ്ധീകരിക്കുന്നതും സഭയുടെ നടപടിക്രമങ്ങൾ മാധ്യമങ്ങൾക്ക് നൽകുന്നതും ശരിയായ ക്രൈസ്തവസാക്ഷ്യമല്ലാത്തതിനാൽ അപ്രകാരം ചെയ്യാൻ പാടുള്ളതല്ല.

18. പൊതുനിയമത്തിനും പ്രത്യേകനിയമത്തിനും വിരുദ്ധമായും സ്വാഭാവികനീതിക്കെതിരായും കമ്മറ്റികൾ കൈക്കൊള്ളുന്ന തീരുമാനങ്ങളും നല്കുന്ന നിർദ്ദേശങ്ങളും അവയിൽത്തന്നെ അസാധുവായിരിക്കും.

**2. രൂപതാ അനുരഞ്ജനക്കമ്മറ്റിയുടെ രൂപീകരണം**

1. സുരക്ഷിതചുറ്റുവട്ട പദ്ധതിയുടെ പരിധിയിൽ വരാത്തതും സഭാശുശ്രൂഷകർ തമ്മിൽത്തമ്മിലും സഭാശുശ്രൂഷകരും ദൈവജനവും തമ്മിലും ഉള്ള ബന്ധത്തിൽ ഉടലെടുക്കുന്ന പ്രശ്നങ്ങളും സാമ്പത്തിക ക്രയവിക്രയങ്ങളിൽ ഉണ്ടാകാവുന്ന ആശയക്കുഴപ്പങ്ങളും പരിഹരിക്കുന്നതിനുവേണ്ടി രൂപതാവൈദികരിൽ നിന്നും പാസ്റ്ററൽ കൗൺസിലിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവർ രൂപതാമെത്രാന്റെ അംഗീകാരത്തോടുകൂടി രൂപതാ അനുരഞ്ജനക്കമ്മറ്റിയായി പ്രവർത്തിക്കുന്നു (Diocesan Complaint Redressal Committee - DCRC).

2. രൂപതാ അനുരഞ്ജനക്കമ്മറ്റിയിൽ അഞ്ച് വൈദികരും രണ്ട് അത്മായരുമടക്കം സ്ഥിരാംഗങ്ങളായി ഏഴു പേർ ഉണ്ടായിരിക്കും.

3. രൂപതയിൽ സേവനം ചെയ്യുന്ന രൂപതാവൈദികർ ഫൊറോനാ അടിസ്ഥാനത്തിൽ നിർദ്ദേശിക്കുന്ന രൂപതാവൈദികരുടെ പാനൽ വോട്ടിനിട്ടാണ് രൂപതാ അനുരഞ്ജനക്കമ്മറ്റിയിലെ വൈദികരായ അഞ്ചംഗങ്ങളെ നിശ്ചയിക്കേണ്ടത്. ഇത്തരത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ കാലാവധി അഞ്ചുവർഷമായിരിക്കും.

4. രൂപതാ അനുരഞ്ജനക്കമ്മറ്റിയിൽ രൂപതാ പാസ്റ്ററൽ കൗൺസിലിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ഒരു പുരുഷനും ഒരു സ്ത്രീയും അംഗങ്ങളായിരിക്കും. പാസ്റ്ററൽ കൗൺസിലിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന അത്മായപ്രതിനിധികളുടെ കാലാവധി പാസ്റ്ററൽ കൗൺസിലിന്റെ തന്നെ കാലാവധിയായിരിക്കും.

5. അനുരഞ്ജനക്കമ്മറ്റിയിലേക്കുള്ള തിരഞ്ഞെടുപ്പ് പൂർത്തിയാക്കി 15 ദിവസങ്ങൾക്കുള്ളിൽ രൂപതാ വികാരി ജനറാൾ അനുരഞ്ജനക്കമ്മറ്റിയുടെ പ്രഥമയോഗം വിളിച്ചു ചേർക്കുകയും ഈ യോഗത്തിൽ വച്ച് യോഗാംഗങ്ങൾ കമ്മറ്റി ചെയർമാനെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ആളിന്റെ പേര് അംഗീകാരത്തിനായി അന്നുതന്നെ രൂപതാമെത്രാന് സമർപ്പിക്കുകയും അദ്ദേ

ഹത്തിന്റെ അംഗീകാരത്തോടെ അന്നുതന്നെ സത്യപ്രതിഞ്ജ ചെയ്ത് ശുശ്രൂഷാദൗത്യം ഏറ്റെടുക്കുകയും ചെയ്യുന്നു.

6. അംഗങ്ങൾ രാജിവെക്കുന്ന സാഹചര്യത്തിലും വൈദികർ ശുശ്രൂഷയിൽ നിന്ന് വിരമിക്കുന്ന സാഹചര്യത്തിലും അവരുടെ അംഗത്വം സംബന്ധിക്കുന്ന തീരുമാനം രൂപതാദ്ധ്യക്ഷനിൽ നിക്ഷിപ്തമായിരിക്കും.

7. പരാതികളുടെ സ്വഭാവമനുസരിച്ച് അനുരഞ്ജനക്കമ്മറ്റിക്ക് മറ്റ് വ്യക്തികളുടെയും വിദഗ്ധരുടെയും സഹായം തേടാവുന്നതാണ്.

**3. രൂപതാ അനുരഞ്ജനക്കമ്മറ്റിയുടെ പ്രവർത്തനം**

1. രൂപതാകേന്ദ്രത്തിൽ ലഭിക്കുന്ന പരാതികളിൽ അനുരഞ്ജന ക്കമ്മറ്റിയുടെ പരിധിയിൽ വരുന്നവ കമ്മറ്റി ചെയർമാന് കൈമാറേണ്ട താണ്.

2. ചെയർമാൻ തനിക്ക് ലഭിക്കുന്ന പരാതികൾ ഇടവകാതല ത്തിലും ഫൊറോനാതലത്തിലും പരിഗണിക്കപ്പെട്ടിട്ടുണ്ട് എന്നും ഫൊറോനാ വികാരിയച്ചന്റെ ശിപാർശയോടു കൂടിയുള്ളതാണ് എന്നും ഉറപ്പ് വരുത്തേണ്ടതാണ്. ഫൊറോനാ തലത്തിൽ പരിഗണിക്കപ്പെടാത്ത പരാതികൾ ഫൊറോനാ അനുരഞ്ജനക്കമ്മറ്റിക്ക് കൈമാറേണ്ടതും നിർദ്ദിഷ്ട സമയത്തിനുള്ളിൽ അത് പരിഹരിക്കപ്പെട്ടു എന്ന് ഉറപ്പുവരു ത്തേണ്ടതുമാണ്.

3. ഫൊറോനാ വികാരിയച്ചന്റെ ശിപാർശയോടു കൂടി ലഭിക്കുന്ന പരാതികൾ പഠിക്കുന്നതിനു വേണ്ടി പത്തു ദിവസത്തിനുള്ളിൽ ചെയർമാന്റെ അദ്ധ്യക്ഷതയിൽ കമ്മറ്റി കൂടണം. ഇതിന്റെ ക്വാറം നാല് ആയിരിക്കും. ആവശ്യമെങ്കിൽ അനുരഞ്ജനകമ്മറ്റിയിൽ നിന്ന് ഒരു മൂന്നംഗ കമ്മീഷനെ നിയോഗിക്കുകയും ചെയ്യണം. നിയോഗിക്കപ്പെടുന്ന കമ്മീഷന് പരാതിയുടെ സ്വഭാവമനുസരിച്ച് വിദഗ്ധരുടെ സഹായം തേടാവുന്നതാണ്.

4. പരാതി പഠിക്കുന്നതിന് വേണ്ടി നിയോഗിക്കപ്പെടുന്ന കമ്മീഷൻ അവരുടെ പഠനങ്ങളും റിപ്പോർട്ടും 30 കലണ്ടർ ദിവസ ങ്ങൾക്കുള്ളിൽ രൂപതാ അനുരഞ്ജനക്കമ്മറ്റി ചെയർമാന് കൈമാറേ ണ്ടതാണ്.

5. കമ്മീഷൻ പഠനങ്ങളും റിപ്പോർട്ടും ലഭിച്ച് പത്ത് ദിവസത്തി നുള്ളിൽ അനുരഞ്ജനക്കമ്മറ്റി ചേർന്ന് അത് ചർച്ച ചെയ്യുകയും പ്രശ്ന പരിഹാരത്തിനായുള്ള മാർഗ്ഗങ്ങൾ നിശ്ചയിക്കുകയും വേണം.

6. പരാതിയിന്മേലുള്ള അനുരഞ്ജന കമ്മറ്റിയുടെ കണ്ടെത്ത ലുകളും പരിഹാരമാർഗ്ഗങ്ങളും എഴുതി അടുത്ത ഏഴ് ദിവസങ്ങൾക്കു ള്ളിൽ രൂപാദ്ധ്യക്ഷന് കൈമാറേണ്ടതാണ്.

7. രൂപതാ അനുരഞ്ജനക്കമ്മറ്റിയുടെ നടപടിക്രമങ്ങൾ കൃത്യമായി രേഖപ്പെടുത്തുകയും ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

8. രൂപതാ അനുരഞ്ജനക്കമ്മറ്റിയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി അറിയാനിടയാകുന്ന വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കാൻ അംഗങ്ങൾ കടപ്പെട്ടിരിക്കുന്നു.

**4. വ്യവസ്ഥകൾ**

1. ഈ നിയമം 2020 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.
2. പരീക്ഷണാർത്ഥം ജനുവരി 1, 2020 മുതൽ രണ്ട് വർഷത്തേക്കായിരിക്കും ഈ നിയമാവലിയുടെ സാധുതാകാലാവധി.
3. ഈ നിയമാവലി പാസ്റ്ററൽ കൗൺസിൽ, വൈദികസമിതി എന്നിവയുമായുള്ള കൂടിയാലോചനകൾക്ക് ശേഷം ആവശ്യമെന്ന് കണ്ടാൽ റദ്ദ് ചെയ്യാനോ ഇവയിൽ നിന്ന് ഏതെങ്കിലും ഭാഗം വിട്ടുകളയാനോ കൂട്ടിച്ചേർക്കാനോ തിരുത്താനോ ഉള്ള അധികാരം രൂപതാദ്ധ്യക്ഷനിൽ നിക്ഷിപ്തമാണ്.
4. നിയമാവലി സംബന്ധിച്ച തർക്കവിഷയങ്ങളിൽ രൂപതാദ്ധ്യൻ നിയമിക്കുന്ന മൂന്നംഗകമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.
5. നിയമാവലിയിൽ മാറ്റങ്ങൾ വരുത്താൻ നിർദ്ദേശങ്ങൾ വെള്ളക്കടലാസിൽ എഴുതി പൂർണ്ണമേൽവിലാസം, തീയതി, ഒപ്പ് എന്നിവയോടെ സമിതിയുടെ ചെയർമാന്റെ പേർക്ക് അയക്കാവുന്നതാണ്.

ഇതിന് വിരുദ്ധമായ യാതൊന്നും നിലനിൽക്കുന്നതല്ല.

മാനന്തവാടി രൂപതാകാര്യാലയത്തിൽ നിന്ന് 2019 ഡിസംബർ മാസം 31-ന് നൽകപ്പെട്ടത്.

**ഫാ. ചാക്കോ പുല്ലൻകുന്നേൽ**
ചാൻസലർ

**ബിഷപ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതാ മെത്രാൻ

Prot. No. 22630/2019

# DECREE OF CONSTITUTION

## Diocesan Complaint Redressal Committee (DCRC)

After mature consideration and due consultations and in accordance with the canonical dispositions of the Church as well as after obtaining expert opinion, I hereby constitute a committee named *Diocesan Complaint Redressal Committee* (DCRC) on a stable basis with immediate effect. It is further decreed that the members of the said Committee shall be elected by the members of the diocesan clergy and the standing diocesan pastoral council and appointed by the eparchial bishop of Mananthavady in accordance with article art. 2.1. of the Statutes of the said Committee. The functioning of the said Committee shall be regulated by the mentioned Statutes. It is further decreed that the Convenor shall be elected by the priest members of the Diocesan Complaint Redressal Committee and confirmed by the eparchial bishop according to art. 2.5 of the Statues.

All contrary dispositions notwithstanding.

Given from the office of the bishop of Mananthavady on 30th December 2019.

**Fr Chacko Pullankunnel**
Chancellor

**Bishop Jose Porunnedom**
Bishop of Mananthavady

## പുരോഹിതൻ: ജീവിക്കുന്ന മിശിഹായെ പ്രഘോഷിക്കുന്നവൻ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

**(തിരുവചനഭാഗം: ശ്ലീഹ 25,1–27)**

പൗലോസിന്റെ വിചാരണ അതിന്റെ ഏറ്റം പ്രധാനപ്പെട്ട ഒരു ഘട്ടത്തിൽ എത്തുന്നത് ഈ അദ്ധ്യായത്തിലാണ്. പഴയ ഗവർണ്ണറായ ഫെലിക്സിന്റെ കീഴിൽ രണ്ടു കൊല്ലത്തിലധികമായി പൗലോസ് കേസറിയായിലെ കാരാഗൃഹത്തിലാണ്. സ്വാർത്ഥതയിലും ലൗകികസുഖത്തിലും കഴിഞ്ഞിരുന്ന അയാൾക്ക് പൗലോസിന്റെ കാര്യത്തിൽ യാതൊരു താല്പര്യവും ഇല്ലായിരുന്നു. സാമാന്യനീതിപോലും പൗലോസിനു നിഷേധിക്കപ്പെട്ടിരുന്നു. പുതിയ ഗവർണ്ണർ വന്ന പശ്ചാത്തലത്തിൽ പൗലോസിന്റെ കാര്യം നിർണ്ണായകമായി തീരുമാനിക്കപ്പെട്ടു. അതിന് ഇടയാക്കിയ സാഹചര്യങ്ങളാണ് ഈ അദ്ധ്യായം വിവരിക്കുന്നത്. ഈ അദ്ധ്യായം താഴെക്കാണുംവിധം വിഭജിക്കാം:

1. ഫേസ്തൂസിന്റെ മുമ്പിൽ വിചാരണ (25,1–7)
2. പൗലോസിന്റെ പ്രതിവാദം (25,8–12)
3. അഗ്രിപ്പായെ വിവരങ്ങൾ ധരിപ്പിക്കുന്നു (25,13–18)
4. അഗ്രിപ്പായുടെ മുമ്പിൽ വിസ്തരിക്കാൻ പശ്ചാത്തലമൊരുങ്ങുന്നു (25,19–22)
5. അഗ്രിപ്പായുടെ മുമ്പിൽ വിസ്തരിക്കപ്പെടുന്നു (25,23–27)

ഇപ്രകാരമുള്ള പശ്ചാത്തലത്തിൽ പൗലോസ് സ്വീകരിച്ച നിലപാടുകളിൽനിന്നും പൗരോഹിത്യ ആദ്ധ്യാത്മികതയ്ക്ക് പ്രചോദനമുൾക്കൊള്ളാൻ നമുക്കു പരിശ്രമിക്കാം.

### 1. പുരോഹിതൻ: ശാന്തതയോടെ വർത്തിക്കുന്നവൻ

*"എട്ടുപത്തു ദിവസത്തോളം അവരുടെയിടയിൽ താമസിച്ചതിനു ശേഷം അവൻ കേസറിയായിലേക്കു മടങ്ങിപ്പോയി. അടുത്തദിവസം അവൻ ന്യായാസനത്തിലിരുന്ന്, പൗലോസിനെ കൊണ്ടുവരാൻ കല്പിച്ചു. അവൻ വന്നപ്പോൾ, ജറുസലേമിൽനിന്ന് എത്തിയിരുന്ന യഹൂദന്മാർ അവന്റെ ചുറ്റുംനിന്ന് ഗുരുതരമായ പല കുറ്റങ്ങളും ആരോപിച്ചു; എന്നാൽ തെളിയിക്കാൻ അവർക്കു കഴിഞ്ഞില്ല"* (25,6–7).

പുതിയ ഭരണാധികാരിയായ ഫേസ്തൂസിന്റെ കീഴിൽ നടത്തപ്പെടുന്ന പൗലോസിന്റെ വിചാരണയാണ് ഈ അദ്ധ്യായത്തിൽ നാം

ആദ്യം കാണുന്നത്. പുതിയ ഗവർണ്ണറായി കേസറിയായിലെത്തിയ ഫേസ്തൂസ് ആദ്യം പോയത് ജറുസലേമിലേക്കാണ്. അവിടെ അദ്ദേഹം എത്തിയപ്പോൾ യഹൂദനേതാക്കൾ അദ്ദേഹത്തോട് പൗലോസിനെതിരെയുള്ള ആരോപണങ്ങളെക്കുറിച്ചു പറഞ്ഞു. അവരോടുള്ള ഒരു ആനുകൂല്യമെന്ന നിലയിൽ വിചാരണ നേരിടാനായി പൗലോസിനെ ജറുസലേമിലേക്ക് അയയ്ക്കണമെന്ന് അദ്ദേഹത്തോട് അവർ അഭ്യർത്ഥിച്ചു. പൗലോസിനെ എങ്ങനെയെങ്കിലും വധിക്കണമെന്ന യഹൂദനേതൃത്വത്തിന്റെ തീരുമാനം നടപ്പിലാക്കാനാണ് അവർ ഇപ്രകാരമൊരു അഭ്യർത്ഥന നടത്തിയത്.

എന്നാൽ ഫേസ്തൂസ് അവരോട് കേസറിയായിൽ ചെന്ന് ആരോപണങ്ങൾ നടത്താനാണ് നിർദ്ദേശിച്ചത്. അതിൻപ്രകാരം ഫേസ്തൂസ് കേസറിയായിൽ കോടതികൂടിയശേഷം പൗലോസിനെ അവിടെ ഹാജരാക്കി. അപ്പോൾ ജറുസലേമിൽനിന്നു വന്ന പ്രമുഖർ പൗലോസിനെതിരെ പല ആരോപണങ്ങൾ ഉയർത്തിയെങ്കിലും അതൊന്നും തെളിയിക്കാൻ അവർക്കു കഴിഞ്ഞില്ല. പൗലോസ് ശാന്തനായി നീതിരഹിതമായുള്ള തടവറവാസത്തെയും ഇപ്രകാരം നീട്ടിക്കൊണ്ടു പോകുന്ന വിസ്താരത്തെയുമെല്ലാം നേരിടുന്നതായിട്ടാണ് നാം കാണുന്നത്. അജപാലനശുശ്രൂഷ നിർവഹിക്കുന്ന പുരോഹിതനും ഇപ്രകാരമുള്ള നീതിരഹിതമായ സാഹചര്യങ്ങളെ നേരിടേണ്ടിവരും. അപ്പോഴെല്ലാം ദൈവപരിപാലനയിൽ വിശ്വസിച്ചുകൊണ്ട് ശാന്തമായി അവയെ നേരിടുവാൻ പുരോഹിതൻ ശ്രദ്ധിക്കണം.

**2. പുരോഹിതൻ: ക്രിയാത്മകമായി ശുശ്രൂഷ ചെയ്യുന്നവൻ**

*"പൗലോസ് തന്റെ പ്രതിവാദത്തിൽ ഇപ്രകാരം പ്രസ്താവിച്ചു: യഹൂദരുടെ നിയമങ്ങൾക്കോ ദൈവാലയത്തിനോ സീസറിനോ വിരുദ്ധമായി ഞാൻ ഒരു തെറ്റും ചെയ്തിട്ടില്ല"* (25,8).

പൗലോസ് അധികാരികളുടെ മുമ്പിൽ തന്റെ നിഷ്കളങ്കത പ്രഖ്യാപിച്ചുകൊണ്ട് പ്രസംഗിച്ചു. തടവിലായിരുന്ന രണ്ടു വർഷത്തിലധികംകാലം പൗലോസ് എന്തു ചെയ്യുകയായിരുന്നു എന്ന ചിന്ത വായനക്കാരിലുണ്ടാവുക സ്വാഭാവികമാണ്. തന്നെ തടവിൽ സൂക്ഷിക്കുന്നവരെ കുറ്റപ്പെടുത്തിയും വിമർശിച്ചും അവർക്കെതിരായ പക നിലനിർത്തിയും പൗലോസ് നിഷ്ക്രിയനായി കഴിയുകയായിരുന്നോ എന്നുള്ള സംശയം ഉണ്ടാകുക സ്വാഭാവികമാണ്. എന്നാൽ പൗലോസ് അപ്രകാരമല്ലായിരുന്നു എന്നതിന് നമുക്കു സൂചനകൾ ശ്ലീഹന്മാരുടെ നടപടിഗ്രന്ഥത്തിൽത്തന്നെയുണ്ട്. പൗലോസും സീലാസും ഫിലിപ്പി

യിൽ കാരാഗൃഹത്തിലടയ്ക്കപ്പെട്ടപ്പോൾ അവർ കീർത്തനംപാടി ദൈവത്തെ സ്തുതിക്കുകയായിരുന്നു (ശ്ലീഹ 16,25). കാരാഗൃഹത്തിന്റെ വാതിലുകൾ തുറക്കപ്പെട്ട് തടവുകാർ രക്ഷപെട്ടെന്നു ഭയപ്പെട്ട് ആത്മഹത്യയ്ക്കൊരുങ്ങിയ കാവൽക്കാരനെ അതിൽനിന്നും രക്ഷിച്ച് അയാളെയും കുടുംബത്തെയും സ്നാനപ്പെടുത്തി (ശ്ലീഹ 16,27–34).

അതുകൊണ്ട് ദീർഘമായ ഈ കാരാഗൃഹവാസകാലത്തും പൗലോസ് ക്രിയാത്മകമായ പ്രവർത്തനത്തിൽ, സുവിശേഷപ്രഘോഷണത്തിൽ ഏർപ്പെട്ടിരുന്നുവെന്നുവേണം ചിന്തിക്കുവാൻ. പൗലോസിന്റെ സുവിശേഷപ്രഘോഷണത്തിന്റെ അവശ്യസ്വഭാവമായിരുന്നു തന്നിലൂടെ സുവിശേഷം സ്വീകരിച്ച ജനങ്ങളെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുക എന്നത് (ശ്ലീഹ 14,21–22). ഈ കാലഘട്ടത്തിൽ പൗലോസ് തന്നിലൂടെ സുവിശേഷം സ്വീകരിച്ച സഭാംഗങ്ങളെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തിക്കൊണ്ട് ലേഖനങ്ങൾ എഴുതിക്കാണും എന്നു പറയുന്ന വ്യാഖ്യാതാക്കളുണ്ട്. പുരോഹിതൻ പ്രതികൂലസാഹചര്യങ്ങളിലും ക്രിയാത്മകമായ സുവിശേഷപ്രഘോഷണത്തിൽ പ്രവർത്തനനിരതനായിരിക്കണം എന്ന് ഇതു സൂചിപ്പിക്കുന്നുണ്ട്.

**3. പുരോഹിതൻ: ന്യായമായ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവൻ**

“എന്നാൽ, യഹൂദരോട് ഒരാനുകൂല്യം കാണിക്കാനാഗ്രഹിച്ചുകൊണ്ട് ഫേസ്തൂസ് പൗലോസിനോടു ചോദിച്ചു: ജറുസലേമിലേക്കു പോകാനും അവിടെ എന്റെ മുമ്പിൽവച്ച് വിസ്തരിക്കപ്പെടാനും നിനക്കു സമ്മതമാണോ? പൗലോസ് പറഞ്ഞു: ഞാൻ സീസറിന്റെ ന്യായസനത്തിങ്കലാണ് നില്ക്കുന്നത്. അവിടെത്തന്നെയാണ് ഞാൻ വിചാരണ ചെയ്യപ്പെടേണ്ടതും. നിനക്കു നന്നായി അറിയാവുന്നതുപോലെ, യഹൂദരോട് ഒരു തെറ്റും ഞാൻ ചെയ്തിട്ടില്ല. ഞാൻ തെറ്റുകാരനും വധശിക്ഷയർഹിക്കുന്ന എന്തെങ്കിലും ചെയ്തവനുമാണെങ്കിൽ മരിക്കാൻ ഒരുക്കമാണ്. എന്നാൽ, അവർ എന്റെമേൽ ചുമത്തുന്ന കുറ്റങ്ങളിൽ കഴമ്പില്ലെങ്കിൽ എന്നെ അവർക്കു വിട്ടുകൊടുക്കാൻ ആർക്കും കഴിയുകയില്ല. ഞാൻ സീസറിന്റെ അടുത്ത് ഉപരിവിചാരണ ആവശ്യപ്പെടുന്നു” (25,9–11).

ഫേസ്തൂസിന്റെ മുമ്പിൽ നടത്തിയ വിചാരണയിൽ പൗലോസ് തന്റെ ഭാഗം വ്യക്തമായി പറയുന്നുണ്ട്. താൻ ഒരു കുറ്റവും ചെയ്തിട്ടില്ല; യഹൂദരുടെ നിയമത്തിനോ ദൈവാലയത്തിനോ റോമൻ ചക്രവർത്തിയ്ക്കോ എതിരായി ഒരു കുറ്റവും താൻ ചെയ്തിട്ടില്ല എന്ന്

പൗലോസ് തറപ്പിച്ചു പറയുന്നു. ഈ അവസരത്തിലെ ഗവർണ്ണറുടെ ചോദ്യം (25,9) അനവസരത്തിലുള്ളതാണെന്നു വ്യക്തമാണ്. ഒരു തെറ്റും ചെയ്യാത്ത ഒരാളെ ജറുസലേമിലേക്കു കൊണ്ടുപോയി വിചാരണ നടത്തേണ്ടതില്ലല്ലോ. എന്നാൽ യഹൂദരെ പ്രീതിപ്പെടുത്താൻവേണ്ടി മാത്രമാണ് ഗവർണ്ണർ അങ്ങനെയൊരു ഇടപെടൽ നടത്തിയത്. ഇത് പൗലോസിനെക്കൊണ്ട് വലിയ ഒരു തീരുമാനം എടുപ്പിച്ചു. യഹൂദരുടെ ഗൂഢാലോചനയുടെ ഫലമായി തന്റെ ജീവൻ നഷ്ടപ്പെടുത്തേണ്ടതില്ല. അതിനുള്ള ഏക പോംവഴി റോമൻപൗരനായ തന്നെ ഉപരിവിചാരണയ്ക്കായി റോമൻ ചക്രവർത്തിയുടെ അടുത്ത് അയയ്ക്കാൻ അഭ്യർത്ഥിക്കുകയായിരുന്നു.

താൻ ദൈവനിശ്ചയമനുസരിച്ച് റോമിലെത്തേണ്ടവനാണെന്നും പ്രവചനത്തിലൂടെ (ശ്ലീഹ 21,11) പൗലോസിനറിയാമായിരുന്നു. ആ ദൈവത്തിന്റെ പരിപാലന തന്നോടൊപ്പമുണ്ടെന്നും പൗലോസിന് ബോദ്ധ്യമുണ്ടായിരുന്നു. അതുകൊണ്ട് പൗലോസ് വ്യക്തമായി പറഞ്ഞു: "ഞാൻ സീസറിന്റെ അടുത്ത് ഉപരിവിചാരണ ആവശ്യപ്പെടുന്നു" (25,11). മറുപടിയായി ഫേസ്തൂസും പറഞ്ഞു: "നീ സീസറിന്റെ അടുത്ത് ഉപരി വിചാരണ ആവശ്യപ്പെട്ടിരിക്കുന്നതിനാൽ, അവന്റെ അടുത്തേക്കുതന്നെ നീ പോകണം" (25,12). എതിർപ്പുകളുടെ മദ്ധ്യേ ദൈവഹിതപ്രകാരമുള്ള മാനുഷികമായ അവകാശങ്ങൾക്കുവേണ്ടി പുരോഹിതൻ ധീരതയോടെ നിലകൊള്ളണം.

**4. പുരോഹിതൻ: ജീവിക്കുന്ന മിശിഹായെ പ്രസംഗിക്കുന്നവൻ**

*"അവർ ഇവിടെ ഒരുമിച്ചുകൂടിയപ്പോൾ, ഒട്ടും താമസം വരുത്താതെ അടുത്ത ദിവസംതന്നെ ഞാൻ ന്യായാസനത്തിലിരുന്ന് ആ മനുഷ്യനെ കൊണ്ടുവരാൻ കല്പിച്ചു. വാദികൾ കുറ്റാരോപണം ആരംഭിച്ചപ്പോൾ, സങ്കല്പിച്ച തരത്തിലുള്ള ഒരു തിന്മയും അവന്റെമേൽ ചുമത്തിക്കണ്ടില്ല. എന്നാൽ, തങ്ങളുടെതന്നെ ചില അന്ധവിശ്വാസങ്ങളെക്കുറിച്ചും മരിച്ചുപോയെങ്കിലും ജീവിച്ചിരിക്കുന്നുവെന്നു പൗലോസ് സമർത്ഥിക്കുന്ന ഒരു ഈശോയെക്കുറിച്ചും മാത്രമേ അവർക്ക് അവനുമായി അഭിപ്രായഭിന്നത ഉണ്ടായിരുന്നുള്ളു"* (25,17-19).

പൗലോസിനെതിരായ ആരോപകർ കേസറിയായിൽ വന്നപ്പോൾ പൗലോസിനെ ഗവർണ്ണറുടെ മുമ്പിൽ ഹാജരാക്കുകയും, വിചാരണയുടെ മദ്ധ്യേ അവർ ഗവർണ്ണർ പ്രതീക്ഷിക്കാത്ത തരത്തിലുള്ള ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്തു (25,17-18). അവരുടെ മതത്തെയും മരണമടഞ്ഞ ഈശോ എന്ന മനുഷ്യനെയും പറ്റിയുള്ള അഭിപ്രായവ്യത്യാസ

ങ്ങളാണ് അവരുടെ ആരോപണങ്ങളിൽ ഉണ്ടായിരുന്നത്. മരിച്ച ഈശോ ജീവിച്ചിരിക്കുന്നുവെന്ന് പൗലോസ് ഉറപ്പിച്ചു പറയുന്നു. ഇതിൽ എങ്ങനെ തീരുമാനമെടുക്കണമെന്നറിയാതെ കുഴഞ്ഞപ്പോഴാണ് ഉപരി വിചാരണയ്ക്കുള്ള പൗലോസിന്റെ അഭ്യർത്ഥനക്കനുസൃതമായി സീസറിന്റെ അടുക്കൽ പോകുവാൻ പൗലോസിനെ അനുവദിച്ചത്.

ജീവിക്കുന്ന മിശിഹായെ പ്രസംഗിക്കുക എന്നത് ക്രിസ്തീയ വിശ്വാസത്തിന്റെ പ്രധാനപ്പെട്ട ഒരു വസ്തുതയാണ്. ക്രിസ്ത്യാനി കളിൽത്തന്നെ പലരും ചരിത്രപുരുഷനായി മരിച്ച മിശിഹായുമായുള്ള ബന്ധത്തിലാണ് കഴിയുന്നതും ആ മിശിഹായെക്കുറിച്ചാണ് പ്രസംഗി ക്കുന്നതും. കേവലം ഭക്തിപരമായ ഒരു ബന്ധം മിശിഹായോടു പുലർത്തുകയും മിശിഹായുടെ ആദർശങ്ങൾക്കനുസൃതമായി ജീവിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ജീവിതം ശരിയായ ക്രിസ്തീയ ജീവിതമല്ല. മിശിഹാ ഇന്ന് സഭയിൽ ജീവിക്കുന്നു. അതുകൊണ്ട് സഭയുടെ കൂദാശകളിലും പ്രാർത്ഥനകളിലും കൂട്ടായ്മയിലും സജീവ മായി പങ്കുചേർന്നുകൊണ്ടുവേണം യഥാർത്ഥ ക്രിസ്തീയജീവിതം നയി ക്കുവാൻ. ഇപ്രകാരം ജീവിക്കുവാൻ സഭാമക്കൾക്ക് നേതൃത്വം കൊടു ക്കേണ്ടവനാണ് പുരോഹിതൻ.

**5. പുരോഹിതൻ: നീതിപൂർവ്വം ശുശ്രൂഷ ചെയ്യേണ്ടവൻ**

*"ഫേസ്തൂസ് പറഞ്ഞു: അഗ്രിപ്പാരാജാവേ, ഞങ്ങളോടൊപ്പം ഇവിടെ സന്നിഹിതരായിരിക്കുന്നവരേ, ഈ മനുഷ്യനെ നിങ്ങൾ കാണുന്നുവല്ലോ. ഇവനെതിരായിട്ടാണ്, യഹൂദജനത മുഴുവൻ ജറുസലേമിൽവച്ചും ഇവിടെവച്ചും ഇവന് ഇനി ജീവിക്കാൻ അർഹത യില്ല എന്നു പറഞ്ഞ് ബഹളംകൂട്ടി എന്നോടു പരാതിപ്പെട്ടത്. എങ്കിലും, വധശിക്ഷയ്ക്ക് അർഹമായ കുറ്റമൊന്നും ഇവൻ ചെയ്തിട്ടുള്ളതായി ഞാൻ കണ്ടില്ല. എന്നാൽ, അവൻ തന്നെ ചക്രവർത്തിയുടെ മുമ്പാകെ മേൽവിചാരണയ്ക്ക് അപേക്ഷിച്ചിരിക്കുന്നതിനാൽ അവനെ അങ്ങോട്ട് അയയ്ക്കാൻ ഞാൻ തീരുമാനിച്ചിരിക്കുകയാണ്"* (25,24-25).

ഫേസ്തൂസിന്റെ രണ്ടാമത്തെ പ്രഭാഷണമാണ് (25,24-27) ഈ ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നത്. പൗലോസിനെ അഗ്രിപ്പാരാജാ വിന്റെ മുമ്പിൽ വിചാരണ നടത്തുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. ഗവർണ്ണർ പൗലോസിനെ വിചാരണയ്ക്കായി ഹാജരാക്കി. വധശിക്ഷ അർഹിക്കുന്ന കുറ്റമൊന്നും അദ്ദേഹം ചെയ്തതായി ഗവർണ്ണർ കാണു ന്നില്ല എന്ന് അദ്ദേഹം വ്യക്തമായി പറയുന്നു (25,25). ഫേസ്തൂസിനു മുമ്പുണ്ടായിരുന്ന ഫെലിക്സിനും ഈ നിലപാടുതന്നെയാണ് ഉണ്ടാ

യിരുന്നത്. കുറ്റമൊന്നും ചെയ്യാത്ത പൗലോസിനെ വിട്ടയയ്ക്കാതെ ഇപ്രകാരം തടങ്കലിൽ സൂക്ഷിച്ചത് ഗവർണ്ണർമാരുടെ ഭാഗത്തുനിന്നുണ്ടായ ഗൗരവതരമായ വീഴ്ചയാണ്, നീതി നിഷേധിക്കലാണ് എന്നതിനു സംശയമൊന്നുമില്ല. മനുഷ്യരെ ഭയപ്പെട്ടോ, മനുഷ്യരുടെ പ്രീതി ആഗ്രഹിച്ചോ, മറ്റുള്ള ആനുകൂല്യങ്ങൾ പ്രതീക്ഷിച്ചോ ആകാം അവർ ഈ നിലപാട് സ്വീകരിച്ചത്.

ഭരണപരമായ തലങ്ങളിൽ പുരോഹിതരും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്. കാരണം അവരും മനുഷ്യരാണ്. മാനുഷിക പരിഗണനകൾ ഭരണപരമായ കാര്യങ്ങളിൽ അവരെ സ്വാധീനിക്കാൻ സാദ്ധ്യതയുണ്ട്. "Justice delayed is justice denied". നീതി താമസിപ്പിക്കുന്നത് നീതി നിഷേധിക്കുന്നതിനു തുല്യമാണ്. അതുകൊണ്ട് അജപാലന ശുശ്രൂഷാരംഗത്ത് ഇക്കാര്യത്തിൽ വീഴ്ച വരുത്താതിരിക്കാൻ പുരോഹിതർ പ്രത്യേകം ശ്രദ്ധിക്കണം.

**ജീവിതസൂചിക**

1. പ്രതികൂലസാഹചര്യങ്ങളിൽ ദൈവപരിപാലനയിൽ വിശ്വസിച്ച് ശാന്തമായി അവയെ നേരിടുവാൻ എനിക്കു കഴിയുന്നുണ്ടോ?
2. പ്രതികൂലസാഹചര്യങ്ങളുടെ മദ്ധ്യേ ക്രിയാത്മകമായി ശുശ്രൂഷ ചെയ്യുവാൻ എനിക്ക് എത്രമാത്രം സാധിക്കുന്നുണ്ട്?
3. എതിർപ്പുകളുടെ മദ്ധ്യേ ന്യായമായ അവകാശങ്ങൾക്കുവേണ്ടി ധീരതയോടെ നിലകൊള്ളുവാൻ എനിക്കു സാധിക്കുന്നുണ്ടോ?
4. സഭയിൽ ജീവിക്കുന്ന മിശിഹായെ പ്രസംഗിക്കുവാനും പ്രഘോഷിക്കുവാനും ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?
5. യഥാസമയം നീതിപൂർവ്വം ശുശ്രൂഷാപരമായ കടമകൾ നിർവഹിക്കുവാൻ ഞാൻ എത്രമാത്രം ശ്രദ്ധിക്കുന്നുണ്ട്?

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ഫെബ്രുവരി 1-ാം തീയതി ബഹു. ജോസഫ് മഞ്ചുവള്ളിൽ അച്ചന്റെയും, 7-ാം തീയതി ബഹു. പീറ്റർ ചെറുകരമുട്ടം അച്ചന്റെയും 15-ാം തീയതി ബഹു. ജെയിംസ് കരോട്ടച്ചന്റെയും മാർച്ച് 3-ാം തീയതി ബഹു. ജോർജ്ജ് മൂലയിൽ അച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും നമുക്കോർക്കാം.

**തിരുബാലസഖ്യം ഫെബ്രുവരി 09 ഞായറാഴ്ച**

ഫെബ്രുവരി 09 ഞായറാഴ്ച തിരുബാലസഖ്യദിനമായി ആചരിക്കുന്നു. അന്നേ ദിവസത്തെ സ്തോത്രകാഴ്ച തിരുബാലസഖ്യ പ്രവർത്തനങ്ങൾക്കായി അയച്ചു കൊടുക്കുവാൻ എത്രയുംവേഗം രൂപതാകേന്ദ്രത്തിലെത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## Ongoing Formation for Priests

വൈദികർക്ക് വേണ്ടിയുള്ള തുടർ പരിശീലനത്തിന്റെ ഭാഗമായി നടത്തപ്പെടുന്ന കോഴ്സ് 2020 മെയ് മാസത്തിൽ രണ്ട് ബാച്ചുകളിലായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്. ബഹു. ശാന്തി PIME ആയിരിക്കും ക്ലാസ്സുകൾ നയിക്കുന്നത്. ആദ്യ ബാച്ചിനുള്ള കോഴ്സ് മെയ് 3 ഞായറാഴ്ച വൈകുന്നേരം 6.30 ന് ആരംഭിച്ച് 8 ന് വെള്ളിയാഴ്ച രാവിലെ അവസാനിക്കുന്നു. രണ്ടാമത്തേ ബാച്ച് 24 ഞായറാഴ്ച വൈകുന്നേരം 6.30 ന് ആരംഭിച്ച് 29 ന് രാവിലെ അവസാനിക്കുന്നു. ഓരോ ബാച്ചിലും പങ്കെടുക്കേണ്ടവരുടെ പേരുകൾ ചുവടെ ചേർക്കുന്നു. എല്ലാവരും നിർബന്ധമായും ഈ കോഴ്സിൽ പങ്കെടുക്കണം. അതിനാൽ വ്യക്തിപരമായ കാര്യങ്ങളും ഇടവകയുടെയും, സ്ഥാപനങ്ങളുടെയും, സംഘടനകളുടെയും, കാര്യങ്ങളും മുൻകൂട്ടി ക്രമീകരിച്ച് ക്ലാസിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

**No. Rev. Fathers**

**1st Bacth**

1. Chittarackal Varghese (Sanoj)
2. Vettickal John (Prakash)
3. Palakkattu Antony (Nidhin)
4. Vattukulathil Mathew (Jibin)
5. Vadassery Thomas (Saneesh)
6. Chirayilparambil Thomas (Anto)
7. Thattuparambil Varghese (Jinto)
8. Chakkulathil Joseph (Tibin)
9. Kalarickal Paul (Geofry)
10. Karuthedath Mathew (Rajeesh)
11. Elemkunnel Joseph (Tony)
12. Oravaranthara Vincent (Santhosh)
13. Chakkalackal Joseph (Ajin)
14. Chavaranal Thomas (Nikhil)
15. Kanipallil Varghese (Georgekutty)
16. Thenpallil Sebastian (Nishvin)
17. Kalappurackal Abraham (Vinoy)
18. Thalachira George (Nidheesh)
19. Pezhakkattil Francis (Ribin)
20. Alackathadathil James (Nidhin)
21. Thekkethil Abraham (Prince)
22. Kalappurackal Mathew (Vipin)
23. Edachilath Joseph (Jithin)
24. Kunnath Joseph (Akhil)
25. Muttappallil Joseph (Giphin)
26. Mulakodiyankal Sebastian (Jofin)
27. Madathiparambil Devasia (Arun)

**2nd Bactch**

1. Edakkudiyil Mathew (Sijo)
2. Kalambukattu Joseph (Jaimon)
3. Palathadathil George (Jinoj)
4. Pullankunnel Chacko (Sijeesh)
5. Punnakkapadavil Sebastian (Biju)
6. Kizhakkanputhupally Varghese (Pratheesh)
7. Puthukattil Mathew (Jainesh)
8. Iykkarakkanayil Thomas (Shiju)
9. Kalliyatt Devassia (Jaison)
10. Kattamkottil Thomas (Aneesh)
11. Kavalakkadan Varghese (Manoj)
12. Madathil Sebastian (Sunil)
13. Ambalathara Francis (Santo)
14. Kattath Thomas (Aneesh)
15. Venakuzhiyil Mathai (Shijo)
16. Elamkunnapuzha Joseph (Sijo)
17. Alumkal Joseph (Anish)
18. Madapallikunnel Antony (Sibi)
19. Parackal Varghese (Noble)
20. Pulikuzhiyil Abraham (Shinto)
21. Peechattu Joseph (Jithin)
22. Chirackathottathil Augustine (Sijesh)
23. Thevarkunnel Don Bosco (Bivaldin)
24. Kollamkunnel Varghese (Anoop)
25. Thekkilakkattil Mathew (Jomesh)

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

**ബത്തേരി മേഖല**

ബത്തേരി ഫൊറോനയിലെ ജനുവരി മാസത്തിലെ വൈദികരുടെയും സന്യസ്തസഹോദരങ്ങളുടെയും മാസധ്യാനം വാകേരി സെന്റ് ആന്റണീസ് ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ഇടവക വികാരി ഫാ.ലാൽ പൈനുങ്കൽ ഏവരേയും സ്വാഗതം ചെയ്തു. ഫാ. ചാക്കോ ധ്യാനചിന്തകൾ പങ്കുവെച്ചു. വിശുദ്ധ മത്തായിയുടെ സുവിശേഷം 7:21 മുതലുള്ള വചനങ്ങളെ അടിസ്ഥാനപ്പെടുത്തി ആഴമുള്ള കെട്ടുറപ്പുള്ള നല്ല ഭവനങ്ങൾ നിർമ്മിക്കുന്നപോലെ ഉറപ്പുള്ള പുരോഹിതരാകാൻ നാം ശ്രമിക്കണമെന്ന് അച്ചൻ ഓർമ്മിപ്പിച്ചു.

തുടർന്നുള്ള ചർച്ചകൾക്ക് ഫൊറോനാ വികാരി ബഹു. ജെയിംസ് പുത്തൻപറമ്പിൽ അച്ചൻ നേതൃത്വം നൽകി. ജനുവരി മാസത്തിൽ നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന സെബാസ്റ്റ്യൻ ഉണ്ണിപ്പള്ളി അച്ചന് ആശംസകൾ നേർന്നു. തുടർന്ന് ജനുവരി മാസത്തിൽ പൗരോഹിത്യ സ്വീകരണ വാർഷികം ആഘോഷിച്ച അച്ചന്മാരെ അനുമോദിച്ചു. വിവിധ ഭക്തസംഘടനകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. മതബോധനം: പ്ലസ്ടു മേഖല സംഗമം 5-1-2020 ബത്തേരി ഫൊറോന പള്ളിയിൽ വച്ച് നടത്തി. ഫാ. നോബിൾ പാറക്കൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. പ്ലസ് വൺ, പ്ലസ് ടു വാർഷിക പരീക്ഷകൾ ഫെബ്രുവരി 2 ഞായറാഴ്ച അസംപ്ഷൻ ദേവാലയത്തിൽ വച്ച് നടത്തപ്പെടുമെന്നറിയിച്ചു. കെ.സി.വൈ.എം. ക്രിസ്തുമസ് ട്രീ മത്സരം നടത്തി. മേഖലയിൽ പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെ സംഗമം നടത്തുകയും പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു. മേഖലയിലെ പ്രവർത്തനങ്ങൾക്ക് ഫണ്ട് സ്വരൂപിക്കുവാൻ പള്ളികളുടെ ഗ്രേഡ് അനുസരിച്ച് മറ്റ് സംഘടനകളുടെ പോലെ വീതിച്ചു നൽകാൻ തീരുമാനിച്ചു. മാതൃവേദി മേഖല വാർഷികം നടത്തി. ചെറുപുഷ്പ മിൻൽലീഗ്: തിരുബാല സംഖ്യ മത്സരം നടത്തി.

സാമുദായിക ഇടപെടലുകളിൽ നമ്മൾ പിന്നോട്ട് പോകുന്നുവെന്ന് യോഗം വിലയിരുത്തി. സമൂഹത്തിന്റെ സ്വപ്നങ്ങൾ തിരിച്ചറിയാനും പരിപോഷിപ്പിക്കാനും നമ്മുടെ ഇടപെടലുകൾ സാമുദായിക മേഖലയിൽ അത്യന്താപേഷിതമാണ്. അതുപോലെ സംഘബലത്തിലൂടെ

നമ്മുടെ ആവശ്യങ്ങൾ നേടിയെടുക്കാൻ നമ്മുടെ സാമുദായിക സംഘടനകളെ നാം പരിപോഷിപ്പിച്ചെങ്കിലേ ഗവൺമെന്റ് തലത്തിൽ എന്തെങ്കിലും സമ്മർദ്ധങ്ങൾ ചെലുത്തുവാൻ നമുക്ക് സാധ്യമാകു. നേതൃത്വപാടവമുള്ള നല്ല അത്മായ നേതൃത്വങ്ങളെ വാർത്തെടുക്കുവാൻ നമ്മുടെ ഭക്തസംഘടനകളിലൂടെ നമുക്ക് സാധ്യമാകണം. ഫെബ്രുവരി മാസത്തെ മാസധ്യാനം ചുള്ളിയോട് പള്ളിയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

**ഫാ. അനീഷ് ആലുങ്കൽ**

സെക്രട്ടറി

**നീലിഗിരി**

ഗൂഡല്ലൂർ നീലഗിരി മേഖലയിലെ വൈദികരുടെ മാസധ്യാനം ജനുവരി 7-ാം തിയ്യതി ചൊവ്വാഴ്ച നീലഗിരി റീജണൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു. ബഹു. ഫാ. ബിനോയി കാശാംകുറ്റിയിൽ സ്വാഗതം ആശംസിച്ചു. CMI അച്ചന്മാരുടെ നേതൃത്വത്തിൽ വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ ആഘോഷിച്ചു. റീജണൽ ഡയറക്ടർ ബഹു. തോമസ് മണക്കുന്നേലച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ KCYM ഡയറക്ടർ ബഹു. ഫാ. റോബിൻ പടിഞ്ഞാറയിൽ KCYM ന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സമ്മാന കൂപ്പൺ എല്ലാ ഇടവകകളും ജനുവരി 25 ന് മുൻപായി എത്തിക്കണമെന്ന് അറിയിച്ചു. ജനുവരി 15 ന് KCYM മേഖല ഭാരവാഹികകളുടെ തിരഞ്ഞെടുപ്പ് നീലഗിരി റീജണൽ സെന്ററിൽ വച്ചു നടത്തുവാൻ തീരുമാനിച്ചു. മാതൃവേദി മേഖലാ ഡയറക്ടർ സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു. ബൈബിൾ എഴുത്ത് മത്സരത്തിന്റെ നറുക്കെടുപ്പ് മേഖലാ എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ നടത്തുവാൻ യോഗത്തിൽ തീരുമാനിച്ചു. CML ഡയറക്ടർ മേഖലാ പ്രവർത്തനങ്ങളെ വിലയിരുത്തി സംസാരിച്ചു. തിരുബാലസഖ്യമത്സരം ജനുവരി 15 ന് മൺവയൽ വച്ച് നടത്താമെന്ന് യോഗം തീരുമാനിച്ചു. സൺഡേസ്കൂൾ +1, +2 വിദ്യാർത്ഥികളുടെ വാർഷിക പരീക്ഷ ഫെബ്രുവരി 2 ന് മേഖലയിലെ 4 സെന്ററുകളിൽ വച്ച് നടത്തുന്നതാണെന്ന് മേഖലാ മതബോധന ഡയറക്ടർ ബഹു. ഫാ. തോമസ് മണക്കുന്നേലച്ചൻ അറിയിച്ചു. ഫെബ്രു. 23 ന് സൺഡേസ്കൂൾ രൂപത, നീലഗിരി വാർഷിക പരീക്ഷ നടക്കുന്നതായിരിക്കും എന്ന് അറിയിച്ചു. NDS ഡയറക്ടർ ബഹു. ഫാ. ബിനോയി

കാശാംകുറ്റിയിൽ ഓൺലൈൻ മാരേജ് റജിസ്ട്രേഷനെക്കുറിച്ച് സംസാരിച്ചു. തുടർന്ന് ചർച്ചകൾ നടത്തി. കൂൺകൃഷി, പേപ്പർബാഗ്, ക്ലോത്ത് ബാഗ് നിർമ്മാണത്തിനുള്ള ട്രെയിനിംഗ് WSSS ന്റെ നേതൃത്വ ത്തിൽ നടത്തുവാൻ തീരുമാനിച്ചു. ചർച്ചയ്ക്കുശേഷം ബഹു. സജി പുതുകുളങ്ങര അച്ചൻ ധ്യാനചിന്തകൾ പങ്കുവയ്ക്കുകയും തുടർന്നുള്ള ആരാധനയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. ധർമ്മഗിരി ഇടവകാ വികാരി ബഹു. ഫാ. റോബിൻ പടിഞ്ഞാറയിൽ എല്ലാവർക്കും നന്ദി പറഞ്ഞു. അടുത്ത മാസധ്യാനം ഫെബ്രുവരി 12 ന് നീലഗിരി മേഖല യിലെ വൈദികരും സമർപ്പിതരും സംയുക്തമായി നടത്തുവാൻ തീരു മാനിച്ചു.

**ഫാ. ജയൻ മണ്ണുകുളം TOR**
സെക്രട്ടറി

## HDC പരീക്ഷ

HDC എഴുത്തു പരീക്ഷ ഫെബ്രുവരി 1–ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 1.00 മണിവരെ രൂപതാ മതബോധന കേന്ദ്രത്തിലും മണിമൂളി High School ലും വച്ച് നടത്തപ്പെടുന്നു. HDC വാചിക പരീക്ഷ ഫെബ്രുവരി 16–ാം തിയ്യതി ദ്വാരകയിൽ വച്ച് നടത്തപ്പെടുന്നു. മണിമൂളി വൈവ ഫെബ്രുവരി 2–ാം തിയ്യതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.00 മണി മുതൽ മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. എഴുത്തു പരീക്ഷക്ക് വരുമ്പോൾ ഓരോരുത്തരുടേയും വൈവയുടെ സമയം ഓഫീസിൽനിന്ന് മനസ്സിലാക്കേണ്ടതാണ്.

## HCC (XI, XII) യൂണിവേഴ്സിറ്റി പരീക്ഷ ഫെബ്രുവരി 2–ന്

കാലിക്കറ്റ് യൂണിവേഴ്സിറ്റി ചെയർ ഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസ് നടത്തുന്ന HCC (Plus One, Plus Two) പരീക്ഷകൾ ഫെബ്രുവരി 2–ന് ഞായറാഴ്ച രാവിലെ 11.00 മണി മുതൽ 1.00 മണി വരെ നടത്തുന്നതാണ്. പരീക്ഷയ്ക്കുവേണ്ട സഹായവും ക്രമീകരണങ്ങളും പരീക്ഷാകേന്ദ്രത്തിലെ ബഹു. വികാരിയച്ചനും, മേഖലാഡയറക്ടറും, മേഖലാ ടീം അംഗങ്ങളുമാണ് ഒരുക്കുന്നത്.

**പരീക്ഷാ സെന്ററുകൾ**

1. ബത്തേരി ഫൊറോന – ബത്തേരി
2. ചുങ്കക്കുന്ന് ഫൊറോന – ചുങ്കക്കുന്ന്
3. ദ്വാരക ഫൊറോന – ദ്വാരക
4. കല്ലോടി ഫൊറോന – കല്ലോടി
5. കൽപ്പറ്റ ഫൊറോന – കൽപ്പറ്റ
6. മാനന്തവാടി ഫൊറോന – മാനന്തവാടി കത്തീഡ്രൽ
7. മണിമൂളി ഫൊറോന – മണിമൂളി
8. മുള്ളൻകൊല്ലി ഫൊറോന – മുള്ളൻകൊല്ലി
9. നടവയൽ ഫൊറോന – നടവയൽ (കല്ലുവയൽ, കേണിച്ചിറ, നടവയൽ, നെയ്ക്കുപ്പ, വാളവയൽ), ചുണ്ടക്കര (അരിഞ്ചേർമല, ചുണ്ടക്കര, പറളിക്കുന്ന്, കണിയാമ്പറ്റ, കുറുമ്പാലക്കോട്ട), ചെറുകാട്ടൂർ (ചെറുകാട്ടൂർ, പനമരം)

10. നിലമ്പൂർ ഫൊറോന - നിലമ്പൂർ

11. നീലഗിരി റീജിയൺ - അരുൾനിലയം (അരുൾനിലയം, ധർമ്മഗിരി, ബോസ്പാറ, മൺവയൽ, വിമലഗിരി)

കയ്യൂന്നി (കയ്യൂന്നി, പനംച്ചിറ), ഊട്ടി (ഊട്ടി, കുന്നൂർ), കൽപ്ര (കൽപ്ര, ബെക്കി, കുന്നലാടി)

12. പയ്യമ്പള്ളി ഫൊറോന - പയ്യമ്പള്ളി

13. തരിയോട് ഫൊറോന - തരിയോട്

**പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച്**

1. പരീക്ഷാ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം മേഖലാ ഡയറക്ടർമാരുടെ നേതൃത്വത്തിൽ മേഖലാ ടീം അംഗങ്ങൾക്കായിരിക്കും. പരീക്ഷാ സെന്ററിലെ ബഹു. വികാരിയച്ചനുമായി ആലോചിച്ച് ആവശ്യമായ ഒരുക്കങ്ങൾ ചെയ്യേണ്ടതാണ്.
2. പരീക്ഷാസമയത്തിനുമുമ്പ് കുട്ടികളുടെ രജിസ്റ്റർ നമ്പർ എഴുതി പരീക്ഷാഹാൾ ക്രമീകരിക്കേണ്ടതാണ്.
3. പരീക്ഷയ്ക്ക് 30 മിനിറ്റ് മുമ്പ് (10.30 ന്) കുട്ടികളെ പരീക്ഷാഹാളിൽ പ്രവേശിപ്പിക്കുക. 10.45 ന് ചോദ്യപേപ്പറുകൾ നൽകുക. 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ആണ്. 11 മണിക്ക് ഉത്തരക്കടലാസുകൾ നൽകുക. 1.00 മണിവരെയാണ് പരീക്ഷാസമയം.
4. പരീക്ഷാസമയം കൃത്യമായി പാലിക്കേണ്ടതാണ്. പരീക്ഷ തുടങ്ങി അരമണിക്കൂർ കഴിഞ്ഞു വരുന്ന പരീക്ഷാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കേണ്ടതില്ല.
5. വിദ്യാർത്ഥികൾക്ക് പരീക്ഷഹാളിൽ Mobile Phone അനുവദിനീയമല്ല.
6. പരീക്ഷ കഴിഞ്ഞ് മേഖലാ ഡയറക്ടറുടെ സാന്നിധ്യത്തിൽ ഉത്തരക്കടലാസുകൾ എണ്ണി തിട്ടപ്പെടുത്തി, രജിസ്റ്റർ നമ്പറിന്റെ ക്രമപ്രകാരം അടുക്കി പായ്ക്ക്ചെയ്ത് മതബോധന കേന്ദ്രത്തിൽ ഫെബ്രുവരി 3 തിങ്കളാഴ്ച 4.30 ന് മുമ്പ് എത്തിക്കണം.
7. പരീക്ഷാർത്ഥിയുടെ കൈവശം ഹാൾടിക്കറ്റ് ഉണ്ടായിരിക്കണം. ഹാൾടിക്കറ്റ് ഇല്ലാത്തവരെ പരീക്ഷ എഴുതുവാൻ അനുവദിക്കേണ്ടതില്ല.
8. പരീക്ഷ എഴുതുവാനുള്ള ആൻസർ ബുക്ക്, അഡീഷണൽ ഷീറ്റ് തുടങ്ങിയവ യൂണിവേഴ്സിറ്റി സീലോടുകൂടി നൽകുന്നതാണ്. സീലില്ലാത്ത പേപ്പറുകൾ മൂല്യനിർണ്ണയം ചെയ്യുന്നതല്ല.

**പ്ലസ് വൺ പ്ലസ് ടു അസൈൻമെന്റുകൾ**

പ്ലസ് വൺ പ്ലസ് ടു അസൈൻമെന്റുകൾ ക്ലാസ്സ് ടീച്ചേഴ്സ് വില യിരുത്തി അതിന്റെ മാർക്ക് രൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന ഇന്റേണൽ അസസ്മെന്റ് ഫോറത്തിൽ ചേർക്കേണ്ടതാണ്. ഓരോ ഇടവകയിൽ നിന്നും രണ്ട് അസൈൻമെന്റുകൾ യൂണിവേഴ്സിറ്റിയിൽ കൊടുക്കേണ്ടതാണ്. ഓരോ ഇടവകയിൽ നിന്നും യൂണിവേഴ്സിറ്റി ആവശ്യപ്പെട്ടിരിക്കുന്ന അസൈൻമെന്റുകൾ (ക്ലാസ്സ് രജിസ്റ്ററിലെ ലാസ്റ്റ് നമ്പർ പെൺകുട്ടിയുടേയും ആൺകുട്ടിയുടേയും) പരീക്ഷ നടക്കുന്ന ദിവസം പരീക്ഷാ സെന്ററിലെ സൂപ്പർവൈസറെ ഏൽപ്പിക്കേണ്ടതാണ്.

**ഇന്റേണൽ അസസ്മെന്റ്**

പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകളിലെ ഇന്റേണൽ അസസ്മെന്റ് മാർക്ക് രൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന നിശ്ചിത ഫോറ ത്തിൽ തയ്യാറാക്കി പരീക്ഷ നടക്കുന്ന ദിവസം മേഖലാ സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്.

**ചോദ്യപേപ്പർ**

HCC പരീക്ഷയുടെ ചോദ്യപേപ്പർ, ആൻസർ ഷീറ്റ് എന്നിവ രൂപതാ സെക്രട്ടറിമാർ ജനുവരി 30-ാം തിയ്യതി രൂപതാ ഓഫീസിൽ നിന്നും ജനുവരി 31-ാം തിയ്യതി St. Joseph's book stall -ൽ (ചുങ്ക ക്കുന്ന്, മാനന്തവാടി, പയ്യംമ്പള്ളി, കല്ലോടി ഫൊറോനകൾ) നിന്നും എടുക്കാൻ ശ്രദ്ധിക്കണം.

**പരീക്ഷാഫലം**

ഈ വർഷത്തെ HCC (Plus One, Plus Two) പരീക്ഷാഫലം ഫെബ്രുവരി മാസം 29 ന് നമ്മുടെ Site-ൽ ലഭ്യമായിരിക്കും. (www.catechismmdy.in)

Revaluation നുള്ള അപേക്ഷകൾ മാർച്ച് 7-ന് മുമ്പ് വികാരി യച്ചന്റെ ഒപ്പോടുകൂടി രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. Revaluation ന് 50 രൂപയായിരിക്കും ഫീസ്.

**HCC Private Registration ക്യാമ്പും പരീക്ഷയും**

HCC (Plus one Plus two) Private Registration നടത്തിയിരി ക്കുന്ന കുട്ടികൾക്ക് തന്നിരിക്കുന്ന അസൈൻമെന്റ് സമർപ്പിക്കേണ്ട അവസാന ദിവസം ജനുവരി 31 ആണ്. അസൈൻമെന്റ് സമർപ്പിച്ച് ഹാൾ ടിക്കറ്റ് രൂപതാ ഓഫീസിൽ നിന്ന് കുട്ടികളോ മാതാപിതാക്കളോ നേരിട്ട് കൈപ്പറ്റേണ്ടതാണ്. ക്യാമ്പും പരീക്ഷയും 2020 മെയ് 5 ന് 10 മണി മുതൽ 8 ന് 3 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിന്റെ അവസാന ദിവസമായിരിക്കും പരീക്ഷ.

**സംസ്ഥാനപ്രതിഭയ്ക്ക് അനുമോദനങ്ങൾ**

കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് നടന്ന സംസ്ഥാന പ്രതിഭാസംഗമത്തിൽ സംസ്ഥാന പ്രതിഭയായി മൂലങ്കാവ് ഇടവകാംഗമായ വളയംപ്പള്ളി അനഘ തിരഞ്ഞെടുക്കപ്പെട്ടു. അനഘയ്ക്ക് പ്രത്യേക അഭിനന്ദനങ്ങൾ!

**മതാധ്യാപക സംഗമം**

നടവയൽ മേഖലയിലെ മതാധ്യാപകസംഗമം പനമരം പള്ളിയിൽ വച്ച് ഡിസംബർ 6-ാം തിയ്യതി നടന്നു. 196 മതാധ്യാപകർ ഈ സംഗമത്തിൽ പങ്കെടുത്തു. എറണാകുളം തേവര SH College- ലെ Professor Rev.Fr. Sabu Kumbukal ആണ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയത്. മേഖലാ ഡയറക്ടർ റവ. ഫാ. ജെയ്സൺ കുഴികണ്ടത്തിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. നടവയൽ ഫൊറോന വികാരി റവ. ഫാ. ബെന്നി മുതിരക്കാലായിൽ മുഖ്യപ്രഭാഷണം നടത്തി. സാഹിത്യമത്സര വിജയികൾക്ക് സമ്മാനം നൽകി. മേഖല സെക്രട്ടറി ശ്രീ. മാത്യു ഐക്കരമറ്റം സ്വാഗതവും സി. ഗ്രയ്സ് മരിയ സി എം സി നന്ദിയും പറഞ്ഞു.

**പ്രധാനാധ്യാപകരുടെ പ്രത്യേക ശ്രദ്ധക്ക്**

പ്രധാനാധ്യാപകരുടെ Whatsapp group ൽ ഇടുന്ന അറിയിപ്പുകൾ കൃത്യമായും വായിക്കുമല്ലോ. ആരെങ്കിലും group ൽ ഇല്ലെങ്കിൽ അവരുടെ പേരും, Whatsapp ഇല്ലാത്തവരുടെ പേരും ഓഫീസിൽ നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയമുള്ളവരെ,

കഴിഞ്ഞ 175 വർഷങ്ങളായി കുട്ടികളുടെ സമഗ്ര വളർച്ച ലക്ഷ്യം വച്ച് ആഗോള കത്തോലിക്കാ സഭയിൽ മുഴുവൻ പ്രവർത്തിക്കുന്ന കുട്ടികളുടെ സംഘടനയാണ് തിരുബാലസഖ്യം. എല്ലാ വർഷവും ഫെബ്രുവരി മാസത്തിലെ 2–ാം ഞായറാഴ്ചയാണ് ഭാരതസഭ തിരുബാലസഖ്യ ദിനമായി ആചരിക്കുന്നത്. തിരുബാലസഖ്യത്തിലെ അംഗങ്ങളായ 1–ാം ക്ലാസ്സു മുതൽ 4–ാം ക്ലാസ്സു വരെ പഠിക്കുന്ന എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യ ദിനത്തിന്റെ (09/ 02/2020) എല്ലാ വിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ നന്നായി വളർത്തുകയെന്നത്, കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നു വരുന്ന ഉത്തരവാദിത്വമാണ്. മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. രക്ഷകനായ യേശുവിൽ ദൃഢമായി വിശ്വസിക്കുകയും കത്തോലിക്കാ ചൈതന്യത്തിൽ ജീവിക്കുകയും സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിക്കുകയും ചെയ്യുന്ന മാതാപിതാക്കളുടെ ജീവിത മാതൃക കുട്ടികളുടെ സമഗ്ര നന്മയ്ക്ക് ഉപകരിക്കും. കുടുംബാംഗങ്ങളോടുള്ള പ്രത്യേകമായി മാതാപിതാക്കന്മാരോടുള്ള ഊഷ്മളമായ ബന്ധം കുട്ടികളുടെ വളർച്ചയ്ക്ക് അത്യാവശ്യമാണ്. കൊച്ചുകുട്ടികളെ ഇന്ന് കൂടുതലായി കാണുന്നത് മാതാപിതാക്കളുടെ കൂടെയല്ലാ, മറിച്ച് ടി.വിയുടെയും, സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെ സാങ്കേതിക തലത്തിൽ കുട്ടികളുടെ ബുദ്ധിവികാസത്തിന് ഉപകരിക്കുമെങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപയോഗത്തിലൂടെ സ്വന്തം ലോകത്തിലേയ്ക്ക് അവർ ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ അവർക്ക് നഷ്ടപ്പെടുകയും ചെയ്യുന്നു. നന്മയിലും വിശുദ്ധിയിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ് ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ. ഈ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികളുടെ വളർച്ചയുടെ ആദ്യഘട്ടത്തിൽ ശരിയായ മൂല്യബോധവും, വിശ്വാസപരിശീലനവും നൽകാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെ ഏറെയാണ്. കുട്ടികളെ ദൈവത്തിലേയ്ക്ക് അടുപ്പിക്കുവാനും സഭയോ

ടൊത്ത് ചിന്തിക്കാനും, പ്രവർത്തിക്കാനും സഹായിക്കുന്നതിൽ ചെറുപുഷ്പ മിഷൻലീഗിനോടൊപ്പം തിരുബാലസഖ്യവും വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

'കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ; കുട്ടികൾ കുട്ടികൾക്കു വേണ്ടി പ്രാർത്ഥിക്കട്ടെ' എന്ന ആപ്ത വാക്യവുമായി ഉണ്ണി യേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മദ്ധ്യസ്ഥയും, വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖമാരും ഉപ മദ്ധ്യസ്ഥരുമാണ്. ഇവരുടെ ആദ്ധ്യാത്മിക സംരക്ഷണത്തിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാല സഖ്യത്തിനു സാധിക്കുന്നു. ഇടവകയിൽ ആഴ്ചയിൽ ഒരു ദിവസം തിരുബാലസഖ്യാംഗങ്ങൾ ഒരുമിച്ചു കൂടി പ്രാർത്ഥിക്കുകയും, ദൈവ വചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും, കാരുണ്യ പ്രവൃത്തികളിൽ പങ്കെടുക്കുകയും ചെയ്യുന്നത് അവരെ എന്നും ദൈവത്തോടും സഭയോടും ചേർന്നു നിൽക്കുവാൻ സഹായിക്കും.

ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ദിനമാണിത്. തിരുബാലസഖ്യ ദിനം ആചരിക്കുമ്പോൾ യേശുവിന്റെ ബാല്യത്തെ അനുസ്മരിച്ചുകൊണ്ട് നമുക്കു ചുറ്റുമുള്ള ഓരോ ബാല്യവും തിരുബാല്യങ്ങളായി മാറേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് നാം ചിന്തിക്കേണ്ടത്. അനുദിനം അകന്നു പോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേയ്ക്കും, സന്മാർഗികതയുടെ നന്മയിലേയ്ക്കും കൈപിടിച്ചു നടത്തേണ്ടതുണ്ട്. വർഗ്ഗീയതയും നിരീശ്വരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസ സത്യങ്ങൾ മുറുകെ പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും, വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്. യേശുവിനെപ്പോലെ എല്ലാ കുട്ടികളും ദൈവത്തിന് ഇഷ്ടപ്പെട്ട മക്കളായി തീരട്ടെ.

പ്രാർത്ഥനാശംസകളോടെ,

**ഷിജു അച്ചൻ**

**പ്രാർത്ഥനാ മലരുകൾ** – 72 കരുണയുടെ ജപമാല

**മിഷൻപ്രെയർ ബാങ്ക്** – ജഗദൽപൂർ രൂപത (ദ്വാരക മേഖലയിലെ ശാഖകൾ)

**പ്രവർത്തന റിപ്പോർട്ടുകൾ:**

'SMART –2020'– കഴിഞ്ഞ വർഷങ്ങളിൽ നടത്തിയ സ്മാർട്ട് ക്യാമ്പിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവരുടെ സമാപന സംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. മുപ്പത്തഞ്ചോളം അംഗങ്ങൾ പങ്കെടുത്ത ക്യാമ്പ് മാനന്തവാടി രൂപത കെ. സി. വൈ.എം ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിൽ ഉദ്ഘാടനം ചെയ്തു. രൂപത

ടീം അംഗങ്ങളായ ശ്രീ. സോയി കൈതാരത്ത്, ശ്രീ. ഷാജി പനച്ചിക്കൽ, രൂപത എക്സിക്യൂട്ടീവ് അംഗങ്ങളായ ശ്രീ. ഷാജി ചന്ദനപറമ്പിൽ, ശ്രീ.തോമസ് കല്ലറയ്ക്കൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. രൂപതാ ഡയറക്ടർ റവ.ഫാ.ഷിജു ഐക്കരക്കാനായിൽ, രൂപത പ്രസിഡണ്ട് ശ്രീ.രഞ്ജിത്ത് മുതുപ്ലാക്കൽ, സെക്രട്ടറി ശ്രീ.ടോംജോസ് പൂവക്കുന്നേൽ, രൂപത വൈസ് പ്രസിഡണ്ട് കുമാരി ആര്യ കൊച്ചുപുരയ്ക്കൽ, അഖില ആരംപുളിക്കൽ, നിമിത മൂലനിരപ്പേൽ എന്നിവർ നേതൃത്വം നൽകി.

**രൂപതാ വാർഷികം-:** ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ 47-ാം വാർഷികത്തിന് 2020 ജനുവരി 2 ന് രാവിലെ 9 മണിക്ക് രൂപതാ വൈസ് പ്രസിഡണ്ട് കുമാരി ആര്യ കൊച്ചുപുരയ്ക്കൽ പതാക ഉയർത്തിയതോടെ ആരംഭം കുറിച്ചു. ഗോഹട്ടി രൂപത ആർച്ചുബിഷപ്പ് മാർ ജോൺ മൂലേച്ചിറ വി. കുർബാനക്ക് കാർമ്മികത്വം വഹിച്ചു. തുടർന്ന് നടത്തപ്പെട്ട പ്രേഷിതറാലിയുടെ സമാപന പൊതുസമ്മേളനത്തിന് രൂപതാ പ്രസിഡണ്ട് ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ അദ്ധ്യക്ഷത വഹിക്കുകയും രൂപതാ ഡയറക്ടർ ഫാ. ഷിജു ഐക്കരകാനായിൽ സ്വാഗതം ആശംസിക്കുകയും ചെയ്തു. ശ്രീ. ബേബി പ്ലാശ്ശേരിൽ (മലബാർ റീജണൽ ഓർഗനൈസർ) ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ (മാനന്തവാടി രൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി) എന്നിവർ ആശംസകൾ അർപ്പിച്ചു. 'പ്ലാസ്റ്റിക് ഒഴിവാക്കാം പ്രകൃതി സംരക്ഷണത്തിൽ കൈകോർക്കാം' എന്ന പദ്ധതിയുടെ ഭാഗമായി എല്ലാ ശാഖകളിലേയ്ക്കുമുള്ള തുണി സഞ്ചിയുടെ വിതരണ ഉദ്ഘാടനം ദ്വാരക പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഫാ. പോൾ വാഴപ്പള്ളി നിർവഹിച്ചു. കഴിഞ്ഞ പ്രവർത്തനവർഷത്തെ സംസ്ഥാന തലത്തിലുള്ള കുഞ്ഞേട്ടൻ പുരസ്കാര ജേതാവായ ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിലിനെ പുരസ്കാരം നൽകി ആദരിച്ചു. സമ്മേളനത്തിൽ വെച്ച് 2018-2019 പ്രവർത്തനവർഷത്തിൽ സംസ്ഥാന തലത്തിൽ മികച്ച പ്രവർത്തനത്തിനുള്ള പുരസ്കാരങ്ങൾ ലഭിച്ച കയ്യൂന്നി, പൂളപ്പാടം ശാഖകൾക്കും, ബത്തേരി മേഖലയ്ക്കും ട്രോഫികൾ നൽകി അഭിനന്ദിച്ചു. കൂടാതെ കഴിഞ്ഞ വർഷത്തെ വ്യത്യസ്തങ്ങളായ മത്സരങ്ങളിൽ വിജയിച്ചവർക്ക് സമ്മാനങ്ങൾ നൽകി. രൂപതാ സെക്രട്ടറി ശ്രീ. ടോം ജോസ് പൂവക്കുന്നേൽ എല്ലാവർക്കും നന്ദി പറഞ്ഞു.

**'അറിഞ്ഞതും അറിയാൻ ഇരിക്കുന്നതും' – സെമിനാർ :–** ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ 47-ാം വാർഷികത്തോടനുബന്ധിച്ച് ശ്രീ. ഫിലിപ്പ് മമ്പാട് (Sub Inspector of Police)' അറിഞ്ഞതും അറിയാൻ ഇരിക്കുന്നതും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസ്സ് നയിച്ചു.

**ജൂബിലിമേളം:-** ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ 47-ാം വാർഷികത്തോടനുബന്ധിച്ച് വിവാഹ, വൈദിക, സന്യസ്ത ജീവിതത്തിൽ 25, 50 വർഷം 2020 ൽ പൂർത്തിയാക്കിയവരുടെ സംഗമം നടത്തി. സംഗമത്തിൽ പങ്കെടുത്ത എല്ലാ ജൂബിലിയേറിയൻസിനും ആശംസകൾ നേർന്ന് സ്നേഹോപഹാരങ്ങൾ നൽകി ആദരിച്ചു.

**പ്ലാസ്റ്റിക്കിനെതിരെ:-** പ്ലാസ്റ്റിക്കിനെതിരെയുള്ള പ്രചരണങ്ങൾക്ക് കൂടുതൽ ശക്തി പകർന്നുകൊണ്ടു തുണിസഞ്ചികളുടെ പ്രചരണത്തിനായി ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ശാഖകളിലേക്ക് തുണിസഞ്ചികൾ വിതരണം ചെയ്യുന്നതിന്റെ ഉദ്ഘാടനം പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഫാ. പോൾ വാഴപ്പള്ളി നിർവഹിച്ചു.

**ജപമാലസൈന്യ സംഗമം:-** ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ 47-ാം വാർഷികത്തോടനുബന്ധിച്ച് ശാഖകളിലെ ജപമാല സൈന്യം കൂട്ടായ്മയുടെ ഒത്തുചേരൽ നടത്തപ്പെട്ടു.

**മികച്ച മിഷൻമാസ പ്രവർത്തനം:-** 2019-2020 പ്രവർത്തനവർഷത്തിലെ മിഷൻമാസ പ്രവർത്തനങ്ങൾ 157 ശാഖകളിലും വളരെ ക്രിയാത്മകമായി നടത്തപ്പെട്ടു. അതിൽ നിന്നും മികച്ച ശാഖകളായി 1. ശിശുമല, 2. മൺവയൽ, 3. തോമാട്ടുചാൽ, 4. അമ്പലവയൽ, 5. കല്ലോടി 6. പാടിച്ചിറ, 7. ചുണ്ടക്കര, 8. മഞ്ഞൂറ, 9. വിമലഗിരി, 10. പുതുശ്ശേരി എന്നീ ശാഖകൾ തിരഞ്ഞെടുക്കപ്പെട്ടു. നേതൃത്വം കൊടുത്ത ശാഖാഡയറക്ടേഴ്സ്, ജോ.ഡയറക്ടേഴ്സ്, ഭാരവാഹികൾ എന്നിവർക്ക് മിഷൻലീഗ് രൂപതാ കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും.

**കൈയ്യെഴുത്ത് മാസിക:-** 2019-2020 പ്രവർത്തനവർഷത്തിലെ രൂപത കൈയ്യെഴുത്ത് മാസിക രചനമത്സരങ്ങളിൽ വിവിധ ശാഖകൾ പങ്കെടുത്തു. അതിൽ നിന്നും നെല്ലിയോടി, കല്ലോടി, ഒലിവുമല ശാഖകൾ 1,2,3 സ്ഥാനങ്ങൾ കരസ്ഥമാക്കി. പയ്യമ്പള്ളി, മഞ്ഞൂറ, തലഞ്ഞി, ഇടിവണ്ണ, വിളമ്പുകണ്ടം, കയ്യൂന്നി, ബത്തേരി എന്നീ ശാഖകൾ തുടർന്നുള്ള സ്ഥാനങ്ങൾ സ്വന്തമാക്കി.നേതൃത്വം കൊടുത്ത ശാഖാഡയറക്ടേഴ്സ്, ജോ.ഡയറക്ടേഴ്സ്, ഭാരവാഹികൾ എന്നിവർക്ക് മിഷൻലീഗ് രൂപതാ കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും.

**കുഞ്ഞുമിഷനറി ഡയറി:-** മികച്ച കുഞ്ഞുമിഷനറി ഡയറി എഴുതി സമ്മാനാർഹനായ മാസ്റ്റർ ആൻസൽ തേക്കുങ്കലിന് (ബത്തേരി ശാഖ) അഭിനന്ദനങ്ങൾ.

**ക്ലിക്ക് - മൊബൈൽ ഫോട്ടോഗ്രഫി മത്സരം:** മികച്ച ക്ലിക്ക് മൊബൈൽ ഫോട്ടോഗ്രഫി മത്സരത്തിൽ വിജയിയായ ശ്രീ. ലിജോ റ്റി.ജിയ്ക്ക് (അപ്പപ്പാറ ശാഖ) അഭിനന്ദനങ്ങൾ.

**CML – നാളെ :–** 'CML – നാളെ' എന്ന ഉപന്യാസ മത്സരത്തിൽ വിജയികളായ 1. ജാൻസി കൈതാരത്ത് (കണിയാരം), 2. സൗമ്യ പ്ലാപറമ്പിൽ (പനമരം), 3. ജ്യോതിഷ് ഇലഞ്ഞിക്കൽ (ശിശുമല), 3. ജെന്റി തെറ്റയിൽ (പാടിച്ചിറ) എന്നിവർക്ക് അഭിനന്ദനങ്ങൾ

**ഗ്ലോറിയ – 2 k 19: കരോൾഗാന മത്സരം :–** ഗ്ലോറിയ –2019 കരോൾഗാന മത്സരത്തിൽ വിജയികളായ 1. ബത്തേരി ശാഖ, 2. ചുണ്ടക്കര ശാഖ, 3. പാടിച്ചിറ ശാഖ – എന്നീ ശാഖകൾക്ക് അഭിനന്ദനങ്ങൾ.

**മഹാമിഷനറി ആസ്വാദനക്കുറിപ്പ് :–** മഹാമിഷനറി പുസ്തകത്തിന് ആസ്വാദനക്കുറിപ്പ് തയ്യാറാക്കിയതിന് സമ്മാനാർഹരായ 1. നിയ മേരി താന്നിക്കൽ (കുഞ്ഞോം), 2. റിച്ചാർഡ് പോൾ പൂവൻ (പയ്യമ്പള്ളി), 3. ആഷ്ലിൻ പുതുശ്ശേരി (കൊമ്മയാട്) എന്നിവർക്ക് അഭിനന്ദനങ്ങൾ.

**ഗാറാ... എലോഹിം:–** കൽപ്പറ്റ സെന്റ് വിൻസെന്റ് ഫൊറോന പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻലീഗിന്റെ ഈ പ്രവർത്തനവർഷത്തെ പഠനവിഷയമായ 'ചെറുപുഷ്പ മിഷൻലീഗ് ദൈവവിളിയുടെ വിത്തു വിതയ്ക്കാനും വിളവെടുക്കാനും' എന്ന പ്രമേയത്തെ ആസ്പദമാക്കി 'ഗാറാ..എലോഹിം– ദൈവം വിളിച്ചു, അവൻ വിളി കേട്ടു' എന്ന കലാസന്ധ്യ രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരകാനായിൽ ഉദ്ഘാടനം ചെയ്തു. ഇതിന് നേതൃത്വം കൊടുത്ത ശാഖാ ഡയറക്ടർ ഫാ. സോമി വടയാപറമ്പിൽ, അസി. ഡയറക്ടർ ഫാ. ജിബിൻ വട്ടുകുളം, ശാഖാ ഭാരവാഹികൾ, മതാദ്ധ്യാപകർ എന്നിവർക്ക് രൂപതാ കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും.

**രൂപതാതല തിരുബാലസഖ്യ മത്സരം –2020 ഫെബ്രുവരി 1 ശനി**

രൂപതാതല തിരുബാലസഖ്യ മത്സരം ഫെബ്രുവരി 1 ന് ദ്വാരക AUP സ്കൂളിൽ വച്ച് രാവിലെ 9.30 ന് ആരംഭിക്കുന്നു. മത്സരാർത്ഥികൾ 9 മണിക്ക് രജിസ്ട്രേഷൻ നടത്തേണ്ടതാണ്. മത്സര നിബന്ധനകളും ഇനങ്ങളും മാർഗരേഖ പേജ് 42 കാണുക. മത്സരം പ്രായപരിധി അനുസരിച്ചാണ്. മേഖലയിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് മാത്രമേ രൂപതാതല മത്സരത്തിൽ പങ്കെടുക്കുവാൻ സാധിക്കൂ.

**വചനതാരം ക്വിസ്സ്:–** നമ്മുടെ വചനതാരം പരിപാടി നേരത്തെ അറിയിച്ചിരുന്നതുപോലെ 2020 ഏപ്രിൽ 14 ചൊവ്വാഴ്ച രാവിലെ 9.00 മണി മുതൽ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. ഈ വർഷം മേഖലാതലത്തിൽ ഒരു വചനതാര സംഗമവും എഴുത്തു പരീക്ഷയും നടത്തിയാണ് നമ്മൾ രൂപതയിലേയ്ക്കുള്ള മത്സരാർത്ഥികളെ തിരഞ്ഞെടുക്കുന്നത്.

**പഠന ഭാഗം–** വി. മത്തായിയുടെ സുവിശേഷം 19 മുതൽ 28 വരെയുള്ള അദ്ധ്യായങ്ങളും, വി. മർക്കോസിന്റെ സുവിശേഷം 1 മുതൽ 8 വരെയുള്ള അദ്ധ്യായങ്ങളുമാണ് മന:പാഠമാക്കേണ്ടത്.

**നിർദ്ദേശങ്ങൾ:**

1. മേഖലാതല മത്സരം അതതു മേഖലകൾ തയ്യാറാക്കുന്ന ചോദ്യ പേപ്പർ അടിസ്ഥാനമാക്കിയാണ് നടത്തേണ്ടത്. ചോദ്യ മാതൃകകൾ ഡിസംബർ മാസത്തെ ബുള്ളറ്റിനിൽ നൽകിയിട്ടുണ്ട്. മത്സരാർത്ഥികൾ വചനം മന:പാഠമാക്കിയിട്ടുണ്ടോ എന്നാണ് പരിശോധിക്കേണ്ടത്. അതിനുതകുന്ന ചോദ്യങ്ങൾ ഉൾപ്പെടുത്തണം. സാധാരണ ബൈബിൾ ക്വിസ്സ് മത്സരത്തിലുള്ളതുപോലെ ഒറ്റ വാക്കിൽ ഉത്തരമെഴുതാവുന്ന ചോദ്യങ്ങൾ ഒഴിവാക്കുന്നതാണ് നല്ലത്.

2. മേഖലയിൽ മത്സരം നടത്തിയതിനുശേഷം മത്സരാർത്ഥി കളുടെ പേര്, വീട്ടുപേര്, ഇടവക, ഫോൺ നമ്പർ, മേഖലാ തലത്തിൽ ലഭിച്ച മാർക്ക് (100 ൽ) എന്നിവയുൾപ്പടുന്ന ലിസ്റ്റ് രൂപതാ കേന്ദ്രത്തിൽ ഫെബ്രുവരി 10 ന് മുമ്പ് ലഭിക്കേണ്ടതാണ്. പ്രത്യേകം ശ്രദ്ധിക്കുക മാർക്ക് നൽകുമ്പോൾ 100 ൽ എത്ര മാർക്ക് എന്ന രീതിയിൽ വേണം നൽകാൻ.

3. എല്ലാ മേഖലകളിലെയും മാർക്ക് ലിസ്റ്റ് കിട്ടിയതിനുശേഷം വചനതാര സമിതി മാർക്കുകൾ വിലയിരുത്തി ഒരു കട്ട് ഓഫ് മാർക്ക് നിശ്ചയിക്കുന്ന താണ്. ആ കട്ട് ഓഫ് മാർക്കിൽ കൂടുതൽ ലഭിക്കുന്ന എല്ലാ പഠിതാക്കൾക്കും രൂപതാ മത്സരത്തിൽ പങ്കെടുക്കാൻ അവസര മൊരുക്കുന്നതാണ്. തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരുവിവരം മേഖലാ-ശാഖാ ഭാരവാഹികളെ അറിയിക്കുന്നതാണ്.

**FAMILIA 2020:-** രൂപതാതല ഫാമിലി ബൈബിൾ ക്വിസ്സ് മത്സരം മത്സരം മെയ് 1 ന്. മാതാപിതാക്കളും മക്കളും ഒരുമിച്ച് വിശുദ്ധ ഗ്രന്ഥം പഠി ക്കുന്നു. പഠനഭാഗങ്ങൾ - 1. ലോഗോസ് 2019 40% (വി. മത്തായി 19 മുതൽ 28 വരെയുള്ള അദ്ധ്യായങ്ങൾ) 2. മിഷൻലീഗ് നിയമാവലി 30%. 3. സഭ 30%. രാവിലെ 9.30 ന് രജിസ്ട്രേഷൻ, കൃത്യം 10 മണിക്ക് മത്സരം ആരംഭിക്കുന്നു. രജിസ്ട്രേഷൻ ഫീസ് ഒരു ടീമിന് 250 രൂപ ആയിരിക്കും. ഒരു ഇടവകയിൽ നിന്നും പരമാവധി 5 ടീമിന് പങ്കെടുക്കാം. വിജയി കൾക്ക് ക്യാഷ് അവാർഡ് നൽകുന്നതായിരിക്കും.

**തിരുബാലസഖ്യദിനം:-** രൂപതാതല തിരുബാലസഖ്യ ദിനം 09/02/ 2020 ഞായറാഴ്ച വലിയകൊല്ലി ശാഖയിൽ വെച്ച് നടത്തപ്പെടുന്നു.

**ദി വിന്നർ- പരീക്ഷ ഒരുക്ക ധ്യാനം:-** ചെറുപുഷ്പ മിഷൻലീഗ് മാന ന്തവാടി രൂപതയുടെ നേതൃത്വത്തിൽ പനമരം പാദ്രേപിയോ ആശ്രമ ത്തിൽ വെച്ച് 10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർഥി- വിദ്യാർഥിനി കൾക്കായി ഏകദിന പരീക്ഷ ഒരുക്ക ധ്യാനം സംഘടിപ്പിക്കുന്നു. 2020 ഫെബ്രുവരി 8-ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30 മുതൽ 3.00 മണി വരെ. രജിസ്ട്രേഷൻ ഫീസ് 50 രൂപ.

**മേഖല വാർത്ത**

**നീലഗിരി മേഖല:-** ജിഗിംൾ ബെൽസ്, ക്രിസ്തുമസ് ചോദ്യോത്ത മത്സരം നടത്തി. കരോൾഗാന വീഡിയോ മത്സരം നടത്തി, ദൈവവചന മാസാചരണം നടത്തി, നല്ല അയൽക്കാരൻ സഹായം നൽകി, രോഗി സന്ദർശനം നടത്തി.

**ശാഖാ വാർത്തകൾ**

*വെള്ളൂന്നി:-* ക്രിസ്തുമസ് ആഘോഷവും വിവിധ മത്സരങ്ങളും നടത്തി. തിരുബാലസഖ്യം കുട്ടികളുടെ കലാപരിപാടികൾ നടത്തി.

*ചാരിറ്റി:-* നല്ല അയൽക്കാരനായി തിരഞ്ഞെടുത്ത വിജയന്റെ ഭവനത്തിൽ പോയി ഭക്ഷണ സാധനങ്ങളും, വസ്ത്രവും നൽകി. ക്രിസ്തുമസ് സന്ദേശങ്ങളടങ്ങുന്ന വചന ട്രീ നിർമ്മിച്ചു.

*അമരക്കുനി:-* ഓസാനഭവൻ സന്ദർശിച്ചു. നിർദ്ധനരായ ഒരു കുടുംബത്തെ സന്ദർശിച്ച് ധനസഹായം നൽകി.

*കത്തീഡ്രൽ:-* ദൈവവിളി ബോധവത്കരണ സെമിനാർ നടത്തി. പെരുവക സെന്റ് ആൻസ് വൃദ്ധസദനം സന്ദർശിച്ച് മധുരപലഹാരങ്ങൾ നൽകി.

*ബത്തേരി:-* പെയിൻ ആന്റ് പാലിയേറ്റീവ് കെയർ കിടപ്പു രോഗികളെ സന്ദർശിച്ചു. ഏകദിന സെമിനാർ നടത്തി.

*ചുങ്കക്കുന്ന്:-* ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം നൽകി, കർഷക പ്രക്ഷോപ റാലിയിൽ പങ്കെടുത്തു.

*കയ്യൂന്നി:-* യൂണിറ്റ്തല ക്രിസ്മസ് ആഘോഷം നടത്തി. മതബോധന ഞായർ ആഘോഷിച്ച് അദ്ധ്യാപകരെ ആദരിച്ചു. സകല വിശുദ്ധരുടേയും സകല മരിച്ചവരുടേയും തിരുനാൾ ആഘോഷിച്ചു.

*പോരൂർ:-* തിരുബാലസഖ്യത്തിലെ കുട്ടികൾ സ്നേഹാലയം സന്ദർശിച്ച് ക്രിസ്തുമസ് പ്രോഗ്രാം നടത്തി എല്ലാവർക്കും കേക്ക് കൊടുത്തു.

*മംഗളം:-* വിശ്വാസപരിശീലന വാട്ട്സ്ആപ് ക്വിസ്സ് മത്സരം 'അറിവരങ്ങ്' സംഘടിപ്പിച്ചു. കരോൾഗാന മത്സരം നടത്തി വിജയികൾക്ക് സമ്മാനം നൽകി.

*ചെന്നലോട്:-* തിരുപ്പട്ട സ്വീകരണത്തിന് ഒരുങ്ങുന്ന ഇടവകയിലെ 4 ഡീക്കന്മാർക്കു വേണ്ടി പ്രത്യേക പ്രാർത്ഥനയും ഉപവാസവും നടത്തി. മേഖലാതല കരോൾഗാന മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

*ചുണ്ടക്കര:-* ക്രിസ്തുമസ് ആഘോഷവും കുട്ടികളുടെ കലാപരിപാടികൾ, ദത്തെടുത്ത വീട്ടിൽ ക്രിസ്തുമസ് ആഘോഷം, ക്രിസ്തുമസ് കിറ്റ് നൽകൽ, കൊളാഷ് നിർമ്മാണം, വിവാഹ ജീവിതത്തിൽ 25 വർഷം പൂർത്തിയാക്കിയവരെ ആദരിക്കൽ, ഭവന നിർമ്മാണ സഹായം എന്നിവ നടത്തി.

*ആടിക്കൊല്ലി*:- 25 ദിവസവും വി. കുർബാനയിൽ പങ്കെടുത്ത 70 കുട്ടികൾക്ക് സമ്മാനം നൽകി, ക്രിസ്തുമസിനോടനുബന്ധിച്ച് ഭവനങ്ങളിൽ LED Star, ബൾബ് മാല എന്നിവ നൽകി, ക്രിസ്തുമസ് ട്രീ നിർമ്മിച്ചു.
*കരിമാനി*:- CML അംഗങ്ങൾ സ്വന്തം ക്രിസ്തുമസ് കാർഡ് നിർമ്മിച്ച് പരസ്പരം ആശംസകൾ നേർന്നു. ഭവനങ്ങളിൽ പുൽക്കൂട് മത്സരം നടത്തി വിജയികളെ തിരഞ്ഞെടുത്തു.
*വിളമ്പുകണ്ടം*:- ക്രിസ്തുമസ്  സ്റ്റാർ ചലഞ്ച് തയ്യാറാക്കി രൂപതയിൽ ഏൽപിച്ചു. തൃശ്ശിലേരിയിൽ വെച്ചു നടന്ന കരോൾഗാന മത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. ക്രിസ്തുമസ് ട്രീ, ക്രിസ്തുമസ് കിറ്റ് എന്നിവ തയ്യാറാക്കി.
*പാറത്തോട്ടം*:- 25 ദിവസവും വി. ബലിയിൽ പങ്കെടുത്ത എല്ലാവർക്കും സമ്മാനങ്ങൾ നൽകി, ക്രിസ്തുമസിനൊരുക്കമായി നടന്ന ഏകദിന ധ്യാനത്തിലും, കുമ്പസാരത്തിലും എല്ലാവരും പങ്കെടുത്തു. സി.എം. എൽ അംഗങ്ങൾ തയ്യാറാക്കിയ ക്രിസ്തുമസ് കാർഡ് എല്ലാ ഭവനങ്ങളിലും പോയി കൊടുത്ത് ആശംസകൾ നേർന്നു.
*കുഞ്ഞോം*:- മേഖലാതല തിരുബാലസഖ്യ മത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. ക്രിസ്തുമസ് ട്രീ, ക്രിബ്, കരോൾ എന്നിവയ്ക്ക് സി.എം. എൽ അംഗങ്ങൾ നേതൃത്വം നൽകി. എല്ലാ ഞായറാഴ്ചയും ലൈബ്രറി പുസ്തകം എടുക്കുകയും ക്ലാസ്സിൽ പുസ്തക നിരൂപണം നടത്തുകയും ചെയ്യുന്നു.
*ഇടിവണ്ണ*:- മേഖല കരോൾഗാന മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി, ക്രിസ്തുമസ് കിറ്റ് വിതരണം, നക്ഷത്ര നിർമ്മാണം എന്നിവ നടത്തി.
*അപ്പപ്പാറ*:- 'നക്ഷത്ര ദീപം' യു ട്യൂബിലൂടെ ക്രിസ്തുമസ് സന്ദേശം നൽകി. ക്ലിക്ക് ഫോട്ടോഗ്രാഫി മത്സരത്തിൽ പങ്കെടുത്തു. ക്രിസ്തുമസ് ആശംസാകാർഡുകൾ നിർമ്മിച്ച് ഓരോ ഭവനത്തിലും നൽകി. ഫണ്ടുശേഖരണാർത്ഥം കൂപ്പൺ ഇറക്കി നറുക്കെടുപ്പ് നടത്തി സമ്മാനങ്ങൾ നൽകി.

മനസ്സിലും ഹൃദയത്തിലും കാരുണ്യത്തിന്റെ ചിന്തകൾ നിറച്ചു കൊണ്ട് നമുക്ക് ചെമ്മഞ്ഞക്കൊടിയുടെ  കീഴിൽ അണിനിരക്കാം...

**ടോം ജോസ് പൂവക്കുന്നേൽ**
സി.എം.എൽ.  രൂപതാ സെക്രട്ടറി

# Department of Youth Ministry

## ക്രിസ്മസ്സ് സ്നേഹ സന്ദേശ യാത്ര

'അത്യുതങ്ങളിൽ ദൈവത്തിന് സ്തുതിയും ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനവും' നേർന്നുകൊണ്ട് കടന്നുവന്ന ലോകരക്ഷകന്റെ ശാന്തിയും സമാധാനവും ജാതിമതഭേതമെന്യേ ജനഹൃദയങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ടൗൺ കരോൾ കൽപ്പറ്റ കളക്ടറേറ്റ്, കൽപ്പറ്റ ടൗൺ, മുട്ടിൽ, മീനങ്ങാടി, ബത്തേരി എന്നീ പ്രധാന ടൗണുകളിലൂടെ നടത്തി.

2019 ഡിസംബർ 23 തിങ്കളാഴ്ച വർദ്ധിച്ചുവരുന്ന വിഭാഗീകതക്കും മതതീവ്രവാദത്തിനും, മതത്തിന്റെ അടിസ്ഥാനത്തിൽ ആളുകളെ തരംതിരിക്കുന്ന പ്രവണതയെ പ്രതിരോധിക്കുന്നതിനുമായി നടത്തിയ ക്രിസ്മസ്സ് കരോൾ ഗാനങ്ങളും ഫ്ളാഷ്മോബുമടങ്ങുന്ന സ്നേഹ സന്ദേശയാത്ര കൽപ്പറ്റ കളക്ട്രേറ്റിൽ ജില്ലാകളക്ടർ അദീല അബ്ദുള്ള ഉദ്ഘാടനം ചെയ്തു. എല്ലാ ക്രൈസ്തവർക്കും ക്രിസ്തുമസ്സിന്റെ സ്നേഹവും സന്തോഷവും അവർ ആശംസിച്ചു. കൽപ്പറ്റ ഫൊറോനാ വികാരി ഫാ.സോമി വടയാപറമ്പിൽ അനുഗ്രഹ പ്രഭാഷണം നടത്തി. വടക്കനാട് ഇടവക വികാരി ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, ചെറുപുഷ്പ മിഷ്യൻലീഗ് സംസ്ഥാന പ്രസിഡന്റ് ബിനു മാങ്കൂട്ടം തുടങ്ങിയവർ സന്ദേശം നല്കി. വഴിനീളെ അണിയിച്ചൊരുക്കിയ പുൽകൂടും, ക്രിസ്മസ്സ് ട്രീയും, സാബു വാഴവറ്റയുടെ നേതൃത്വത്തിൽ നടത്തിയ സംഗീത സ്നേഹദൂതും, യൂത്തിന്റെ കരോൾ നൃത്തവും, സാന്താക്ലോസ്സിന്റെ ക്രിസ്മസ്സ് ആശംസകളും ഏവരുടെയും ശ്രദ്ധ ആകർഷിക്കുന്നതായിരുന്നു. സമാപന സമ്മേളനത്തിൽ ബത്തേരി രൂപതാ ബിഷപ് ജോസഫ് മാർ തോമസ് സന്ദേശം നല്കി. എല്ലാവരും സ്നേഹത്തിൽ ജീവിക്കണമെന്നും സാഹോദര്യത്തിനും സമാധാന ത്തിനും മാത്രമേ ശാശ്വത നിലനില്പുള്ളൂവെന്നും ബിഷപ്പ് ഓർമ്മിപ്പിച്ചു. ഫാ.ലാൽ ജേക്കബ് പൈനുങ്കൽ തന്റെ ക്രിസ്മസ്സ് സന്ദേശത്തിൽ ക്രിസ്തു സ്നേഹമാണെന്നും ക്രിസ്തുവിന്റെ വചനങ്ങളിൽ അടിസ്ഥാനമിട്ട ജനാധിപത്യരാജ്യങ്ങളിൽ ഇന്നും തുല്യതയും സാഹോദര്യവും സ്നേഹവും സഹിഷ്ണുതയും നിലനിൽക്കുന്നു വെന്നും ഓർമ്മിപ്പിച്ചു. 2019 ക്രിസ്മസ്സ് സന്ദേശം ജനഹൃദയങ്ങളിൽ

എത്തിക്കാൻ സഹകരിച്ച് പ്രവർത്തിച്ച ബത്തേരി മേഖല ചെറുപുഷ്പ മിഷൻലീഗ് ഡയറക്ടർ ഫാ.ജോബി മുക്കാട്ടുകാവുങ്കൽ, സി.ആൻസി തോമസ്സ് സി.എം.സി, സി.ലിൻസി എസ്.സി.വി, യൂത്ത്മിനിസ്ട്രി ഫുൾടൈംമർ ജെസ്പിൻ ജോസഫ്, ഷെറിൻ മേസ്തിരിപറമ്പിൽ, അമൽ വാഴയിൽ, അജയ് ജോർജ്ജ്, ജോസ് പുളിക്കൽ, സെന്റ് ആന്റണീസ് ചർച്ച് വാകേരി, യുവജന സുഹൃത്തുക്കൾ എല്ലാവർക്കും യൂത്ത്മിനി സ്ട്രി കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

**ദേശീയ യുവജന ദിനം ആഘോഷിച്ചു.**

യുവർനെയ്ബർ അസോസിയേഷന്റെ ഭാഗമായി ദേശീയ യുവജന സെമിനാർ 2020 ജനുവരി പത്താം തിയ്യതി വെള്ളിയാഴ്ച്ച ഉച്ചകഴിഞ്ഞ് ദ്വാരക ഗുരുകുലം കോളേജിൽ നടത്തി. കോളേജ് പ്രിൻസിപ്പൽ ശ്രീ. ഷാജൻ സാർ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. യുവജനങ്ങളുടെ ശക്തി രാജ്യത്തിന്റെ നിർമ്മിതിക്കുവേണ്ടി ഉപയോഗപ്പെടുത്തണമെന്നും യുവജനങ്ങൾ സമൂഹത്തിന്റെ ചാലക ശക്തിയായി മാറണമെന്നും ഓർമ്മപ്പെടുത്തി ദീപം തെളിച്ച് രൂപതാ കെ.സി.വൈ.എം പ്രസിഡന്റ് എബിൻ മുട്ടപ്പള്ളി പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ലക്ഷ്യബോധത്തോടെ യുവത്വത്തെ ചിട്ടപ്പെടുത്തുകയും രാജ്യത്തെ പടുത്തുയർത്തുകയും ചെയ്യുക എന്ന സന്ദേശം നല്കി കൊണ്ട് യൂത്ത്മിനിസ്ട്രി ഫുൾടൈംമർ ജെസ്പിൻ ജോസഫ് അദ്ധ്യക്ഷ പ്രസംഗം നടത്തി. ഗുരുകുലം കോളേജ് വിദ്യാർത്ഥി അനഘ ടോമി ആശംസ അർപ്പിച്ച് സംസാരിച്ചു. മീറ്റിംഗിന് ശേഷം സി.ലിൻസി എസ്.സി.വി നന്ദി അർപ്പിച്ചു. രാജ്യത്തിന്റെ വളർച്ചക്ക് യുവത്വത്തിന്റെ പങ്ക് എന്ന വിഷത്തെ ആസ്പദമാക്കി ക്ലാസ്സും കളികളും ചർച്ചകളും കണിയാമ്പറ്റ ഇടവകാ വികാരി ഫാ.വിനോദ് പാക്കാനിക്കുഴി നയിച്ചു. ക്ലാസ്സിന് ശേഷം കോളേജ് വിദ്യാർത്ഥിനി ശ്രീ.ലക്ഷ്മി എല്ലാവർക്കും നന്ദി പറഞ്ഞു.

**ലൈഫ് ട്രെയിനിംഗ്**

2020 ജനുവരി 10,11 വെള്ളി, ശനി ദിവസങ്ങളിൽ ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികൾക്ക് വേണ്ടി കാട്ടികുളം ജയമാതാ ട്രെയിനിംഗ് സെന്ററിൽ വെച്ച് ക്ലാസ്സ് നടത്തി. 37 വിദ്യാർത്ഥികൾ ട്രെയിനിംഗിൽ പങ്കെടുത്തു. വെള്ളിയാഴ്ച്ച വൈകുന്നേരം 6 മണിക്ക് പ്രാർത്ഥനയോടെ ക്ലാസ്സ് ആരംഭിച്ചു. തുടർന്ന് വിദ്യാർത്ഥികൾ അവരുടെ പഠന നിലവാരത്തെയും ആത്മീയ ജീവിതത്തെയും വിലയിരുത്തി സംസാരിക്കുകയും ആവശ്യമായ തിരുത്തലുകളും പ്രോത്സാഹനവും നൽകുകയും ചെയ്തു. ശനിയാഴ്ച രാവിലെ ഫാ. ബിനു പൈനുങ്കൽ

വിദ്യാർത്ഥികൾക്കുവേണ്ടി ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു. തുടർന്ന് 2019 ബാച്ചിന് ആനന്ദ് കണക്ക് വിഷയത്തിലും 2018 ബാച്ചിന് എബിൻ പൊതുവിജ്ഞാനത്തിലും ക്ലാസ്സുകൾ നല്കി. സി.ആൻസി തോമസ് സി.എം.സിയും, സി.ലിൻസി എസ്.സി.വി യും പ്രോഗ്രാമിന് നേതൃത്വം നല്കി.

**ദ ഡാൻസ്**

വിദ്യാർത്ഥികളുടെ ഇഷ്ടകലാരൂപമായ നൃത്തത്തിലൂടെ അവരുടെ ജീവിതത്തിനൊരു ക്രമം വരുത്തുക, ശരീരത്തെയും ആത്മാവിനെയും മനസ്സിനെയും ഒരു സിംഫണിയിൽ കോർത്തിണക്കുക എന്ന ലക്ഷ്യത്തോടെ ആരംഭം കുറിച്ച ദ ഡാൻസ് മൂന്ന് ഇടവകകളിൽ ഭംഗിയായി പൂർത്തിയാക്കി. ഇടവക തിരുനാളുകളോടനുബന്ധിച്ച് വടക്കനാട്, വാകേരി, കേണിച്ചിറ എന്നിവിടങ്ങളിൽ ജനുവരി 3, ജനുവരി 10, ജനുവരി 19, എന്നീ ദിനങ്ങളിലായി അവതരിപ്പിച്ചു. കുട്ടികളും യുവജനങ്ങളും മാതാപിതാക്കളും ഉൾകൊള്ളുന്ന നാല്പതോളം കലാകാരന്മാർ ഒന്നുചേർന്ന ഓരോ ഗ്രൂപ്പാണ് ഓരോ ഇടവകകളിലും പരിശീലനം പൂർത്തിയാക്കി നൃത്തം അവതരിപ്പിച്ചത്. യൂത്ത് മിനിസ്ട്രി ഫുൾടൈംമർ സി.ആൻസി തോമസ്സ് സി.എം.സി ഇതിനുവേണ്ട പരിശീലനം നല്കി . ഇതിനോട് സഹകരിച്ച വടക്കനാട് വികാരി ഫാ.ജോബി മുക്കാട്ടുകാവുങ്കലിനും, വാകേരി ഇടവക വികാരി ഫാ.ലാൽ ജേക്കബ് പൈനുങ്കലിനും, കേണിച്ചിറ വികാരി ഫാ.ജോസ് മോളേപ്പറമ്പലിനും, സി.മരിയ എഫ്.സി.സി, സി.സെലിൻ എസ്.കെ.ഡി, സി.റോണ സി.എം.സി എന്നിവർക്കും പങ്കെടുത്ത മുഴുവൻ കലാകാരന്മാർക്കും ഡിപ്പാർട്ട് മെന്റ് ഓഫ് യൂത്ത്മിനിസ്ട്രിയുടെ ഹൃദയം നിറഞ്ഞ നന്ദി.

**സി. ലിൻസി എസ്.സി.വി.**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**കൃതജ്ഞതയോടെ**

പ്രിയ യുവജനങ്ങളെ, നിങ്ങൾ നിങ്ങളുടെ ഓട്ടം തുടരുമെന്ന ആനന്ദ പ്രതീക്ഷയാണ് എനിക്കുള്ളത്. 'നാം ഏറെ സ്നേഹിക്കുകയും ദിവ്യകാരുണ്യത്തിൽ ആരാധിക്കുകയും പീഡയനുഭവിക്കുന്ന സഹോദരീ സഹോദരൻമാരുടെ ശരീരത്തിൽ കണ്ടെത്തുകയും ചെയ്യുന്ന ക്രിസ്തുവിന്റെ മുഖത്തിൽ ആകൃഷ്ടരായി ഓട്ടം തുടരുക. സഭയ്ക്ക് നിങ്ങളുടെ ചലനം, അന്തർജ്ഞാനം, വിശ്വാസം എന്നിവ ആവശ്യമുണ്ട്'. ഫ്രാൻസിസ് മാർപ്പാപ്പ യുവജനങ്ങൾക്കുവേണ്ടി എഴുതിയിരിക്കുന്ന ക്രിസ്തു ജീവിക്കുന്നു എന്ന അപ്പസ്തോലിക ലേഖനം, 2019 ലെ യുവജനങ്ങൾക്കായുള്ള ഏറ്റവും ശ്രേഷ്ടമായ സമ്മാനമായിരുന്നു. 2019 വിട പറഞ്ഞ് 2020 ലേക്ക് പ്രവേശിച്ചിരിക്കുമ്പോൾ നന്ദിയോടെ ഓർമ്മിക്കേണ്ടവർ അനേകരാണ്. രജതജൂബിലി വർഷത്തിൽ ദൈവം നല്കിയ അനുഗ്രഹങ്ങൾക്ക് നന്ദിയർപ്പിക്കുന്നു. യുവജന പ്രസ്ഥാനത്തിന് മാനന്തവാടി രൂപതയുടെ രക്ഷാധികാരി അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് നല്കിയ എല്ലാ പ്രോൽസാഹനങ്ങൾക്കും നന്ദിയേകുന്നു. കെ.സി.വൈ.എം. പ്രവർത്തനങ്ങൾക്ക് സാന്നിധ്യമായി കൂടെ നിൽക്കുന്ന മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കലച്ചനും നന്ദിയർപ്പിക്കുന്നു. 2019 ന്റെ ആരംഭത്തിൽ കൂടെ നിന്ന ഡയറക്ടർ റവ. ഫാ. റോബിൻ പടിഞ്ഞാറയിലച്ചനും ആനിമേറ്ററായിരുന്ന സി. സ്മിത എസ്.എ.ബി.എസ് നും ഹൃദയ പൂർവ്വകമായ നന്ദി അറിയിക്കുന്നു. യുവജന ശുശ്രൂഷയിൽ സജീവമായി നിലകൊള്ളുകയും യൗവ്വനത്തിന്റെ സാമിപ്യമായ്, നല്ലൊരു മാർഗ്ഗ ദർശിയായ് ഒപ്പമായിരിക്കുന്ന ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിലച്ചനും നന്ദിയർപ്പിക്കുന്നു. അമ്മയുടെ സ്ഥാനത്ത് നിന്ന് കരുതലോടെ പ്രസ്ഥാനത്തെ സ്നേഹിക്കുന്ന ആനിമേറ്റർ സി. സാലി സി.എം.സി. യ്ക്കും നന്ദിയേകുന്നു. രജത ജൂബിലി വർഷത്തിൽ കരുത്തുറ്റ നേതൃത്വ പാടവത്തോടെ ലക്ഷ്യത്തിലേക്ക് നയിച്ച, ഏറെ ത്യാഗങ്ങൾ ഏറ്റെടുത്ത് കെ.സി.വൈ.എം. പ്രസ്ഥാനത്തിനു വേണ്ടി സമയവും കഴിവുകളും ആരോഗ്യവും സമർപ്പണം ചെയ്ത രൂപത പ്രസിഡണ്ട് ശ്രീ.എബിൻ മുട്ടപ്പള്ളി, വൈസ്

പ്രസിഡന്റ് കുമാരി അലീന പാണ്ടിയാംപറമ്പിൽ, സെക്രട്ടറി കുമാരി ചിപ്പി കളമ്പുക്കാട്ട്, ശ്രീ. റ്റോബി കൂട്ടുങ്കൽ, രൂപതാ ട്രഷറർ ശ്രീ. ജിയോ മച്ചുകുഴിയിൽ, രൂപത കോ ഓർഡിനേറ്റർ ശ്രീ. റ്റിബിൻ പാറക്കൽ, കൂടെ ഒരുമയുടെ ശക്തിയായ് നിലകൊണ്ട സിൻഡിക്കേറ്റ് അംഗങ്ങൾക്കും ഹൃദയ പൂർവ്വകമായ നന്ദിയർപ്പിക്കുന്നു.

സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായി പ്രവർത്തനങ്ങൾ കാഴ്ചവച്ച ശ്രീ. ബിബിൻ ചെമ്പക്കരയ്ക്കും കുമാരി ഗ്രാലിയ അന്ന അലക്സിനും, സി. സ്മിതയ്ക്കും സംസ്ഥാന സെനറ്റ് അംഗങ്ങളായിരുന്ന ശ്രീ. ജിജോ പൊടിമറ്റം, ശ്രീ. ജിജോ തോമസ് താന്നിവേലി, ശ്രീ. ആൽഫിൻ അമ്പാറയിൽ, കുമാരി റോസ് മേരി തേറുകാട്ടിൽ എന്നിവർക്കും നന്ദി.

പിന്നിട്ട വഴികളെ അനുഗ്രഹമാക്കാൻ സേവന സന്നദ്ധരായി നിലകൊണ്ട മേഖല ഡയറക്ടർമാർക്കും ആനിമേറ്റേഴ്സിനും മേഖല സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾക്കും രൂപതയിലെ മുഴുവൻ യൂണിറ്റ് ഡയറക്ടർമാർക്കും ആനിമേറ്റേഴ്സിനും യൂണിറ്റ് സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾക്കും യുവജന പ്രസ്ഥാനത്തെ ഹൃദയത്തിലേറ്റു സകല യുവജന സുഹൃത്തുക്കൾക്കും നന്ദിയർപ്പിക്കുന്നു.

**നക്ഷത്ര രാഗം 2 കെ 19**

ക്രിസ്തുമസ്സിനോടനുബന്ധിച്ച് കെ.സി.വൈ.എം. രൂപത നേതൃത്വത്തിൽ നക്ഷത്ര രാഗം 2 കെ 19 എന്ന പേരിൽ കരോൾ ഗാന മത്സരം സംഘടിപ്പിച്ചു. ജഡ്ജസിന്റെയും യൂ ട്യൂബ് ചാനൽ വ്യുവേഴ്സിന്റെയും വിധി നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ വാഴവറ്റ യൂണിറ്റ് ഒന്നാം സ്ഥാനവും ദ്വാരക യൂണിറ്റ് രണ്ടാം സ്ഥാനവും മക്കിയാട് യൂണിറ്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികളായവർക്കും പങ്കെടുത്തവർക്കും അഭിനന്ദനങ്ങൾ. വിജയികളായവർക്കുള്ള ക്യാഷ് അവാർഡുകൾ വാർഷിക സെനറ്റിൽ വച്ച് രൂപതാ ഡയറക്ടർ റവ.ഫാ. അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിൽ നൽകി. നക്ഷത്ര രാഗം കോ ഓർഡിനേറ്ററായി പ്രവർത്തിച്ച ശ്രീ.റ്റോബി കൂട്ടുങ്കലിനും നന്ദി രേഖപ്പെടു ത്തുന്നു.

**ദി വോയ്സ്**

രജത ജൂബിലി വർഷത്തിന്റെ ഭാഗമായി 'ദി വോയ്സ്' എന്ന പേരിൽ കെ.സി.വൈ.എം. മുഖപത്രം അച്ചടിച്ച് എല്ലാ മേഖല കേന്ദ്രങ്ങളിലും, മേഖലകൾ യൂണിറ്റുകളിലും എത്തിച്ചിരിക്കുന്നു. മുഖപത്രത്തിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും രജത ജൂബിലി സപ്ലിമെന്റ് കോ ഓർഡിനേറ്ററായി പ്രവർത്തിച്ച ശ്രീ. ജെസ്റ്റിൻ ചെഞ്ചട്ടയിലിനും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

**സംസ്ഥാന വാർഷിക സെനറ്റ്**

2019 വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും പുതിയ സംസ്ഥാന നേതൃത്വത്തെ തിരഞ്ഞെടുക്കുതിനും വേണ്ടി 2020 ജനുവരി 17, 18, 19 തിയ്യതികളിൽ തൃശ്ശൂർ അതിരൂപത ആമ്പല്ലൂർ സ്പിരിച്വൽ ആനിമേഷൻ സെന്ററിൽ വച്ച് സംസ്ഥാന സെനറ്റ് നടത്തപ്പെട്ടു. മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് കെ.സി.വൈ.എം. ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിൽ, ആനിമേറ്റർ സി. സാലി സി.എം.സി, രൂപതാ പ്രസിഡന്റ് ശ്രീ. എബിൻ മുട്ടപ്പള്ളി, രൂപതാ ട്രഷറർ ശ്രീ. ജിയോ മച്ചുകുഴിയിൽ, രൂപത കോ-ഓർഡിനേറ്റർ ശ്രീ.റ്റിബിൻ പാറക്കൽ, സെക്രട്ടറി കുമാരി ചിപ്പി കളമ്പുക്കാട്ട്, തലപ്പുഴ യൂണിറ്റ് കോ ഓർഡിനേറ്റർ കുമാരി ലിൻഷാ അയ്യനിക്കാട്ട്, സംസ്ഥാന സിൻഡിക്കേറ്റ് മെമ്പർ ശ്രീ. ബിബിൻ ചെമ്പക്കര സംസ്ഥാന സെനറ്റ് മെമ്പർ ശ്രീ. ജിജോ പൊടിമറ്റം, ശ്രീ. ആൽഫിൻ അമ്പാറയിൽ എന്നിവർ സെനറ്റിൽ പങ്കെടുക്കുകയും കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ 2019 ലെ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

**2020 – സംസ്ഥാന സമിതി**

കെ.സി.വൈ.എം. യുവജന പ്രസ്ഥാനത്തിന്റെ പുതിയ അമരക്കാരായി തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാന സമിതി അംഗങ്ങളായ പ്രസിഡന്റ് ശ്രീ. ബിജോ പി ബാബു (മുവാറ്റുപുഴ) ജനറൽ സെക്രട്ടറി ശ്രീ. ക്രിസ്റ്റി ചക്കാലക്കൽ (കൊച്ചി) വൈസ് പ്രസിഡന്റ് കുമാരി ലിമിന ജോർജ് (താമരശ്ശേരി) ശ്രീ. ജയ്സൺ ചക്കേടത്ത് (ഇരിങ്ങാലക്കുട) സെക്രട്ടറി അനൂപ് പുപ്പുഴ (തൃശ്ശൂർ) ട്രഷറർ ശ്രീ. ലിജീഷ് മാർട്ടിൻ (കണ്ണൂർ) ഡാനിയ സി. ജയൻ (പുനലൂർ) കുമാരി അബിനി പോൾ (ബത്തേരി) ശ്രീ. സിബിൻ കുറുമ്പാല (മാവേലിക്കര) എന്നിവർക്ക് മാനന്തവാടി രൂപതയുടെ അനുമോദനങ്ങൾ അർപ്പിക്കുന്നു. കഴിഞ്ഞ 2019 വർഷത്തെ സംസ്ഥാന പ്രസിഡന്റ് ശ്രീ. സിറിയക് ചാഴിക്കാടനും സഹപ്രവർത്തകർക്കും മാനന്തവാടി രൂപതയുടെ ഹൃദയപൂർവ്വകമായ കൃതജ്ഞതയറിയിക്കുന്നു.

**2020 – വർഷത്തെ മേഖല ഭാരവാഹികൾ**

**നിലമ്പൂർ മേഖല**

| | | |
|---|---|---|
| പ്രസിഡണ്ട് | – ജെസ്റ്റിൻ നീലംപറമ്പിൽ | വള്ളിക്കെട്ട് |
| വൈസ് പ്രസിഡണ്ട് | – നിലീന വടക്കൂട്ട് | നിലമ്പൂർ |
| സെക്രട്ടറി | – മെറിൻ കട്ടക്കയം | ഇടിവണ്ണ |
| ജോയിന്റ് സെക്രട്ടറി | – അമൽ ചെറിയമ്പ്രനാട്ട് | തേൾപ്പാറ |

| | | |
|---|---|---|
| ട്രഷറർ | - ഫെബിൻ ഓടയ്ക്കൽ | പൂളപ്പാടം |
| കോഡിനേറ്റർ | - ജാനിസ് ചീരംവേലിൽ | നിലമ്പൂർ |
| സെനറ്റ് മെംമ്പേഴ്സ് | - ആശിഷ് കാവുങ്കൽ | വടപ്പുറം |
| | - ഷെഫിൻ മൂഴിക്കച്ചാലിൽ | പൂക്കോട്ടുപാടം |
| (സൈബർ വിംഗ് | - റിറ്റോ ബാബു ചേറാടിയിൽ | വടപുറം) |

**മണിമൂളിമേഖല**

| | | |
|---|---|---|
| പ്രസിഡണ്ട് | - ജോഷി ജോൺ പാലക്കാട്ട് | നരിവാലമുണ്ട |
| വൈസ് പ്രസിഡണ്ട് | - നീതു കോലത്താംവേലിൽ | പാലാങ്കര |
| സെക്രട്ടറി | - സനിൽ ഒറവാറംന്തറ | പാതിരിപ്പാടം |
| ജോയിന്റ് സെക്രട്ടറി | - ശ്രുതി കൊളങ്ങോട്ടിൽ | താളിപ്പാടം |
| ട്രഷറർ | - റോബിൻ വടക്കേക്കര | നരിവാലമുണ്ട |
| കോഡിനേറ്റർ | - അഖിൽ കൊല്ലംപറമ്പിൽ | പാതിരിപ്പാടം |
| സെനറ്റ് മെംമ്പേഴ്സ് | - റ്റിൻസി ഊറ്റാഞ്ചേരി | നരിവാലമുണ്ട |
| | - ആൻസൻ വടക്കേക്കര | നരിവാലമുണ്ട |
| സൈബർ വിംഗ് | - ജിനീഷ് നിലത്തുമുക്കിൽ | പാലേമാട്) |

**കൽപ്പറ്റ മേഖല**

| | | |
|---|---|---|
| പ്രസിഡണ്ട് | - നെവിൻ പുല്ലൂപറമ്പിൽ | തെനേരി |
| വൈസ് പ്രസിഡണ്ട് | - റ്റാനിയ അഴകനാലിൽ | വാഴവറ്റ |
| സെക്രട്ടറി | - അനുഗ്രഹ് മാത്യു അറയ്ക്കൽ | വൈത്തിരി |
| ജോയിന്റ് സെക്രട്ടറി | - ജോസ്‌ലിൻ കൊടാലിമറ്റം | കൽപ്പറ്റ |
| ട്രഷറർ | - മെൽവിൻ മുണ്ടുനടയ്ക്കൽ | പുഴമുടി |
| കോഡിനേറ്റർ | - റ്റിബിൻ പാറയ്ക്കൽ | റിപ്പൺ |
| സെനറ്റ് മെംമ്പേഴ്സ് | - ജിജോ നടുപറമ്പിൽ | തൃക്കൈപ്പറ്റ |
| | - അലീന അല്ലക്കുഴ | നെടുംമ്പാല |
| സൈബർ വിംഗ് | - ജിൽസ ആക്കാമറ്റത്തിൽ | തെനേരി |

**ദ്വാരക മേഖല**

| | | |
|---|---|---|
| പ്രസിഡണ്ട് | - ജോബിൻ ജോർജ് | ചുള്ളിയാന |
| വൈസ് പ്രസിഡണ്ട് | - അലീന ഇല്ലിക്കൽ | ചുള്ളിയാന |
| സെക്രട്ടറി | - അമൽജിത്ത് കളത്തുപാട്ട് | ദ്വാരക |
| ജോയിന്റ് സെക്ര'റി | - അനുപ്രിയ പുത്തൻപുരക്കൽ | വെള്ളമുണ്ട |
| ട്രഷറർ | - അമൽ മണ്ടയങ്ങാട്ടിൽ | കൊമ്മയാട് |
| കോഡിനേറ്റർ | - അൽബിൻ കളപ്പുരയ്ക്കൽ | മൊതക്കര |
| സെനറ്റ് മെംമ്പേഴ്സ് | - മേബിൾ ജോയി പുള്ളോളിക്കൽ | ദ്വാരക |
| | - ഷിനു വടക്കേക്കര | തോണിച്ചാൽ |

**ചുങ്കക്കുന്ന് മേഖല**

| | | | |
|---|---|---|---|
| പ്രസിഡണ്ട് | - | വിനീഷ് മഠത്തിൽ | ശാന്തിഗിരി |
| വൈസ് പ്രസിഡണ്ട് | - | ഷെറിൻ മടക്കത്താനം | കൊട്ടിയൂർ |
| സെക്രട്ടറി | - | ജോഷൻ ഈന്തുങ്കൽ | കൊട്ടിയൂർ |
| ജോയിന്റ് സെക്രട്ടറി | - | അലന്റീന മണിയംകാട്ടിൽ | അമ്പായത്തോട് |
| ട്രഷറർ | - | ഡെറിൻ കൊട്ടാരത്തിൽ | ചുങ്കക്കുന്ന് |
| കോഡിനേറ്റർ | - | ബ്ലസൻ കെ ജെയിംസ് | ചുങ്കക്കുന്ന് |
| സെനറ്റ് മെംമ്പേഴ്സ് | - | ബിനിൽ മറ്റത്തിൽ | ഒറ്റപ്ലാവ് |
| | - | എയ്ഞ്ചൽ തേങ്ങാപ്പാറയിൽ | പാൽച്ചുരം |

**ബത്തേരി മേഖല**

| | | | |
|---|---|---|---|
| പ്രസിഡണ്ട് | - | ഷെറിൻ മേസ്തിരിപറമ്പിൽ | വാകേരി |
| വൈസ് പ്രസിഡണ്ട് | - | അഖില പുതുകുളത്തിൽ | ബത്തേരി |
| സെക്രട്ടറി | - | വിബിൻ അപ്പോകോട്ടിൽ | ചീങ്ങവല്ലം |
| ജോയിന്റ് സെക്രട്ടറി | - | സ്നേഹ ഓലിക്കത്തൊട്ടിയിൽ | വടക്കനാട് |
| ട്രഷറർ | - | ചാൾസ് ഊരോത്ത് | അമ്പലവയൽ |
| കോഡിനേറ്റർ | - | പ്രതീപ് തുരകുന്നേൽ | ചിത്രഗിരി |
| സെനറ്റ് മെംമ്പേഴ്സ് | - | അൽജോസ് ചൂരക്കുഴിയിൽ | വടക്കനാട് |
| | - | ഡെൽന ചിറയത്ത് | ചുള്ളിയോട് |

**കല്ലോടി മേഖല**

| | | | |
|---|---|---|---|
| പ്രസിഡണ്ട് | - | ലിബിൻ എം ബി | വഞ്ഞോട് |
| വൈസ് പ്രസിഡണ്ട് | - | ആഷ പൂണേലി | പുതിയിടംക്കുന്ന് |
| സെക്രട്ടറി | - | നിധിൻ അപ്പോഴിപ്പറമ്പിൽ | പുതുശ്ശേരി |
| ജോയിന്റ് സെക്രട്ടറി | - | അലീന മഠത്താശ്ശേരി | മക്കിയാട് |
| ട്രഷറർ | - | അതുൽ ആവണിക്കൽ | കല്ലോടി |
| കോഡിനേറ്റർ | - | മെൽബിൻ കൊച്ചുപറമ്പിൽ | കല്ലോടി |
| സെനറ്റ് മെംമ്പേഴ്സ് | - | ആൽബിൻ വിൻസന്റ് | വഞ്ഞോട് |
| | - | അലീന ഉറുമ്പുക്കാട്ട് | മക്കിയാട് |
| സൈബർ വിംഗ് | - | ഡാനിഷ് തെക്കിനാൽ | കല്ലോടി |

**നടവയൽ മേഖല**

| | | | |
|---|---|---|---|
| പ്രസിഡണ്ട് | - | ദീപക് ഒറവനാംതടത്തിൽ | ചുണ്ടക്കര |
| വൈസ് പ്രസിഡണ്ട് | - | ഷാനറ്റ് പാറക്കുന്നേൽ | ചെറുകാട്ടൂർ |
| സെക്രട്ടറി | - | ലിസ്ന പരുവുമ്മേൽ | നടവയൽ |
| ജോയിന്റ് സെക്രട്ടറി | - | അഭിനവ് പാലക്കലോടി | അരിഞ്ചേർമല |
| ട്രഷറർ | - | അഭിജിത്ത് കദളിക്കുഴൽ | ചെറുകാട്ടൂർ |
| കോഡിനേറ്റർ | - | അനിൽ അമ്പലത്തിങ്കൽ | ചുണ്ടക്കര |

| | | |
|---|---|---|
| സെനറ്റ് മെംമ്പേഴ്സ് | - ടെസിൻ വയലിൽ | പനമരം |
| | - വിജിൽ തെക്കെക്കൂറ്റ് | അരിഞ്ചേർമല |
| സൈബർ വിംഗ് | - റിനു പട്ടുപറയിൽ | പനമരം |

**പയ്യംമ്പള്ളി മേഖല**

| | | |
|---|---|---|
| പ്രസിഡണ്ട് | - ജോയ്സ് പുൽപറമ്പിൽ | തൃശ്ശിലേരി |
| വൈസ് പ്രസിഡണ്ട് | - മീനു പുളിക്കൽ | പനവല്ലി |
| സെക്രട്ടറി | - സിബിൻ കളമ്പനാംതടത്തിൽ | പടമല |
| ജോയിന്റ് സെക്രട്ടറി | - ഷിഖ മുടോമറ്റത്തിൽ | പടമല |
| ട്രഷറർ | - ജെസ്ബിൻ പുല്ലത്താനിക്കൽ | കമ്മന |
| കോഡിനേറ്റർ | - ബൈജു പട്ടരുമഠത്തിൽ | പനവല്ലി |
| സെനറ്റ് മെംമ്പേഴ്സ് | - റോഷ്നി തടത്തിൽ | പനവല്ലി |
| | - എബിൻ പൂവത്തിക്കൽ | പടമല |
| സൈബർ വിംഗ് | - മിഥുൻ മോനിപ്പള്ളി | തൃശ്ശിലേരി |

**മാനന്തവാടി മേഖല**

| | | |
|---|---|---|
| പ്രസിഡണ്ട് | - ജോബിഷ് പിക്കുത്തിമാക്കൽ | പോരൂർ |
| വൈസ് പ്രസിഡണ്ട് | - ജിജിന കറുത്തേടത്ത് | ടൗൺ ചർച്ച് |
| സെക്രട്ടറി | - നിഖിൽ ജേക്കബ് പള്ളിപ്പാടൻ | പുതിയിടം |
| ജോയിന്റ് സെക്രട്ടറി | - ലിൻഞ്ചു കുരിശുംമൂട്ടിൽ | കുറ്റിമൂല |
| ട്രഷറർ | - അജിൽ അരയാനിക്കൽ | വലിയക്കൊല്ലി |
| കോഡിനേറ്റർ | - ആഷ്ജൻ കൊച്ചുപാറയ്ക്കൽ | ആലാറ്റിൽ |
| സെനറ്റ് മെംമ്പേഴ്സ് | - ആൻസിൽ കോട്ടക്കൽ | തലപ്പുഴ |
| | - ജോസ്ന വടക്കേടത്ത് | കണിയാരം |
| സൈബർ വിംഗ് | - ജോബിൻ അറയ്ക്കൽ | വലിയക്കൊല്ലി |

**ആശംസകൾ**

2020 പ്രവർത്തന വർഷത്തിൽ കർമ്മോൽസുകരായ്, ധീര നേതാക്കളായ്, മേഖല പ്രവർത്തനങ്ങളെ ഉജ്ജ്വലിപ്പിക്കുന്ന യുവശക്തിയായ് പുതു നേതൃത്വങ്ങൾ മാറട്ടെ എന്ന പ്രാർത്ഥനയോടെ മേഖല സമിതിക്ക് എല്ലാവിധ വിജയാശംസകളും നേരുന്നു. ഒപ്പം മണിമൂളി മേഖല ആനിമേറ്ററായി സ്ഥാനം ഏറ്റെടുത്ത റവ. സി. ഫിലോ എഫ്.സി.സി യ്ക്കും കർമ്മ മണ്ഡലത്തിൽ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**യൂണിറ്റ് വാർത്തകൾ**

**നരിവാലമുണ്ട യൂണിറ്റ്**

നവംബർ 30 ന് രൂപതയിൽ നടത്തിയ ജൂബിലി വർഷ സമാപന ആഘോഷത്തിന് ഇടവകയിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു.

രക്ഷകന്റെ വരവിനെ അറിയിച്ചുകൊണ്ട് യുവജനങ്ങളുടെ നേതൃത്വത്തിൽ ഇടവകയിൽ സ്റ്റാർ നിർമ്മിച്ചു തൂക്കി. ഡിസംബർ 7 ന് അമലോത്ഭവ മാതാവിന്റെ തിരുനാളിന് നിരവധി യുവജനങ്ങൾ വി.കുർബാനയിൽ പങ്കുകൊള്ളുകയും, യുവജനങ്ങളുടെ നേതൃത്വത്തിൽ മനോഹരമായ രഥം നിർമ്മിച്ച് മാമാങ്കര കുരിശടിയിൽ നിന്ന് പള്ളിയിലേക്ക് പ്രദക്ഷിണമായി പോകുകയും ചെയ്തു. ഡിസംബർ 15 ന് പുതിയ പ്രവർത്തന വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു.

**കൊട്ടിയൂർ യൂണിറ്റ്**

ഇടവകയുടെ കെ. സി. വൈ. എം. സംഘടന നിർമിച്ചു നൽകിയ സ്നേഹവീടിന്റെ ആശീർവാദ കർമ്മം കെ.സി.വൈ.എം മേഖല ഡയറക്ടർ ഫാ.വിൻസെന്റ് കളപ്പുര നിർവഹിച്ചു. രൂപതാ ഡയറക്ടർ ഫാ.അഗസ്റ്റ്യൻ ചിറക്കത്തോട്ടത്തിൽ താക്കോൽദാന കർമ്മം നിർവ്വഹിച്ചു. കൊട്ടിയൂർ ഇടവക വികാരി റവ. ഫാ വർഗീസ് മുളകുടിയാങ്കൽ, അസി. വികാരി. ഫാ. ഷിജോ വേനക്കുഴിയിൽ, കെ.സി.വൈ.എം യൂണിറ്റ് പ്രസിഡന്റ് ജോഷൽ ഈന്തുങ്കൽ എന്നിവരാണ് ഭവന പദ്ധതിക്ക് നേതൃത്വം നൽകിയത്. എക്സിക്യൂട്ടീവ് അംഗങ്ങൾ, മേഖല, രൂപത ഭാരവാഹികൾ, ഇടവകാംഗങ്ങൾ തുടങ്ങിയവർ ആശീർവാദ കർമ്മത്തിൽ പങ്കെടുത്തു. സാമ്പത്തികമായി ബുദ്ധിമുട്ടുന്ന ഒരു കുടുംബത്തിന് വീട് എന്ന സ്വപ്നം സാക്ഷാത്കരിച്ചു കൊട്ടിയൂർ യൂണിറ്റ് പുതുവർഷത്തിൽ മാതൃകയായി.

**മക്കിയാട് യൂണിറ്റ്**

അമലോത്ഭവ മാതാവിന്റെ തിരുനാളിന് ഒരുക്കമായി ഏഴാം തീയതി 12 മണിക്കൂർ അഖണ്ഡ ജപമാല നടത്തി 15/12/19 കെ.സി.വൈ.എം. രജതജൂബിലി വർഷ സമാപനവും യുവജന സംഗമവും യൂണിറ്റിൽ നടത്തി. റവ. ഡോ. ടോം എം.എസ്.എഫ്.എസ് ക്ലാസ് നയിച്ചു. കുട്ടികളുടെ കലാവിരുന്നും മധുര പലഹാരവും ദിവസത്തിന് മാറ്റുകൂട്ടി. വർഷാവസാന ദിനത്തിൽ ഇടവകയിലെ കോൺവെന്റിൽ വച്ച് നടത്തിയ 13 മണിക്കൂർ ആരാധനയിലും ഇടവകയിൽ നടത്തിയ വർഷാവസാന ആരാധനയിലും യുവജനങ്ങൾ സജീവമായി പങ്കുചേർന്നു. നക്ഷത്ര രാഗം 2 കെ 19 ഓൺലൈൻ കരോൾഗാന മത്സരത്തിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു. പുതിയ പ്രവർത്തന വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. കെ.സി.വൈ.എംമ്മിന്റെ നേതൃത്വത്തിൽ പുൽക്കൂട് നിർമ്മിച്ചു. ഡിസംബർ 29 ന് സാമൂഹിക തിന്മകളും അവയുടെ പരിണിത

ഫലങ്ങളും എന്ന വിഷയം ആസ്പദമാക്കി ഡിബേറ്റ് നടത്തി, കലാസാഹിത്യ മത്സരത്തിൽ വിജയികളായവർക്ക് സമ്മാനം നൽകി.

**പാറത്തോട്ടം യൂണിറ്റ്**

ക്രിസ്തുമസിന് ഒരുക്കമായി മനോഹരമായ നക്ഷത്രം പള്ളിയുടെ മുഖവാരത്തിൽ അണിയിച്ചൊരുക്കി. കെ.സി.വൈ.എം. രൂപതാതല രജതജൂബിലി സമാപനം ഡിസംബർ എട്ടിന് ഇടവക തലത്തിൽ ആഘോഷമായ വിശുദ്ധബലിയോടു കൂടി നടത്തി. യുവജനങ്ങൾ എല്ലാവരും കാഴ്ച സമർപ്പണത്തിൽ പങ്കുചേർന്നു. തുടർന്ന് 2020 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. അന്നേദിവസം സമരിറ്റൻ ഭവനം സന്ദർശിക്കുകയും അവിടുത്തെ അന്തേവാസികളോടൊപ്പം ക്രിസ്തുമസ് സന്തോഷം പങ്കുവെക്കുകയും ചെയ്തു. അവർക്കായി കലാപരിപാടികൾ സംഘടിപ്പിച്ചു. യുവജനങ്ങളുടെ സാന്നിധ്യം അവർക്ക് സന്തോഷം ഉളവാക്കി. ക്രിസ്തുമസ് ഒരുക്കമായി നടത്തിയ ഏകദിന ധ്യാനത്തിൽ എല്ലാവരും പങ്കുചേരുകയും കുമ്പസാരിക്കുകയും ചെയ്തു. ക്രിസ്തുമസിന് കരോൾ നടത്താനും പുൽക്കൂട് നിർമ്മിക്കാനും യുവജനങ്ങൾ സജീവമായി സഹകരിച്ചു.

**മണിമൂളി യൂണിറ്റ്**

മനോഹരമായ നക്ഷത്രം പള്ളി അങ്കണത്തിൽ തൂക്കാൻ പഴയകാല കെ.സി.വൈ.എം. അംഗങ്ങളോട് ചേർന്ന് പ്രവർത്തിച്ചു. ക്രിസ്തുമസിന് കേക്ക് ഇടവകയിലെ ഭവനങ്ങളിൽ വിതരണം ചെയ്തു. അതിനു മുന്നോടിയായി ഭവന സന്ദർശനം നടത്തി കേക്കിനുള്ള ഓർഡർ എടുത്തു. മണിമൂളി യൂണിറ്റ് അസി. ഡയറക്ടർ റവ. ഫാ. അജിൻ ചക്കാലക്കലിന്റെ നേതൃത്വത്തിൽ മനോഹരമായ പുൽക്കൂട് കെ.സി.വൈ.എം. അംഗങ്ങൾ ഒന്നുചേർന്നു നിർമ്മിച്ചു.

**കുന്നൂർ യൂണിറ്റ്**

പള്ളിയിൽ സ്റ്റാർ തൂക്കിയിടാൻ യുവജനങ്ങൾ നേതൃത്വം നൽകി. എട്ടാം തിയ്യതി മുതൽ തുടങ്ങിയ കരോളിൽ യുവജനങ്ങൾ പങ്കാളികളായി. 10 ദിവസം കരോളിന് ഊർജ്ജം പകർന്നുകൊണ്ട് യുവജനങ്ങൾ പാട്ടുപാടിയും താളം കൊട്ടിയും കരോളിൽ സജീവമായിരുന്നു. 22-12-2019 ന് കെ.സി.വൈ.എം. ക്യാമ്പ് ഇടവകയിൽ വെച്ച് നടത്തി രൂപത കെ.സി.വൈ.എം ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിലും, രൂപത ട്രഷററായ ജിയോയും ക്യാമ്പിന് നേതൃത്വം നൽകി. യുവജനങ്ങളെകുറിച്ചും കെ.സി.വൈ.എം. സംഘടനയെകുറിച്ചും വിശദമായ വിവരങ്ങൾ ക്യാമ്പിൽ വച്ച് യുവജനങ്ങൾക്ക് നൽകി. 42

യുവജനങ്ങൾ ക്യാമ്പിൽ പങ്കെടുത്തു. തിരുപ്പിറവിയോടനുബന്ധിച്ച് പുൽക്കൂട് നിർമ്മിക്കുവാനും അലങ്കാരങ്ങൾക്കും യുവജനങ്ങൾ നേതൃത്വം നൽകി.

**പൂളപ്പാടം യൂണിറ്റ്**

ക്രിസ്തുമസിനോടനുബന്ധിച്ച് യുവജനങ്ങൾ 25 നോമ്പ് ആചരിക്കുകയും വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും ചെയ്തു. പരിശുദ്ധ അമ്മയുടെ അമലോൽഭവ തിരുനാളിനോടനുബന്ധിച്ച് പാതാർ ഗ്രോട്ടോയിലേക്ക് നടത്തിയ ജപമാല റാലിയിലും വിശുദ്ധ കുർബാനയിലും കെ.സി.വൈ.എം. അംഗങ്ങൾ സജീവമായി പങ്കെടുത്തു. ക്രിസ്തുമസിന്റെ ഭാഗമായി ഇടവകയിൽ കേക്ക് വിതരണം ചെയ്യുകയും അതിലൂടെ ചെറിയൊരു ഫണ്ട് കണ്ടെത്തുകയും ക്രിസ്തുമസ് ദിനത്തിൽ പാവപ്പെട്ട പത്ത് കുടുംബങ്ങൾക്ക് ഓരോ കിലോ പോത്തിറച്ചി നൽകുകയും ചെയ്തു. ഇടവകയിലെ പുൽക്കൂട്, ക്രിസ്തുമസ് ട്രീ നിർമ്മാണത്തിൽ യുവജനങ്ങൾ ഒറ്റക്കെട്ടായി പങ്കുചേർന്നു. നിലമ്പൂർ മേഖലയിൽ വെച്ച് നടന്ന Meghas യുവജന ക്യാമ്പിൽ പൂളപ്പാടം കെ.സി.വൈ.എം. യൂണിറ്റ് അംഗങ്ങൾ പങ്കെടുക്കുകയും യൂണിറ്റിന്റെ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

**ചുങ്കക്കുന്ന് യൂണിറ്റ്**

നവംബർ മാസത്തിൽ യുവജനങ്ങൾ വി.ബലിയിൽ പങ്കുകൊള്ളുകയും ശുദ്ധീകരണത്മാക്കൾക്കായി പ്രാർത്ഥിക്കുകയും ചെയ്തു. നവംബർ നാലിന് വൈകുന്നേരം 7.30 മുതൽ 8.30 വരെ ഇടവകയിലെ എല്ലാ ഭവനങ്ങളിലും വചന പാരായണം നടത്തി. നവംബർ മാസത്തിൽ എല്ലാ ദിവസവും രാവിലെ ഏഴരയ്ക്ക് യുവജനങ്ങളുടെ നേതൃത്വത്തിൽ കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. കെ.സി.വൈ.എം. യൂണിറ്റിലെയും സ്കൈ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തി. ക്രിസ്തുമസിനോടനുബന്ധിച്ച് നക്ഷത്രം തൂക്കുന്നതിനും പൂൽക്കൂട് നിർമ്മാണത്തിലും യുവജനങ്ങൾ സജീവമായി പങ്കുചേർന്നു. ഇടവകയിലെ മുഴുവൻ യുവജനങ്ങളെയും വിളിച്ചുകൂട്ടി യുവജന കൂട്ടായ്മ സംഘടിപ്പിച്ചു. കെ.സി.വൈ.എം. മുൻ രൂപത പ്രസിഡണ്ട് ശ്രീ. സജിൻ പി. ചാലിൽ ക്ലാസ്സ് നയിച്ചു. ശാഖാ ഇലക്ഷൻ നടത്തി പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. കർഷക പ്രക്ഷോഭ റാലിക്ക് മുന്നോടിയായി അമ്പായത്തോട് തുടങ്ങി കേളകം വരെ ബൈക്ക് റാലി സംഘടിപ്പിക്കുകയും ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് പന്തം കൊളുത്തി പ്രകടനം നടത്തുകയും ചെയ്തു.

**നിരവിൽപ്പുഴ യൂണിറ്റ്**

ഡിസംബർ 1 ന് യൂണിറ്റ് മീറ്റിംഗ് കൂടി അകാലത്തിൽ വേർപിരിഞ്ഞ ജിൻസന്റെ ഓർമ്മയ്ക്കായ് ജിൻസൺ മെമ്മോറിയൽ ട്രോഫിക്ക് വേണ്ടി വടംവലി മത്സരം നടത്താൻ തീരുമാനിച്ചു. ഡിസംബർ 15 ന് നിരവിൽപ്പുഴ സ്കൂൾ ഗ്രൗണ്ടിൽ വച്ച് മത്സരം സംഘടിപ്പിച്ചു. 30 ടീമുകൾ പങ്കെടുത്ത മത്സരത്തിൽ കെ.സി.വൈ.എം. നിരവിൽപ്പുഴ യൂണിറ്റ് സ്പോൺസർ ചെയ്ത മുക്കം ടീം വിജയിച്ചു. ഡിസംബർ 22 ന് യൂണിറ്റ് തെരഞ്ഞെടുപ്പ് നടത്തി ക്രിസ്തുമസി നോടനുബന്ധിച്ച് പുൽക്കൂട് നിർമ്മാണത്തിലും ക്രിസ്തുമസ് ട്രീ ഉണ്ടാക്കുവാനും യുവജനങ്ങൾ നേതൃത്വം നൽകി. ഡിസംബർ 28 ന് ഇടവകയിൽ നിന്നും മരണം വഴി വേർപിരിഞ്ഞ ജിൻസന്റെ 90–ാം ചരമ ദിനത്തിൽ രൂപത കെ.സി.വൈ.എം. ഡയറക്ടർ ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ ദിവ്യബലി അർപ്പിക്കുകയും ജിൻസന്റെ വീട്ടിൽ പോവുകയും പ്രാർത്ഥിക്കുകയും ചെയ്തു.

**പാതിരിപ്പാടം യൂണിറ്റ്**

വർഷാരംഭ പ്രാർത്ഥനയിലും കുർബാനയിലും ധാരാളം യുവതി യുവാക്കൾ പങ്കെടുത്തു. ഇടവക തിരുനാളിനോടനുബന്ധിച്ചു നടന്ന പൊതുപണിയിലും അലങ്കാര പ്രവർത്തികൾക്കും ധാരാളം യുവജനങ്ങൾ സജീവമായി പങ്ക് ചേർന്നു. തിരുനാളിൽ ദിവ്യകാരുണ്യ പ്രദക്ഷിണം, വിശുദ്ധരുടെ രൂപം വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം എന്നി വയിൽ യുവജന പങ്കാളിത്തം ഉണ്ടായിരുന്നു. ഇടവകയിൽ രോഗികളായി കഴിയുന്നവർക്ക് വീടുകളിൽ ഭക്ഷണം എത്തിക്കുന്നതിലും തിരുനാളിന് കെ.സി.വൈ.എം. സ്റ്റേജ് പ്രോഗ്രാം, സ്റ്റാൾ എന്നിവ നടത്തുന്നതിലും യുവജനങ്ങൾ താല്പര്യം കാണിച്ചു.

**ജിഷിൻ മുണ്ടക്കാത്തടത്തിൽ**
ജനറൽ സെക്രറി

### വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്

ദ്വാരക പാസ്റ്ററൽ സെന്ററിൽ ജനുവരി 10 മുതൽ 13 വരെ നടന്ന MPC യിൽ 102 പേർ പങ്കെടുത്തു. ഇതിന്റെ വിജയത്തിനായി സഹ കരിച്ച എല്ലാ വൈദികർക്കും ടീം അംഗങ്ങൾക്കും നന്ദി.

### അടുത്ത മാസങ്ങളിലെ കോഴ്സുകൾ

ഫെബ്രുവരി 9 -12 - പാസ്റ്ററൽ സെന്റർ ദ്വാരക

മാർച്ച് 01-04 - പാസ്റ്ററൽ സെന്റർ ദ്വാരക

മാർച്ച് 27-30 - പാസ്റ്ററൽ സെന്റർ മണിമൂളി

### പ്രോ-ലൈഫ്

പുൽപ്പള്ളി തിരുഹൃദയ ഇടവകാംഗങ്ങളായ പാറയ്ക്കൽ ഷിജോ ജൈല ദമ്പതികളുടെ അഞ്ചാമത്തെ മകൾ ദിയ റോസിന്റെ മാമ്മോ ദീസ ജനുവരി 18-ന് ഇടവക ദേവാലയത്തിൽ വച്ച് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് നിർവ്വഹിച്ചു. രൂപതാ അസോസിയേറ്റ് ഡയറക്ടർ ഫാ. ജോജോ കുടക്കച്ചിറ തദവസരത്തിൽ സന്നിഹിതനായി രുന്നു. രൂപതാ പ്രോ-ലൈഫ് സമിതി ദമ്പതികളെ അനുമോദിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു.

### മരിയൻ സിംഗിൾസ്

ഡിസംബർ 21 ന് ചേർന്ന മീറ്റിംഗിൽ 18 പേർ പങ്കെടുത്തു. ക്രിസ്തുമസ് സമ്മാനങ്ങൾ കൈമാറി.

### മാതൃവേദി

ജനുവരി 11 ന് രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. മാതൃവേദി പ്രവർത്തനങ്ങളും രൂപതാ വാർഷിക ക്രമീകരണങ്ങളും വിലയിരുത്തി. ജനുവരി 23-24 തിയ്യതികളിൽ പാലാ അൽഫോൻസിയൻ പാസ്റ്ററൽ സെന്ററിൽ ചേർന്ന അന്തർദേശീയ മാതൃവേദി ജനറൽബോഡി യോഗ ത്തിൽ രൂപതാ ഡയറക്ടർ, ആനിമേറ്റർ, ഭാരവാഹികൾ, സെനറ്റ് അംഗ ങ്ങൾ എന്നിവർ പങ്കെടുത്തു.

### കല്ലോടി മേഖല

മേഖലാ വാർഷിക ആഘോഷവും കരോൾ ഗാനമത്സരവും പുതു ശ്ശേരി ഇടവകയിൽവച്ചു നടത്തി. വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

**ചുങ്കക്കുന്ന് മേഖല**

മേഖലയുടെ ബെസ്റ്റ് യൂണിറ്റുകൾക്കുള്ള ട്രോഫികൾ വിതരണം ചെയ്തു. കരോൾ ഗാനമത്സരം നടത്തി.

**തരിയോട് മേഖല**

രൂപതാ വാർഷികത്തിൽ എല്ലാ ശാഖകളിൽ നിന്നും ഭാരവാഹികൾ പങ്കെടുത്തു, രൂപതയിലെ മികച്ച മേഖലക്കുള്ള മൂന്നാം സമ്മാനം നേടി. മേഖലാ വാർഷികം ചെന്നലോട് വച്ചു നടത്തി. രൂപതാ അസോസിയേറ്റ് ഡയറക്ടർ ഫാ. ജോജോ കുടക്കച്ചിറ മുഖ്യപ്രഭാഷണം നടത്തി. കരോൾ ഗാനമത്സരം നടത്തി, വിജയികൾക്കും കലാമത്സര വിജയികൾക്കും ലോഗോസ് ക്വിസ് വിജയികൾക്കും സമ്മാനങ്ങൾ നല്കി.

**പുൽപ്പള്ളി**

അമലോത്ഭവ തിരുനാൾ ആചരിച്ചു. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. സമരിറ്റൻഭവൻ സന്ദർശിച്ചു, സംഭാവന നൽകി. ബിഷപ്സ് ഹൗസ്, സെമിനാരി, വിയാനിഭവൻ എന്നിവിടങ്ങൾ സന്ദർശിച്ചു.

**പുതിയിടംകുന്ന്**

ഭവനസന്ദർശനവും, രോഗീസന്ദർശനവും നടത്തി. വെള്ളിയാഴ്ച ശുശ്രൂഷയിൽ സംബന്ധിച്ചു. രൂപത വാർഷികത്തിൽ ഭാരവാഹികൾ പങ്കെടുത്തു. കരോൾഗാന മത്സരത്തിൽ സമ്മാനാർഹരായി.

**കൽപ്ര**

അമലോത്ഭവ തിരുനാൾ ആചരിച്ചു. ബഹു. ബിജോയ് ആരിമറ്റം കുടുംബജീവിതത്തെക്കുറിച്ച് ക്ലാസ്സ് നയിച്ചു, 88 അമ്മമാർ പങ്കെടുത്തു. 2 അമ്മമാർ പുതിയ നിയമം എഴുതി പൂർത്തിയാക്കി. ബഹു. വികാരിയച്ചൻ പ്രകാശനം ചെയ്തു. പൗരോഹിത്യം സ്വീകരിക്കാൻ ഒരുങ്ങുന്ന ഡീക്കന്മാർക്കുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ഭവനസന്ദർശനവും, രോഗീസന്ദർശനവും നടത്തി.

**മരകാവ്**

മേഖല വാർഷികത്തിൽ പങ്കെടുത്തു. ഹോം മിഷന്റെ വിജയത്തിനായി അഖണ്ഡജപമാല, ജപമാല റാലി എന്നിവ നടത്തി. ധ്യാന വിജയത്തിനായി 300 നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന ചൊല്ലി. 6 സാധു കുടുംബങ്ങൾക്ക് ക്രിസ്തുമസ് കിറ്റും കേക്കും വിതരണം ചെയ്തു. ഇടവകദിനാഘോഷത്തിൽ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

**പാതിരിപ്പാടം**

അമലോത്ഭവത്തിരുനാൾ ആഘോഷിച്ചു. കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ ആചരിച്ചു. ഭവനസന്ദർശനവും, രോഗീസന്ദർശനവും നടത്തി. പൗരോഹിത്യം സ്വീകരിക്കാൻ ഒരുങ്ങുന്ന ഡീക്കന്മാർക്കുവേണ്ടി പ്രാർത്ഥിച്ചു.

**ബോസ്പാറ**

വാർഡുകളിൽ ക്രിസ്തുമസ് ആഘോഷം നടത്തി. ക്രിസ്തുമസിന് ഒരുക്കമായി കുട്ടികളെ സുകൃതജപങ്ങൾ പഠിപ്പിച്ചു. രോഗീസന്ദർശനം നടത്തി. ഫണ്ട് ശേഖരണാർത്ഥം പള്ളിയിലെ കാപ്പിക്കുരു പറിക്കൽ ഏറ്റെടുത്തു. 500 രൂപയുടെ ചിട്ടി നടത്തികൊണ്ടിരിക്കുന്നു. ദേവാലത്തിലെ ചെടിത്തോട്ടം നന്നാക്കാൻ ഏറ്റെടുത്തു. ക്രിസ്തുമസിന് ധാരാളം പുഷ്പങ്ങൾ ദേവാലത്തിന് നൽകി.

**കോട്ടത്തറ**

എയ്ഡ്സ് രോഗികൾക്കുവേണ്ടി കരുണകൊന്ത ചൊല്ലി. കരോൾ ഗാനമത്സരത്തിൽ പങ്കെടുത്തു. വാർഡുകളിൽ ക്രിസ്തുമസ് ആഘോഷം നടത്തി. സാധുകുടുംബത്തിന് ക്രിസ്മസ് കിറ്റ് നൽകി.

**കയ്യൂന്നി**

കരോൾ ഗാനമത്സരം നടത്തി. 30 അമ്മമാർ പുതിയ നിയമം പകർത്തിയെഴുതി. മെമന്റോ നൽകി അവരെ ആദരിച്ചു. വിവിധ നേട്ടങ്ങൾ കൈവരിച്ച 11 അമ്മമാരെ ആദരിച്ചു. ബൈബിൾ മാസാചരണം നടത്തി. രൂപതയിലെ ഏറ്റവും മികച്ച മാതൃവേദി യൂണിറ്റായി തെരഞ്ഞെടുക്കപ്പെട്ടു.

**വഞ്ഞോട്**

രൂപത വാർഷികത്തിൽ പങ്കെടുത്തു. കരോൾ ഗാനമത്സരത്തിൽ സംബന്ധിച്ചു. 45 ഭവനങ്ങൾ സന്ദർശിച്ചു. ക്രിസ്മസ് ദിനത്തിൽ 65 പൊതിച്ചോറ് കോളനിയിൽ വിതരണം ചെയ്തു. ക്രിസ്മസ് ട്രീ നിർമ്മിച്ചു.

**വടപുറം**

വൃദ്ധമാതാപിതാക്കളെ സന്ദർശിച്ച് ക്രിസ്മസ് കേക്ക് നൽകി. കരോൾ ഗാനമത്സരത്തിൽ പങ്കെടുത്തു.

**നരിവാലമുണ്ട**

പ്ലാസ്റ്റിക് നിരോധന ബോധവത്കരണഭാഗമായി ഇടവകയിലെ എല്ലാ കുടുംബങ്ങൾക്കും തുണിസഞ്ചി ക്രിസ്മസ് ഗിഫ്റ്റായി വിതരണം ചെയ്തു. മാതൃവേദി ആന്തമത്സരം നടത്തി. കുട്ടികൾക്കായി ബൈബിൾ ക്വിസ് മത്സരം നടത്തി. കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ ആഘോഷം കൊണ്ടാടി. എലീശ്വാസംഗമം നടത്തി.

**ചെന്നലോട്**

ഈ വർഷം പൗരോഹിത്യം സ്വീകരിക്കുന്ന ഡീക്കന്മാർക്കുവേണ്ടി ഉപവസിച്ചു പ്രാർത്ഥിച്ചു. മേഖലയിൽ സംഘടിപ്പിച്ച കരോൾ ഗാനമത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**പാറത്തോട്ടം**

കാഴ്ചസമർപ്പണത്തിന് ലഭിച്ച സാധനങ്ങളുമായി ഓസാനാം ഭവൻ സന്ദർശിച്ചു. 3 സാധു കുടുംബങ്ങൾക്ക് ക്രിസ്മസ് കിറ്റ് നൽകി. രോഗീസന്ദർശനവും ഭവനസന്ദർശനവും നടത്തി.

**ബത്തേരി**

8-ാം തിയ്യതി മാതൃദിനമായി ആചരിച്ചു. പൊതു ദിവ്യകാരുണ്യ സ്വീകരണം നടത്തി. മേഖലാ വാർഷികത്തിൽ അമ്മമാർ പരിപാടികൾ അവതരിപ്പിച്ചു. സെമിനാരി സന്ദർശിച്ച് 12,000 രൂപ സംഭാവന നൽകി. രോഗീസന്ദർശനം നടത്തി. ഭിന്നശേഷിയുള്ള കുട്ടിക്ക് സഹായം നൽകി. ദത്തെടുത്ത കുട്ടിക്ക് 15,000 രൂപ പഠന സഹായം നൽകി.

**ചുങ്കക്കുന്ന്**

ആദിവാസി കോളനി ഒരു വർഷത്തേക്ക് ദത്തെടുത്തു. ക്രിസ്മസ് ആഘോഷം കോളനിയിൽ വെച്ച് നടത്തി. ശ്രീമതി രേഷ്മ, ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ്സ് നൽകി. രൂപതയിലെ 11 ഡീക്കന്മാർക്കു വേണ്ടി ജപമാല ചൊല്ലി. ഉത്തര മേഖല കർഷക പ്രക്ഷോഭ റാലിയിൽ 150 അമ്മമാർ പങ്കെടുത്തു. സമരിറ്റൻ ഭവനം സന്ദർശിച്ച് 2000 രൂപ നൽകി. നവസന്യാസിനിയെ ആദരിച്ചു. കരോൾഗാന മത്സരം നടത്തി. കുഞ്ഞിപൈതങ്ങളുടെ തിരുനാൾ ആഘോഷിച്ചു.

**ഇടിവണ്ണ**

മേഖലയിൽ നടന്ന കരോൾഗാന മത്സരത്തിൽ ഒന്നാംസ്ഥാനം നേടി. പള്ളിപെരുന്നാളിന് അമ്മമാർ പൂക്കൾ നിർമ്മിച്ചു.

**പൂക്കോട്ടുംപാടം**

രൂപത വാർഷികത്തിൽ പങ്കെടുത്തു. രൂപതയിൽ ഏറ്റവും മികച്ച രണ്ടാമത്തെ ശാഖയായി തിരഞ്ഞെടുക്കപ്പെട്ടു. തുവൂർ ആകാശ പറവകളെ സന്ദർശിക്കുകയും മിഠായിയും 5000 രൂപയും നൽകി. കരോൾ ഗാനമത്സരത്തിൽ പങ്കുചേർന്നു. കരോൾ സന്ദേശവുമായി ഭവനങ്ങൾ സന്ദർശിച്ചു. നവ വൈദീകരെ ആദരിച്ചു.

**കരിമാനി**

ക്രിസ്മസിനൊരുക്കമായി അര മണിക്കൂർ വചന പാരായണം നടത്തി. സ്നേഹാലയം സന്ദർശിച്ചു. ഗവൺ. ഹോസ്പിറ്റലിൽ ഭക്ഷണം പാകം ചെയ്യാൻ സഹായിച്ചു. ധനസഹായം നൽകി. അമലോത്ഭവ

തിരുനാൾ ആഘോഷിച്ചു. എല്ലാ അംഗങ്ങൾക്കും യൂണിഫോം സാരി നൽകി. സമ്പൂർണ്ണ മാതൃവേദിയാക്കി.

**അമ്പായത്തോട്**

ബൈബിൾ മാസാചരണം നടത്തി. ദേവാലയ തിരുക്കർമ്മങ്ങൾക്ക് ആവശ്യമായ പൂക്കൾ വാങ്ങി. ജൈവ പച്ചക്കറിത്തോട്ടം സന്ദർശിച്ച് സമ്മാനം നൽകി. മതബോധന ക്ലാസ്സിലെ കുട്ടികൾക്ക് ഫിയാത് മിഷന്റെ 'ഉണ്ണീശോയുടെ സ്വന്തം' എന്ന പുസ്തകം വാങ്ങി കൊടുത്തു. പുൽക്കൂട് നിർമ്മാണ മത്സരം നടത്തി. വൃദ്ധമാതാപിതാക്കളുടെ ഭവനം സന്ദർശിച്ചു. ആദിവാസി കോളനി സന്ദർശിച്ചു. കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ ആഘോഷിച്ചു.

**കുറുമണി**

ഇടവകയിലെ മുഴുവൻ ഭവനങ്ങളും സന്ദർശിച്ച് ഉണ്ണിയേശുവിന്റെ രൂപം നൽകി. വീടുകളിൽനിന്നും ലഭിച്ച സംഭാവന ഉപയോഗിച്ച് 11 നിർദ്ധന കുടുംബങ്ങൾക്ക് ക്രിസ്മസ് കിറ്റുകൾ നല്കി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. മേഖലാ വാർഷികത്തിലും കരോൾഗാന മത്സരത്തിലും പങ്കെടുത്തു. ഇടവകയിലെ ക്രിസ്മസ് പരിപാടികളിൽ അമ്മമാർ പങ്കെടുത്തു.

**കുഞ്ഞോം**

മേഖലാ കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. 10 പ്രമാണങ്ങളെക്കുറിച്ച് സി. ലിസ ക്ലാസ്സെടുത്തു. പാവപ്പെട്ട കുടുംബത്തിന് 1000 രൂപ ധനസഹായം നല്കി, മറ്റൊരു കുടുംബത്തിന് ക്രിസ്മസ് കിറ്റ് നല്കി. പച്ചക്കറിത്തോട്ടം തയ്യാറാക്കിയവർക്കെല്ലാം സമ്മാനങ്ങൾ നല്കി. പള്ളിപ്പറമ്പിലെ കാപ്പിക്കുരു പറിക്കാൻ സഹായിച്ചു. ലോക സമാധാനത്തിനായി പ്രാർത്ഥിച്ചു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം
**ഫാ. ജോജോ കുടക്കച്ചിറ**
അസി. ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യവെള്ളി – 3-01-2020**

രാവിലെ 10 മണിക്ക് എൽഡറിംഗ് ആരംഭിച്ചു. തുടർന്ന് കുരിശിന്റെ വഴിയും സ്തുതി ആരാധനയും നടത്തി. ടീം മീറ്റിംഗിൽ ഡിസംബർ മാസത്തെ ശുശ്രൂഷകളെ വിലയിരുത്തി. തുടർന്ന് ആദ്യശനി കൺവെൻഷനുള്ള ഒരുക്ക ശുശ്രൂഷകൾ നടത്തി. 5 മണിക്ക് ജാഗരണ പ്രാർത്ഥന ആരംഭിച്ചു. 10 മണിക്ക് ശുശ്രൂഷകൾ സമാപിച്ചു.

**ആദ്യശനി കൺവെൻഷൻ – 4-01-2020**

രാവിലെ 6 മണിക്ക് ശുശ്രൂഷകർ പ്രാർത്ഥിച്ചൊരുങ്ങി. 8-45 ന് പൊതുശുശ്രൂഷകൾ ആരംഭിച്ചു. ജപമാല പ്രദക്ഷിണം, സ്തുതിയാരാധന എന്നിവയ്ക്കുശേഷം സീയോൻ ധ്യാനകേന്ദ്രം അസ്സി. ഡയറക്ടർ റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ വചനപ്രഘോഷണവും, സിയോൻ ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. സോണി വാഴകാട്ട് വി. ബലിയും അർപ്പിച്ചു. ദിവ്യകാരുണ്യ ആരാധനയ്ക്ക് റവ.ഫാ. ജിന്റോ തട്ടുപറമ്പിൽ, റവ.ഫാ. സോണി വാഴകാട്ട് എന്നിവർ നേതൃത്വം നൽകി. 3.15ന് ശുശ്രൂഷകൾ സമാപിച്ചു.

**രണ്ടാം വെള്ളി – ജാഗരണപ്രാർത്ഥന 10-1-2020**

വൈകിട്ട് 6 മണിക്ക് കുരിശിന്റെവഴി ആരംഭിച്ചു. തുടർന്ന് കരുണകൊന്ത, ജപമാല, മദ്ധ്യസ്ഥപ്രാർത്ഥന എന്നിവ നടത്തി. ബ്ര. ജോസ് മാളോല, പൈലി തുറപ്പാട്ട്, ബേബി നാക്കുഴിക്കാട്ട്, ബേബി കുപ്പയിൽ, ബിജു വാകേരി എന്നിവർ നേതൃത്വം നൽകി. റവ.ഫാ. സോണി വാഴകാട്ട് വചനസന്ദേശം നൽകി. റവ.ഫാ.ജിന്റോ തട്ടുപറമ്പിൽ വി.ബലി അർപ്പിച്ചു. രാത്രി 1 മണിക്ക് ശുശ്രൂഷകൾ സമാപിച്ചു.

**രണ്ടാം ശനി – പൊതുസ്പിരിച്ച്വൽ ഷെയറിംഗ് 11- 01- 2020**

ശനിയാഴ്ച രാവിലെ 6 മണി മുതൽ ശുശ്രൂഷകർ പ്രാർത്ഥിച്ചൊരുങ്ങി. 9.30 പൊതുസ്പിരിച്ച്വൽ ഷെയറിംഗ് ആരംഭിച്ചു. 39 പേർ പങ്കെടുത്തു.

**താമസിച്ചുള്ള പരിശുദ്ധാത്മാഭിഷേക ധ്യാനം 16–19**

4 ദിവസത്തെ താമസിച്ചുള്ള പരിശുദ്ധാത്മാഭിഷേക ധ്യാനത്തിന് സീയോൻ ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. സോണി വാഴകാട്ട്, അസ്സി. ഡയറക്ടർ റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, റവ. ഫാ. അഗസ്റ്റ്യൻ താന്നിയിൽ, റവ. ഫാ. ജെയ്മോൻ കളമ്പുകാട്ട്, റവ. ഫാ. ബാബു ചക്യയത്ത്, ബ്ര. ജോസഫ് വട്ടക്കുന്നേൽ എന്നിവർ നേതൃത്വം നല്കി.

**നാലാം ശനി – രോഗസൗഖ്യശുശ്രൂഷദിനം 25–01 2020**

രാവിലെ 9.30 ന് രോഗശുശ്രൂഷകൾക്ക് വേണ്ടിയുള്ള പ്രാർത്ഥന കൾ ആരംഭിച്ചു. ജപമാല, കുരിശിന്റെവഴി, സ്തുതി ആരാധന, വി.കുർബാന, തൈലാഭിഷേക പ്രാർത്ഥന എന്നിവ നടത്തി.

**2020 ഫെബ്രുവരി മാസത്തിലെ ശുശ്രൂഷകൾ**

| | | |
|---|---|---|
| 31–01–2020 ആദ്യവെള്ളി | – | എൽഡറിംഗ്, ടീം മീറ്റിംഗ്, ജാഗരണം |
| 01–02–2020 ആദ്യശനി | – | ഏകദിനകൺവെൻഷൻ |
| 07–02–2020 രണ്ടാം വെള്ളി | – | ജാഗരണ പ്രാർത്ഥന 6 pm to 12 am |
| 08–02–2020 രണ്ടാം ശനി | – | പൊതുസ്പിരിച്ചൽ ഷെയറിംഗ് |
| 13–26 വ്യാഴം – ഞായർ | – | ആന്തരിക സൗഖ്യധ്യാനം |
| 22–02–2020 നാലാം ശനി | – | രോഗസൗഖ്യശുശ്രൂഷാ ദിനം |
| 21–23 വെള്ളി – ഞായർ | – | (ധ്യാനം) ഹസ്സൻ (നേഴ്സിംഗ് സ്റ്റുഡൻസ്) |
| 24–27 തിങ്കൾ – വ്യാഴം | – | ഇടിവെണ്ണ (നിലമ്പൂർ) |

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരരെ,

പുതുവർഷത്തിലെ പ്രഥമമാസം നാം പിന്നിട്ടുകഴിഞ്ഞു. ഈ വർഷം പൂർത്തിയാവാൻ നാം ഇനിയും ഒട്ടേറെ ദൂരം സഞ്ചരിക്കേണ്ട തായുണ്ട്. നമ്മുടെ മുന്നിൽ അനന്തസാധ്യതകളാണ് ദൈവം തുറന്നിട്ടിരിക്കുന്നത്. ലക്ഷ്യപ്രാപ്തിയിലെത്താൻ നാമോരോരുത്തരും ഒറ്റക്കും കൂട്ടായും നിരവധി പ്രതിബന്ധങ്ങളെ തരണം ചെയ്യേണ്ടതായി വരും. ഇത്തരം പ്രതിസന്ധികൾക്കു മുന്നിൽ പകച്ചു നില്ക്കാതെ -പതറാതെ ദൈവകരങ്ങളിൽ മുറുകെ പിടിച്ച് മുന്നേറണം. വിൻസെൻഷ്യൻ പ്രവർത്തനങ്ങളിലും നാം ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടതായിട്ടുണ്ട്. നമ്മൾ ഹൃദയങ്ങളിൽ സ്നേഹവും, കരുണയും കാത്തുസൂക്ഷിക്കുന്നവരാകണം. ആദിമസഭാതനയരെ പ്പോലെ നമ്മോടൊപ്പമുള്ള ഏവരെയും സഹോദരി-സഹോദരന്മാരായി കാണണം. അപരന്റെ പോരായ്മകൾ നികത്തി അവരെ നമ്മോടൊപ്പം കൊണ്ടുപോകേണ്ട കടമയും നമുക്കുണ്ട്. പങ്കുവയ്ക്കലിന്റെ മനോഭാവം വളർത്തുമ്പോൾ അത് ഭൗതീകവും ആത്മീയവുമായ തലങ്ങളിലു മുണ്ടാവണം. സ്വസഹോദരനെ അവഗണിച്ച് നാമെന്തു നേടിയാലും ആ നേട്ടങ്ങൾ ആത്യന്തികമായി കോട്ടങ്ങളായി പരിണമിച്ചേക്കാം. ഓരോ വിൻസെൻഷ്യൻ കൂട്ടായ്മകളും മറ്റുള്ളവർക്ക് മാതൃകയായി പ്രവർത്തിക്കണം. നമ്മുടെ പരസ്നേഹവും, കരുണയും, കരുതലു മാവട്ടെ മറ്റുള്ളവരെ നമ്മിലേക്കും ആത്യന്തികമായി ദൈവത്തിങ്ക ലേക്കും ആകർഷിക്കുന്ന ഘടകങ്ങൾ.

**സി.സി.യോഗം**

ജനുവരി 11-ന് സി.സി.യോഗം ചേർന്നു. സി.സി. പ്രസിഡന്റ് ബ്ര.ജോർജ്ജ് ആക്കാന്തിരി അധ്യക്ഷത വഹിച്ചു. ബ്ര.അഗസ്റ്റിൻ കൊടിയംകുന്നേൽ സ്വാഗതവും, ബ്ര.ബാബു നമ്പുടാകം കണക്ക്, ബ്ര.ജോൺ നെടുങ്കൊമ്പിൽ കണക്ക്, ബ്ര.വിൻസെന്റ് ജോൺ വടക്കുംചേരി ഓസാനാംഭവൻ കണക്കുകൾ എന്നിവ അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം യോഗം ഇവ അംഗീകരിച്ചു. ട്രഷറർമാർക്കുള്ള മാനന്തവാടി മേഖല പരിശീലന പരിപാടി ഫെബ്രുവരി 7-ന് രാവിലെ

9.30–മുതൽ 1.30–വരെ കണിയാരം സെന്റ് ജോസഫ്സ് കത്തീഡ്രൽ ഹാളിൽ നടത്തുവാൻ തീരുമാനിച്ചു. മാനന്തവാടി, കല്ലോടി, ചുണ്ടക്കര, കൊട്ടിയൂർ, തോണിച്ചാൽ, തരിയോട്, കുറുമ്പാല, പയ്യംമ്പള്ളി, എന്നീ എ.സി.കളിൽപ്പെട്ട കോൺഫ്രൻസുകളിലെ ട്രഷറർമാർ, എ.സി. ട്രഷറർമാർ, മറ്റ് ഭാരവാഹികൾ എന്നിവരും, വയനാട് ജില്ലയിൽപ്പെട്ട (മുമ്പ് നടത്തിയ പരിശീലന പരിപാടിയിൽ പങ്കെടുക്കാത്തവരും) മാനന്തവാടിയിലെ പരിശീലന പരിപാടിയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പുതിയ രീതിയിലുള്ള കണക്കുബുക്കുകൾ പരിശീലന പരിപാടിയിൽ നല്കുന്നതാണ്. 2020 ഏപ്രിൽ ഒന്നു മുതൽ പുതിയ കണക്കു ബുക്കുകളിൽ മാത്രമാണ് വരവ്–ചിലവ് കണക്കുകൾ എഴുതേണ്ടത്.

ഓസാനാംഭവനുവേണ്ടി വച്ചിരിക്കുന്ന സംഭാവനപെട്ടികൾ എല്ലാ മാസവും എ.സി. ഭാരവാഹികളുടെ നേതൃത്വത്തിൽ തുറന്ന് പ്രസ്തുത തുക സി.സി.യിൽ ഏല്പ്പിക്കേണ്ടതാണ്. ഒരു രൂപ ഒരുദിനം പദ്ധതി ക്കായി ഭവനങ്ങളിൽ സംഭാവനപെട്ടികൾട്ട് എ.സി.കളിൽ സംഘടിപ്പിച്ച് ഏപ്രിൽ 5–നകം സി.സി.ജനറൽ സെക്രട്ടറിയെ നിർബന്ധമായും ഏല്പ്പിക്കേണ്ടതാണ്. നിലമ്പൂർ എ.സി.യിൽപ്പെട്ട വടപുറം കോൺഫ്രൻസിന്റെ പ്രവർത്തനങ്ങൾ യോഗം ചർച്ച ചെയ്തു. 2020 മെയ് 12–ന് ബത്തേരി അസംപ്ഷൻ പള്ളിയിൽ നടക്കുന്ന സി.സി. വാർഷിക പരിപാടികൾ അവലോകനം ചെയ്തു. വെള്ളപ്പൊക്ക ദുരിതാശ്വാസപദ്ധതി പ്രകാരം ലഭിച്ച പ്രോജക്ടുകളുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റുകൾ കോൺഫ്രൻസുകൾ എത്രയും വേഗം നല്കണ മെന്ന് തീരുമാനിച്ചു.

ട്വിന്നിംഗ് ഗ്രാന്റ് ലഭിക്കുന്ന കോൺഫ്രൻസുകൾ അവ നല്കുന്ന കോൺഫ്രൻസുകൾക്ക് മറുപടി കത്ത് അയക്കേണ്ടതാണ്. സി.സി. ടീമിനായി ഫെബ്രുവരിയിൽ ലാസലെററ് ആശ്രമത്തിൽ ഏകദിന പ്രാർത്ഥന നടത്തുവാൻ തീരുമാനിച്ചു. കോൺഫ്രൻസുകളുടെ കണക്കു കൾ ചാർട്ടേർഡ് അക്കൗണ്ടിനെക്കൊണ്ട് പരിശോധിപ്പിക്കണമെന്ന് നിർദ്ദേശിച്ചു. സി.സി. സന്ദർശനത്തിനെത്തുന്ന ഇംഗ്ലണ്ട് ആന്റ് വെയിൽസ് ടീമിനെ സ്വീകരിക്കുവാൻ തീരുമാനിച്ചു.

**ഓസാനാം ഫെസ്റ്റ്**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററിയുടെ യുവജന വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കലാമത്സരങ്ങൾ നടത്തി. വിജയികൾ– ഭക്തിഗാനം (ജൂനിയർ) 1. എയ്ഞ്ചലിൻ അന്ന ജെയിംസ്

(കോട്ടത്തറ), 2. ജിസ്മരിയ സണ്ണി (കോട്ടത്തറ), ഭക്തിഗാനം (യൂത്ത്) 1. ആഷ്‌ലിൻ ജോർജ്ജ് (മുള്ളൻകൊല്ലി), പ്രസംഗം - (ജൂനിയർ) 1. ടി.എം. അലീന (കാവുമന്ദം), 2. പി.ഡി. അൽഫോൻസ (കൊമ്മയാട്). പ്രസംഗം (യൂത്ത്) 1. ഡെനിക് ശ്രാവൺ (മൂലങ്കാവ്), 2. ഡയോണ ജോയ് (മുള്ളൻകൊല്ലി). ക്വിസ് - 1. ഡെനിക് ശ്രാവൺ (മൂലങ്കാവ്), 2. പി.ഡി. അൽഫോൻസ (കൊമ്മയാട്).

**ഓസാനാംഭവൻ സന്ദർശനം**

ഫെബ്രുവരി 1-15 ബത്തേരി എ.സി.യിൽപ്പെട്ട കോൺഫ്രൻസുകൾ, 16-29 ഗൂഡല്ലൂർ എ.സി.യിൽപ്പെട്ട കോൺഫ്രൻസുകൾ, മാർച്ച് 1-15 മണിമൂളി എ.സി.യിൽപ്പെട്ട കോൺഫ്രൻസുകൾ, 16-30 നിലമ്പൂർ എ.സി.യിൽപ്പെട്ട കോൺഫ്രൻസുകൾ.

സ്നേഹപൂർവം,

**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**
സി.സി. ആത്മീയ ഉപദേഷ്ടാവ്
**ബ്ര. ജോർജ്ജ് ആക്കാന്തിരി**
സി.സി. പ്രസിഡന്റ്

**വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് നബാർഡിന്റെ അംഗീകാരം**

സംസ്ഥാനത്ത് നബാർഡ് നടപ്പിലാക്കിവരുന്ന സമഗ്ര ആദിവാസി പദ്ധതി ഏറ്റവും നല്ല രീതിയിൽ നടപ്പിലാക്കിയതിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് നബാർഡ് അവാർഡ് നൽകി. തിരുവനന്തപുരത്ത് ദി ഡസിഡൻസി ഹോട്ടലിൽ വച്ച് നടന്ന സംസ്ഥാന ക്രെഡിറ്റ് സെമിനാറിൽ വച്ച് സംസ്ഥാന കൃഷി വകുപ്പ് മന്ത്രി വി.എസ്. സുനിൽകുമാറിൽ നിന്ന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസ്സർ ജോസ്. പി.എ. എന്നിവർ അവാർഡ് ഏറ്റുവാങ്ങി. കേരളത്തിലെ വിവിധ ജില്ലകളിൽ നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതി (വാടി) നടപ്പിലാക്കി വരുന്നുണ്ട്. വിവിധ സന്നദ്ധ സംഘടനകളാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കഴിഞ്ഞ അഞ്ച് വർഷക്കാലമായി തവിഞ്ഞാൽ, തൊണ്ടർനാട് ഗ്രാമപഞ്ചായത്തുകളിലായി 730 ആദിവാസി കുടുംബങ്ങളെ ഉൾപ്പെടുത്തി നടത്തിയ വികസന പദ്ധതിയാണ് സംസ്ഥാനത്തു തന്നെ ഏറ്റവും മുൻപന്തിയിൽ എത്തിച്ചേർന്നത്.

ആദിവാസി വിഭാഗത്തിൽ വരുന്ന ചെറുകിട നാമമാത്ര കർഷകരുടെ തരിശുഭൂമി കൃഷിയിടങ്ങളാക്കി മാറ്റുക എന്നതാണ് വാടി എന്ന പേരിൽ അറിയപ്പെടുന്ന സമഗ്ര ആദിവാസി വികസന പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. വാടി എന്ന വാക്കിന് ഹിന്ദിയിൽ തോട്ടം എന്നാണ് അർത്ഥം. അതിനാൽതന്നെ തരിശായികിടക്കുന്ന കൃഷി ഭൂമിയെ ആരോഗ്യമുള്ള കൃഷിയിടങ്ങളായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി തരിശായികിടക്കുന്ന കൃഷിയിടത്തിലെ കാടുകൾ വെട്ടിതെളിച്ച് വൃത്തിയാക്കി. തുടർന്ന് കൃഷിയിടത്തിൽ ആവശ്യമായ ജല–മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ അനുവർത്തിച്ചു. മൺകയ്യാലകൾ, കല്ല് കയ്യാലകൾ, നീർക്കുഴികൾ, വനവത്ക്കരണം എന്നിവയാണ് ജല മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി പദ്ധതി പ്രദേശത്ത് നടപ്പിലാ

ക്കിയത്. ജലമണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കുശേഷം തോട്ടം വെച്ചു പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതിന്റെ ഭാഗമായി കാപ്പി, കുരുമുളക് എന്നിവയുടെ വിപുലമായ നേഴ്സറി ബോയ്സ് ടൗണിൽ സജ്ജീകരിച്ചു. കൂടാതെ ആവശ്യമായ ജൈവവളം നൽകുന്നതിനായി ബോയ്സ് ടൗണിൽതന്നെ 'വാരണാസി കമ്പോസ്റ്റ്' ആവശ്യത്തിന് നിർമ്മിച്ചു. വാരണാസി കമ്പോസ്റ്റിന് പ്രധാനമായും ചകിരി ചോറാണ് അസംസ്കൃതവസ്തുവായി ഉപയോഗിക്കുന്നത്. ഇത് മണ്ണിലെ ഈർപ്പാംശം നിലനിർത്തുന്നതിനും വിളകളുടെ വേരുകൾ കരുത്തോടെ വളരുന്നതിനും സഹായിക്കുന്നു. തൈകൾ കൃഷിസ്ഥലത്തു നടത്തുന്നതിനു വേണ്ടി ആവശ്യമായ കുഴികൾ കൃത്യമായ രീതിയിൽ അഗ്രോണമിസ്റ്റിന്റെ മേൽനോട്ടത്തിൽ നിർമ്മിച്ചു. മണ്ണിന്റെ പി.എച്ച്. കൃത്യമാക്കുന്നതിനായി മുഴുവൻ കർഷകർക്കും ഡോളോമെറ്റ് വിതരണം ചെയ്തു. അടിവളമായി ചാണകം, കമ്പോസ്റ്റ് എന്നിവ നൽകി. തുടർന്ന് നൽകിയ തൈകൾ കർഷകൻ തന്നെ കൃഷിയിടത്തിൽ നടുകയും ആവശ്യമായ തണൽ ക്രമീകരിക്കുകയും ചെയ്തു. കാപ്പി, കുരുമുളക് എന്നിവയ്ക്കു പുറമെ തെങ്ങ്, പ്ലാവ്, മാവ്, സപ്പോട്ട എന്നിവയുടെ ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് നൽകുകയും അവർ അവ ഇടവിളയായി നടുകയും ചെയ്തു.

ഭക്ഷ്യ സുരക്ഷിതത്വവും സുരക്ഷിത ഭക്ഷണവും ലക്ഷ്യം വെച്ച് മുഴുവൻ കുടുംബങ്ങളിലും ജൈവ പച്ചക്കറികൃഷി നടപ്പിലാക്കി. ഇതിന്റെ ഭാഗമായി വിവിധ ഇനം പച്ചക്കറികളുടെ വിത്തുകൾ, ജൈവ വളം, ജൈവകീടനാശിനികൾ എന്നിവ വിതരണം ചെയ്തു. മത്സാരാടിസ്ഥാനത്തിൽ സംഘടിപ്പിച്ച ഈ പദ്ധതിയിൽ ഏറ്റവും നന്നായി കൃഷിചെയ്ത 15 പേർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ഗ്രൂപ്പടിസ്ഥാനത്തിൽ കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മഞ്ഞൾ കൃഷിയും പൂർണ്ണമായും ജൈവരീതിയിൽ കൃഷി ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു. ഇതിന്റെ ഭാഗമായി വിത്ത്, വളം എന്നിവ വിതരണം ചെയ്തു. ഗ്രൂപ്പടിസ്ഥാനത്തിൽ വളരെ നല്ല രീതിയിലാണ് 50 ഗ്രൂപ്പുകളും മഞ്ഞൾ കൃഷി ചെയ്തത്. ഇങ്ങനെ ഉത്പാദിപ്പിച്ച മുഴുവൻ മഞ്ഞളും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവകൃഷി പ്രസ്ഥാനമായ ബയോവിൻ അഗ്രോ റിസേർച്ച് അധികവില നൽകി സംഭരിക്കുകയുണ്ടായി. സ്ത്രീകളെ കൃഷിയിൽ സജീവമാക്കുവാൻ ഈ പദ്ധതി സഹായകരമായി. പദ്ധതിയിൽ ഉൾപ്പെട്ട

കൃഷിയിടത്തിന്  ചുറ്റും ജൈവ വേലി നിർമ്മിക്കുന്നതിനും സാമ്പത്തിക സാങ്കേതിക സഹായം നൽകി. ചെമ്പരത്തി, ശീമക്കൊന്ന എന്നിവ ഉപയോഗിച്ച് നിർമ്മിച്ച ജൈവവേലികൾ ഇന്ന് മുഴുവൻ തോട്ടങ്ങൾക്കും ഒരു ഐശ്വര്യമായി തീർന്നിരിക്കുന്നു. സ്വാശ്രയ സംഘങ്ങളിലെ വനിതകളാണ് ഈ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയത്.

കുടിവെള്ള സൗകര്യം വർദ്ധിപ്പിക്കുക എന്നതായിരുന്നു സമഗ്ര ആദിവാസി വികസന പദ്ധതിയുടെ മറ്റൊരു പ്രധാനപ്പെട്ട പ്രവർത്തനം. ഇതിന്റെ ഭാഗമായി 36 നീരുറവകൾ പുനരുദ്ധരിക്കുകയും 28 കിണറുകൾ നന്നാക്കുകയും ചെയ്തു. വളരെ കുറഞ്ഞ തുക (കിണറിന് 12500 രൂപ, നീരുറവ സംരക്ഷണത്തിന് 4500 രൂപ) യാണ് സാമ്പത്തിക സഹായം നൽകിയിരുന്നതെങ്കിലും പ്രദേശത്തെ ഏറെ കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. എടമുണ്ട പ്രദേശത്ത് പുനരുദ്ധരിച്ച ഒരു നീരുറവയിൽ നിന്നും 20ലധികം കുടുംബങ്ങൾ പൈപ്പ് ഉപയോഗിച്ച് കുടിവെള്ളം സമാഹരിക്കുന്നു എന്നത് ഈ പദ്ധതിയുടെ സ്വീകാര്യതയും വിജയവുമാണ് സൂചിപ്പിക്കുന്നത്. കൃഷിയിടത്തിൽ നിന്നും ഉള്ള വരുമാനത്തോടൊപ്പം ഒരു വരുമാന മാർഗ്ഗംകൂടി ഉണ്ടാവുക എന്ന ലക്ഷ്യത്തോടെ കോഴിവളർത്തൽ, ആടുവളർത്തൽ, പശുവളർത്തൽ, എന്നീ വരുമാന വർദ്ധക പരിപാടികളും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കി. പദ്ധതി തുകയുടെ 90 ശതമാനം ഗ്രാന്റായും 10 ശതമാനം വായ്പയുമായാണ് സഹായം നൽകിയത്.

ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ് പദ്ധതിയുടെ മറ്റൊരു പ്രധാന മേഖല. മെഡിക്കൽ ക്യാമ്പുകൾ,  ആരോഗ്യ ബോധവത്കരണ സെമിനാറുകൾ പച്ചമരുന്നുകളുടെ നിർമ്മാണം ഔഷധ സസ്യങ്ങളുടെ വ്യാപനം തുടങ്ങിയവ ഇതിൽ ഉൾപെടുന്നു. കൂടാതെ 50 ഭവനങ്ങളിൽ കക്കൂസ് നിർമ്മിച്ചു നൽകി. വനിതാ വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി പദ്ധതിയിൽ നടന്നു വരുന്നു. 50 വനിത സ്വാശ്രയ സംഘങ്ങൾ പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചു. നിലവിൽ 40 ലക്ഷം രൂപയോളം സേവിംഗ്സ് ആയി ഉണ്ട്. പദ്ധതിയിൽ രൂപ പെടുത്തി വരുന്ന കൃഷിയിടങ്ങളുടെ മെയ്ന്റനൻസ് നടത്തുന്നത് വനിതാ സ്വാശ്രയ സംഘങ്ങളാണ്. ഓരോ സ്വാശ്രയസംഘത്തിനും  10000 രൂപ വീതം റിവോൾവിംഗ് ഫണ്ട് അനുവദിച്ചു. കൂടാതെ 28 ലക്ഷം രൂപ വിവിധ വരുമാന വർദ്ധക പരിപാടികൾക്കായി വായ്പയായി അനുവദിച്ചു. ജനകീയ സംഘാടനത്തിന്റെ ഭാഗമായി വിവിധ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസ്സുകൾ, പഠന യാത്രകൾ, മത്സരങ്ങൾ, ഓണാ

ഘോഷം, വനിതാ ദിനാഘോഷം തുടങ്ങിയവ നടത്തി വരുന്നു. കുട്ടികൾക്കായി വിവിധ ക്യാമ്പുകൾ, മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു.

പദ്ധതിയുടെ സ്ഥായിയായ ലക്ഷ്യം മുന്നിൽകണ്ട് മുഴുവൻ കർഷകരെയും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഓർഗാനിക്ക് ഫാർമിംങ്ങ് പ്രോഗ്രാമിൽ അംഗങ്ങളായിട്ടുണ്ട്. ഇതിലൂടെ പദ്ധതി കാലയളവിന് ശേഷവും മുഴുവൻ കർഷകരെയും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സജീവ പങ്കാളികളായി നിലനിർത്തുവാൻ സാധിക്കും. ഇതിനോടകംതന്നെ കർഷകരുടെ ജൈവഉത്പന്നങ്ങൾക്ക് അധികവില നൽകി സംഭരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയുടെ കാര്യപരിപാടികൾ സുഗമമായി നീങ്ങുന്നു. ഈ മാസം പാടിച്ചിറ, മഞ്ഞൂറാ, ചുള്ളിയാന, ചെന്നലോട്, കരിമ്പിൽ, പുതിയിടം, മുതിരേരി ഇടവകാതല യോഗങ്ങളും, പാടിച്ചിറ, മഞ്ഞൂറ, കുഞ്ഞോം, ചെന്നലോട് ഇടവകകളിൽ ഫാമിലി ആക്ഷൻ ടീം മീറ്റിംഗുകളും നടത്തി. മാനന്തവാടി, കൽപ്പറ്റ, പുൽപ്പള്ളി റീജിയണുകളിലായി 102 കുടുംബങ്ങളിൽ ആനിമേറ്റേഴ്സ് സന്ദർശനം നടത്തി അവരുടെ പുരോഗതി വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുകയും ചെയ്തു. ഈ മാസം പദ്ധതിയിൽ തങ്ങളുടെ കാലാവധി പൂർത്തിയാക്കിയ 10 കുടുംബങ്ങളുടെ പുരോഗമന റിപ്പോർട്ട് സമർപ്പിച്ചു. 15 കുടുംബങ്ങൾക്കായി അപേക്ഷ സമർപ്പിച്ചു. അർഹരായ കുടുംബങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ എല്ലാവരുടെയും സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ഉപഭോക്താക്കൾക്ക് ഈ മാസം ലഭിച്ച ധനസഹായങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അടിസ്ഥാന സൗകര്യങ്ങൾക്കായി | – | 10000 (SAFP ) |
| ഉപകരണങ്ങൾ വാങ്ങുന്നതിനായി | – | 4000 (GVT.) |
| ചെറുകിട സംരഭങ്ങൾക്കായി | – | 62000 (SAFP ) |
| കൃഷിക്കായി | – | 10000 (SAFP ) |
| മൃഗസംരക്ഷണത്തിനായി | – | 20000 (SAFP & Local ) |
| പെൻഷൻ ഇനത്തിൽ | – | 46700 (GVT.) |
| **ആകെ** | **–** | **152700** |

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും ആയി പ്രവർത്തിച്ചുവരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

**സ്വാവലംബൻ**

സ്വാവലംബൻ പെൻഷൻ പദ്ധതിയിൽ ചേർന്നവരുടെ 2019-20 ലെ പുതുക്കൽ 80% പൂർത്തിയായി. ഇനിയും പുതുക്കാത്തവർ എത്രയും പെട്ടെന്ന് WSSS ഓഫീസിൽ അടക്കേണ്ടതാണ്.

**പെൻഷൻ മസ്റ്ററിങ്**

നിലവിൽ പെൻഷൻ മേടിക്കുന്നവരും ഇപ്പോൾ പെൻഷൻ പാസ്സായവരും മസ്റ്ററിങ് നടത്തേണ്ടതാണ്. അടുത്തുള്ള അക്ഷയ സെന്ററുമായി ബന്ധപ്പെടുക. കിടപ്പായവർക്ക് വീട്ടിൽ വന്നു ചെയ്തു തരുന്നതാണ്. പെൻഷൻ മസ്റ്ററിങ് ചെയ്യാത്തവർക്ക് പെൻഷൻ ലഭിക്കുന്നതല്ല. (ഹാജരാക്കേണ്ടുന്ന രേഖ - ആധാർ കാർഡ്).

**ക്ഷേമ പദ്ധതികൾ**

നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങൾ ആയ തൊഴിലാളികൾക്കു നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്നതിനേക്കാൾ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച സർക്കുലർ പുറത്തിറങ്ങി മരണാനന്തര ധനസഹായം 500000 രൂപയായും, അപകട ധനസഹായം 400000 രൂപയായും വർദ്ധിപ്പിച്ചു.

**DDU-GKY**

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് കീഴിൽ ഗ്രാമങ്ങളിലെ 18 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ തൊഴിൽ പരമായി കൂടുതൽ കഴിവുള്ളവർ ആക്കുന്നതിനുവേണ്ടി കേരള കുടുംബശ്രീ മിഷനും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ഒന്ന് ചേർന്ന് നടത്തിവരുന്ന DDU-GKY എന്ന പദ്ധതിയുടെ പഠന പരിശീലനങ്ങൾ മാനന്തവാടി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ബോയ്സ് ടൗണിലെ പരിശീലന കേന്ദ്രത്തിൽ നടന്നുവരുന്നു.

പ്രസ്തുത പദ്ധതിയുടെ കീഴിൽ ഫാബ്രിക്കേഷൻ, ഇൻഡസ്ട്രിയൽ എലക്ട്രീഷ്യൻ, ബ്യൂട്ടീഷ്യൻ എന്നീ കോഴ്സുകളാണ് ഇപ്പോൾ നടന്നുവരുന്നത് പ്രഗൽഭരായ അധ്യാപകരുടെ ശിക്ഷണത്തിൽ

പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ ഇന്ത്യയിലും വിദേശത്തു മായി ഉയർന്ന ശമ്പളത്തിൽ ജോലി ചെയ്തു വരുന്നു.

കഴിഞ്ഞ മാസങ്ങളിലായി സംസ്ഥന സർക്കാരിന്റെ മറ്റൊരു തൊഴിൽ പരിശീലന പരിപാടിയായ ASAP കോഴ്സിന്റെ പരിശീലനവും വിദ്യാർത്ഥികൾക്ക് നൽകി വരുന്നു. കുട്ടികളിലെ കലാകായിക ഗുണ ങ്ങൾ വളർത്തിയെടുക്കുവാൻ സ്പോട്സ് അതുപോലെ എല്ലാ മാസ ങ്ങളിലും സാഹിത്യ സമാജം എന്ന നിലയിൽ കലാമത്സരങ്ങൾ നടത്തി വരുന്നു. ഇൻഡസ്ട്രിയൽ ബ്യൂട്ടീഷൻ എന്ന കോഴ്സ് കമ്പ്ളീറ്റ് ചെയ്ത വിദ്യാർത്ഥികൾ അവരുടെ OJT (ഓൺ ദി ജോബ് ട്രെയിനിങ്) നു വേണ്ടി കോഴിക്കോട്, എറണാകുളം, ബാംഗ്ലൂർ എന്നിവിടങ്ങളിൽ പ്രവർത്തിച്ചു വരുന്നു. അതുപോലെ തന്നെ വിവിധ കമ്പനികളുടെ ക്യാമ്പസ് സെലക്ഷൻസ് നടത്തുകയും വിദ്യാർത്ഥികൾക്ക് ജോലിയും നൽകി വരുന്നു. കുട്ടികളുടെ പഠനകാര്യങ്ങളെ കുറിച്ച് ചർച്ച ചെയ്യുവാനായി അദ്ധ്യാപക രക്ഷാകർതൃയോഗം വിളിച്ചു ചേർക്കുകയും വിവിധ പഠനപരമായ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

DDU-GKY യുടെ അടുത്ത പദ്ധതിയിലേക്കുള്ള അപേക്ഷകൾ വരുന്ന ഫെബ്രുവരി മുതൽ എടുക്കുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. ഫാബ്രിക്കേഷൻ, ഇൻഡസ്ട്രിയൽ എലക്ട്രീഷ്യൻ, ബ്യൂട്ടീഷ്യൻ, ഫുഡ് പ്രോസ്സസിംഗ് എന്നീ കോഴ്സു കളിലേക്കാണ് അഡ്മിഷൻ ആരംഭിക്കുന്നത്. വിജയകരമായി പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും ജോലി നൽകുന്നു. ആധുനിക സജ്ജീ കരണങ്ങളോട് കൂടിയ ക്ലാസ്സ് റൂമുകൾ, വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ്, കമ്പ്യൂട്ടർ, പേഴ്സണാലിറ്റി ഡെവലപ്മെന്റ് എന്നിവയിൽ പ്രത്യേക പരിശീലനം നൽകുന്നു. കൂടാതെ ഓരോ വിദ്യാർത്ഥികൾക്കും പഠന സമയങ്ങളിൽ കമ്പ്യൂട്ടർ/ടാബ്ലെറ്റ്സ് എന്നിവയും കൊടുക്കു ന്നതാണ്. തൊഴിൽ പരമായ പരിശീലനത്തിനു മുൻതൂക്കം കൊടുക്കുന്ന ഈ കോഴ്സുകൾക്ക് യാതൊരുവിധ ഫീസോ മറ്റോ ഈടാക്കുന്നില്ല. അതോടൊപ്പം തന്നെ വിദ്യാർത്ഥികളുടെ താമസവും ഭക്ഷണവും തികച്ചും സൗജന്യമാണ്.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

സോഷ്യൽ വെൽഫയർ സൊസൈറ്റികളുടെ ആഭിമുഖ്യത്തിൽ 30 യൂണിറ്റുകളിൽ ക്രിസ്തുമസ് പുതുവത്സരാഘോഷങ്ങൾ നടത്തി. ചെറു കാട്ടൂർ, പടമല യൂണിറ്റുകളിൽ 'മാതാപിതാക്കൾ അറിയാൻ' എന്ന വിഷ യത്തെ സംബന്ധിച്ചു അശ്വതി ക്ലാസ്സ് നയിച്ചു. തവിഞ്ഞാൽ യൂണിറ്റിലെ

പുതുവത്സരാഘോഷങ്ങൾ WSSS അസോസിയേറ്റ് ഡയറക്ടർ ഫാ.ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്തു. SHG കൾ കാലഘട്ടത്തിനനുസൃതമായി നൂതന പദ്ധതികളിലേക്കു കടക്കണമെന്ന് അച്ചൻ ഓർമ്മിപ്പിച്ചു. CDO മീറ്റിംഗിൽ ശ്രീ. ഷൈജു ജോസഫ് 'ഗ്രൂപ്പ് ഫോർമേഷൻ' എന്ന വിഷയത്തിൽ ക്ലാസ്സ് എടുത്തു. മുളയുത്പ്പന്ന രംഗത്തു സജീവമായി പ്രവർത്തിക്കുന്ന 'ആദിമ' ഗ്രൂപ്പ് ലീഡർ ശ്രീമതി സുലു വിൻസെന്റ് WSSS ലൂടെ എങ്ങനെ താൻ നല്ലൊരു സംരഭകയായി വളർന്നു എന്ന അനുഭവസാക്ഷ്യം CDO മാർക്ക് പ്രചോദനമേകി. SHG കളിൽ നടപ്പിലാക്കുന്ന **'e-Shakti'** പദ്ധതിയുടെ പ്രവർത്തനങ്ങൾ ധ്രുതഗതിയിൽ നടക്കുന്നു. SHG കളുടെ ഭാഗത്തുനിന്നും നല്ല സഹകരണമാണ് നാളിതുവരെ **'e-Shakti'** പദ്ധതിക്കു ലഭിച്ചിട്ടുള്ളത്.

**ജീവസ് ഇൻഷുറൻസ്**

ജീവസ് ഇൻഷുറൻസ് മെഡിക്കൽ പദ്ധതി മാനന്തവാടി രൂപതയുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന പദ്ധതിയാണ്. രൂപതയിൽ 2030 കുടുംബങ്ങൾ ഈ പദ്ധതിയിൽ അംഗത്വം എടുത്തിട്ടുണ്ട്. നാളിതുവരെ 327 ക്ലെയിമുകൾ പാസ്സായി. ബാക്കിയുള്ളതിന്റെ നടപടികൾ നടന്നു വരുന്നു. ഇതുവരെ 2392831 രൂപ ഇൻഷുറൻസ് പരിരക്ഷയായി ലഭിച്ചു. ജീവസ്സിൽ ചേർന്നിരിക്കുന്നവരുടെ സംശയനിവാരണത്തിന് ഓഫീസ്സുമായി ബന്ധപ്പെടുക.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവകൃഷി രാജ്യത്ത് സജീവമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ജൈവ ഉല്പന്നങ്ങളുടെ കയറ്റുമതി സാധ്യതയെ ഉപയോഗപ്പെടുത്തികൊണ്ട് വയനാട്ടിലെയും നീലഗിരിയിലേയും കർഷകരെ ഉൾപ്പെടുത്തി ബയോവിൻ അഗ്രോ റിസർച്ചിന്റെ നേതൃത്വത്തിലുള്ള ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. നിലവിൽ 17293 കർഷകരാണ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്. ഇവരിൽ തന്നെ 6357 കർഷകർ പൂർണ്ണമായും നാല് വർഷത്തെ പരിവർത്തന കാലയളവ് (IC1 to IC3) പൂർത്തീകരിച്ച ജൈവ കൃഷിയിടങ്ങളുള്ളവരാണ് എന്നത് അഭിമാനിക്കാൻ വകയുള്ള നേട്ടം തന്നെയാണ്. ഗ്രൂപ്പുകളായുള്ള ജൈവ സർട്ടിഫിക്കേഷൻ നേടുന്നതിന് കർഷകരെ സഹായിക്കുക, ഗ്രൂപ്പുകളെ ശക്തിപ്പെടുത്തുക, ജൈവ വളപ്രയോഗം, ജൈവവള നിർമ്മാണ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുക, ജൈവവള നിർമ്മാണം പരിശീലിപ്പിക്കുക, കൃഷിയിടത്തിൽ ലഭ്യമായ വസ്തുക്കൾകൊണ്ട് കീടനാശിനികളും ചെടികൾക്കാവശ്യമായ പോഷകങ്ങളും തയ്യാറാക്കുന്നതിന് പരിശീലനം നൽകുക, ജൈവ കാർഷിക മേഖലയിലെ പുത്തൻ അറിവുകൾ കോർത്തിണക്കിയ കാർഷിക സെമിനാറുകളുടെ സംഘാടനം, കാർഷിക മേഖലയിൽ വിദഗ്ധരായ ഫീൽഡ് ഓഫീസർമാർ, അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവരുടെ സേവനം, ഉത്പ്പന്നങ്ങൾക്ക് അധിക വില തുടങ്ങിയ ഒട്ടേറെ സേവനങ്ങൾ ബയോവിൻ ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നു.

അഗ്രികൾച്ചർ എക്സ്റ്റഷൻ ഓഫീസറായി കുമാരി ബിഞ്ചു, റീജിണൽ കോർഡിനേറ്റർമാരായി ശ്രീമതി ടിന്റു (WSSS നെല്ലാക്കോട്ട ICS), ശ്രീമതി സിമി (BIO മുള്ളൻകൊല്ലി ICS & BIO പുൽപ്പള്ളി ICS) ശ്രീ. സൂരജ് (BIO നെല്ലാക്കോട്ട ICS, BIO ചേരങ്കോട് ICS & BIO ഓവാലി ICS), ക്വാളിറ്റി ട്രെയിനിയായി ശ്രീ. ക്രിസ്റ്റി, ഇലെക്ട്രിക്കൽ സൂപ്പർവൈസറായി ശ്രീ. റെജീഷ് എന്നിവർ ബയോവിനിൽ പുതിയ അംഗങ്ങളായി എത്തുകയും ഇലക്ട്രിക്കൽ സൂപ്പർവൈസറായിരുന്ന ശ്രീ. ജിൽസന് യാത്രയയപ്പ് നൽകുകയും ചെയ്തു.

**കർഷക ഗ്രൂപ്പ് മീറ്റിംങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കർഷക ഗ്രൂപ്പുകളിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നിവ ആസ്പദമാക്കി

നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വില്ലേജ് ഫ്ലൂ ക്ലബ്ബുകളിൽ നടക്കുകയും തിരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പുകളിൽ റീജിണൽ കോർഡിനേറ്റർമാർ, അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ പങ്കെടുക്കുയും കർഷക ഭവനങ്ങളും കൃഷിയിടവും സന്ദർശിക്കുകയും ചെയ്തു.

**റെയിൻ ഫോറസ്റ്റ് അലയൻസ് സർട്ടിഫിക്കേഷൻ ഓഡിറ്റ്**

ജൈവകൃഷി പോലെ തന്നെ മണ്ണിനും ആവാസ വ്യവസ്ഥയ്ക്കും കൃഷിയിടത്തിൽ വസിക്കുന്ന ജീവജാലങ്ങൾക്കും സ്വാഭാവിക നീർത്തടങ്ങൾക്കും തൊഴിലാളികൾക്കും എല്ലാം ഒരേപോലെ പ്രാധാന്യം നൽകുന്ന മറ്റൊരു സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയാണ് റയിൻ ഫോറസ്റ്റ് അലയൻസ് സർട്ടിഫിക്കേഷൻ. നിലവിൽ കാപ്പി മാത്രമേ പദ്ധതിയിൽ റജിസ്റ്റർ ചെയ്തിരുന്നുള്ളു. ഈ വർഷം മഞ്ഞൾ, കുരുമുളക്, ഇഞ്ചി, ഏലം എന്നിവ കൂടി സർട്ടിഫിക്കേഷനിലേക്ക് ഉൾപ്പെടുത്തുന്നതിനായി സർട്ടിഫിക്കേഷൻ ഏജൻസിയായ ഇൻഡോസർട്ടിൽ നിന്നുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി രേഖകളും കൃഷിയിടങ്ങളും ക്രമീകരിച്ച് വരുന്നു. അതോടൊപ്പം തന്നെ വരും വർഷത്തെ സംഭരണത്തിനായി actual stock കൃഷിയിടങ്ങളിൽ നിന്നും ശേഖരിക്കുകയും ചെയ്തു.

**പുതിയ അംഗത്വം**

പുതിയ വർഷം കൂടുതൽ കർഷകരെ ജൈവകൃഷി രീതിയിലേക്ക് കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോട് കൂടി വിവിധ റീജിയനുകളിൽ നിന്നും 330 കർഷകരെ പദ്ധതിയിൽ ഉൾപ്പെടുത്തി.

**കോഫീ ബാഗ് വിതരണം**

ജൈവ കർഷകർക്ക് തങ്ങളുടെ ഉത്പ്പന്നങ്ങൾ ശേഖരിക്കുന്നതിനും വൃത്തിയായി സൂക്ഷിക്കുന്നതിനും ആവശ്യമായ കോഫീ ബാഗുകൾ (ചാക്കുകൾ) വിവിധ റീജിയനുകളിലായി വിതരണം ചെയ്തു.

**ബയോലാന്റ് അഗ്രോ പ്രോസ്സസിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസ്സസിംഗ് സെന്റർ കാപ്പി, മഞ്ഞൾ, കുരുമുളക്, കറുവപ്പട്ട തുടങ്ങിയവ സംസ്ക്കരിക്കുകയും ഇതിനായി 120 തൊഴിൽ ദിനങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്തു. മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോറിസേർച്ച്

**പെൺമയ്ക്ക് ഫാം ഇൻഫർമേഷൻ ബ്യൂറോ വൈഗ 2020 പുരസ്കാരം**

സംസ്ഥാന കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ വൈഗ 2020 കാർഷികമേളയോടനുബന്ധിച്ച് മണ്ണിൽ തളിരിട്ട ജീവിതങ്ങൾ എന്ന വിഷയത്തെ അടിസ്ഥാനമാക്കി സംഘടിപ്പിച്ച ഹ്രസ്വചിത്ര മത്സരത്തിൽ കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയുടെ ബാനറിൽ ദ്വാരക ഗുരുകുലം കോളേജ് നിർമ്മിച്ച് ഷാജു പി. ജെയിംസ് സംവിധാനം ചെയ്ത പെൺമ എന്ന ഷോർട്ട് ഫിലിം ഒന്നാം സ്ഥാനം നേടി. ശ്രീകാന്ത് കെ. രചന നിർവ്വഹിച്ചിരിക്കുന്ന ഈ ഹ്രസ്വചിത്രത്തിന്റെ ചിത്രീകരണവും എഡിറ്റിംഗും നിർവ്വഹിച്ചിരിക്കുന്നത് അതുൽ രാജും ടോബി ജോസും ചേർന്നാണ്. ജിഷി കണ്ണൂരാണ് അസി. ഡയറക്ടർ കലാ സംവിധാനം നിർവ്വഹിച്ചത് ജോസ് കിഴക്കനാണ്. കുംഭാമ്മ, ചന്ദ്രൻ എന്നിവരാണ് അഭിനേതാക്കൾ. തൃശ്ശൂരിൽ മന്ത്രി വി.എസ് സുനിൽകുമാറാണ് അവാർഡ് പ്രഖ്യാപിച്ചത്. പതിനയ്യായിരം രൂപയും പ്രശസ്തി പത്രവുമാണ് സമ്മാനം. ഏറ്റവും കൂടുതൽ ഫെയ്സ്ബുക്ക് ലൈക്കിനുള്ള സമ്മാനമായ അയ്യായിരം രൂപയും പ്രശസ്തി പത്രവും പെൺമയ്ക്കാണ് ലഭിച്ചത്. തുടർച്ചയായി ഇത് മൂന്നാം വർഷമാണ് റേഡിയോ മാറ്റൊലിക്ക് ഈ അവാർഡ് ലഭിക്കുന്നത്. ജനുവരി 7 ന് തൃശ്ശൂരിൽ വച്ച് നടന്ന വൈഗ 2020 വേദിയിൽ വെച്ച് മന്ത്രി വി.എസ് സുനിൽകുമാറിൽ നിന്നും ഷാജു പി. ജെയിംസ് അവാർഡ് ഏറ്റു വാങ്ങി.

**റേഡിയോമാറ്റൊലി @ 2020**

2020 ലെ റേഡിയോമാറ്റൊലി ഏങ്ങനെയായിരിക്കണമെന്നും പുതിയതായി ഉൾപ്പെടുത്തേണ്ട പ്രോഗ്രാമുകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുമായി റേഡിയോമാറ്റൊലി @ 2020 ചർച്ച നടത്തി. ജനുവരി 9 ന് മാറ്റൊലിയിൽ നടന്ന അവലോകന യോഗത്തിൽ റേഡിയോ മാറ്റൊലി ചെയർമാൻ മോൺ. അബ്രാഹം നെല്ലിക്കൽ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു. റേഡിയോമാറ്റൊലി മാനേജിംഗ് കമ്മിറ്റി അംഗമായിരുന്ന ശ്രീ. സി.വി.ജോയ് പുതിയ പദ്ധതികളേക്കുറിച്ചും ആശയങ്ങളേക്കുറിച്ചും സംസാരിച്ചു.

**GOPA License Renewal - Inspection**

റേഡിയോ സ്റ്റേഷന്റെ അടുത്ത 10 വർഷത്തേക്കുള്ള പ്രവർത്തനത്തിനുള്ള ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് ഇൻസ്പെക്ഷൻ നടന്നു. കോഴിക്കോട് ആകാശവാണിയിലെ അസിസ്റ്റന്റ് എൻജിനീയർ ബാബു മാത്യു മാറ്റൊലിയിലെ സാങ്കേതിക സംവിധാനങ്ങൾ പരിശോധിച്ചു.

വെള്ളമുണ്ടയിൽ നടന്ന ആരവം 2020 ഫുട്ബോൾ ടൂർണമെന്റിന്റെ പ്രചരണാർത്ഥം ഡിസംബർ 27, 28 തിയ്യതികളിൽ സംഘടിപ്പിച്ച ലഹരിവിരുദ്ധ ബോധവത്കരണ ഫ്ളാഷ് മോബിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി, പ്രോഗ്രാം പ്രൊഡ്യൂസർമാരായ ഡിപിൻ കാട്ടാംകോട്ടിൽ, അജിത് ആന്റണി, വോളന്റിയർ ഏയ്ഞ്ചൽ അഗസ്റ്റിൻ എന്നിവർ പങ്കെടുത്തു.

**NABARD TEAM VISIT**

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ട്രെയിനിംഗ് നടത്തുന്ന നബാർഡിന്റെ ഉദ്യോഗസ്ഥർ റേഡിയോമാറ്റൊലി സന്ദർശിക്കുകയും പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും ചെയ്തു.

**വിമുക്തി പ്രൊജക്ട്**

ലഹരിവിമുക്ത ബോധവത്കരണ പരിപാടിയായ വിമുക്തിയുടെ പ്രൊജക്ട് സ്റ്റേഷൻ ഡയറക്ടർ ഫാ.ബിജോ കറുകപ്പിള്ളി എക്സൈസ് കമ്മീഷണർക്ക് സമർപ്പിച്ചു.

**ക്രിസ്തുമസ് ആഘോഷം**

ഡിസംബർ 23 ന് മാറ്റൊലി ടീം ക്രിസ്തുമസ് ആഘോഷവും സ്നേഹോപഹാരങ്ങളുടെ കൈമാറ്റവും നടത്തി.

**പഠന സന്ദർശനം**

മമ്പാട് എം.ഇ.എസ്. കോളേജ് മാസ് കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥികളും അധ്യാപകരും പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

തൊണ്ടർനാട് പാലേരി MTDMHS വിദ്യാർത്ഥികൾ മാറ്റൊലി സന്ദർശിച്ചു. വിവിധ പ്രോഗ്രാമുകൾ അവതരിപ്പിച്ചു.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

# ജയിൽ മിനിസ്ട്രി

*അന്ധകാരത്തിൽ കഴിഞ്ഞ ജനം മഹത്തായ പ്രകാശം കണ്ടതുപോലെ* (ഏശ 9,2) പ്രത്യാശയും സ്നേഹവും നഷ്ടപ്പെട്ട് തടവറയുടെ ഇരുട്ടിൽ ഏകാന്തതയിൽ കഴിയുന്ന തടവറ മക്കളിലേക്ക് സമാധാനത്തിന്റെയും പ്രത്യാശയുടെയും സന്ദേശവുമായി ക്രിസ്തുമസിനോടനുബന്ധിച്ച് യേശുസാഹോദര്യകൂട്ടായ്മയിലെ അംഗങ്ങൾ കടന്നുചെന്നു. ആഘോഷങ്ങളുടെ ഭാഗമായി മാനന്തവാടി – വൈത്തിരി ജയിലുകളിൽ കേക്ക് മുറിച്ച് സന്തോഷം പങ്കുവച്ചു. കൂടാതെ കുറ്റാരോപിതരുടെ വീടുകൾ സന്ദർശിച്ച് കുടുംബാംഗങ്ങളെ ധൈര്യപ്പെടുത്തുകയും തടവറയിൽ കഴിയേണ്ടിവരുന്നവരെ മാനസിക മായി സഹായിക്കേണ്ടതിന്റെയും സ്വഭവനങ്ങളിലേക്ക് സ്വീകരിക്കേണ്ട തിന്റയും ആവശ്യകത അവരെ ബോധ്യപ്പെടുത്തുകയും ചെയ്തു. അതോടൊപ്പം എസ്. എച്ച്, എഫ്. സി. സി സിസ്റ്റേഴ്സ് നടത്തുന്ന പതിവു ജയിൽ സന്ദർശനങ്ങൾ തടവുകാർക്ക് നല്ല ബോധ്യങ്ങൾ കൊടുക്കുന്നു.

മാനന്തവാടി ജില്ലാ ജയിലിൽ ക്രിസ്തുമസിനോടനുബന്ധിച്ച് ഡിസംബർ 23 ന് പയ്യംപള്ളി ഇടവകയിലെ മിഷൻലീഗ് അംഗങ്ങൾ വിവിധതരത്തിലുള്ള കലാപരിപാടികൾ അവതരിപ്പിക്കുകയും ക്രിസ്തുമസ് സന്ദേശം നൽകുകയും ചെയ്തു. കുട്ടികളുടെ പരിപാടികൾ തടവുകാരുടെ മനം കവരുന്നതായിരുന്നു. അതോടൊപ്പം തന്നെ അന്തേവാസികളിൽ ചിലർ കലാപരിപാടികൾ അവതരിപ്പിച്ചത് ആഘോഷത്തിന്റെ മാറ്റു കൂട്ടി. കലാപരിപാടികൾക്ക് നേതൃത്വം നൽകിയ ബഹു. ആന്റോ അച്ചനും അവരെ പറഞ്ഞുവിട്ട ബഹു. ജോയി പുല്ലംകുന്നേൽ അച്ചനും പ്രത്യേകം നന്ദി പറയുന്നു. തുടർന്നും തടവറയിൽ കഴിയുന്നവരെയും അവരുടെ കുടുംബാംഗങ്ങളെയും സഹായിക്കുവാൻ കൂടുതൽ പേരെ സ്വാഗതം ചെയ്യുന്നു.

**ഫാ. ജോൺ പുളിന്താനത്ത്**
ഡയറക്ടർ, ജീസസ് ഫ്രട്ടേണിറ്റി

**December - January 2019-2020**

- **Fine Arts Day -** On 18th December the Students' Union organized and conducted the Fine Arts competitions.
- On the same day, department of zoology organized a blood donation camp as a part of the Zoology Association inauguration. The blood group directory of the college was also released during the function by the chief guest Dr. Binija Merin Joy, Blood Bank Medical officer.
- **Kannur university Inter collegiate Yoga championship -** The College hosted the Kannur University Inter collegiate yoga Championship on 9.12.2019. Colleges Affiliated to Kannur University participated in the championship. School of Physical Education and Sports Sciences, Kannur University won Women's championship and Mary Matha Arts & Science College, Mananthavady won Men's championship. Mary matha Arts & Science College Mananthavady and Department of Physical Education won the Runners' Up trophy in Women's and Men's respectively.
- **National Mathematics Day Celebrated -** The birth anniversary of Sri Ramanujan the world renowned Indian mathematician was celebrated with pomp and gaiety by the Department of Mathematics. They organized puzzle solving session, seminar on mathematicians, fancy dress of famous mathematicians and mathematical Christmas card competitions. (The birth anniversary fell on 22nd December and it being a holiday, we celebrated the same on 19th December).

- Christmas celebration - Rev. Fr. George Myladoor gave the Christmas message and Inter class carol singing competition was held. Christmas gifts and cakes were distributed by Santaclaus on 20.12.2019.
- **NSS residential camp** - Seven day NSS Camp was organized at St Catherine's Higher Secondary School Payyampally from 20th to 26th December 2019. The camp was inaugurated by noted writer Mr Sadir Thalapuzha, Rev. Fr. George Myladoor Manager of our College delivered the keynote address and Dr Maria Martin Joseph (Principal) presided over the function.
- **Alumni Meeting** - Annual Alumni meeting was held on 26.12.2019.
- **International Karate Championship** - International Karate Championship of JSKA was held in our indoor stadium on 28th & 29th December 2019.
- **Annual Sports Day** - 25th Annual Sports Day was conducted on 07.01.2020. Kum. Shalu Shajee, Asian Powerlifting gold Medal Winner inaugurated the sports meet.
- **Workshop for non-teaching staff** - A two day state level workshop was conducted in our auditorium on 11th and 12th of Jan 2020. The aim of the study camp was to familiarize the non-teaching staff with SPARK, BIMS, PFMS and other service matters. The camp was inaugurated by our MLA, Sri O R Kelu.
- **Kannur University Inter Collegiate Cricket Championship** - Kannur University Inter Collegiate Cricket Championship was conducted in the college from 13th to 24th Jan 2020.
- Kannur University Inter collegiate fine arts competitions will be held from 15th to 19th Jan 2020 at Payyannur college, Payyannur. 110 students from our college will be participating.

**Dr Maria Martin Joseph**
Principal

## CEADOM വിദ്യാഭ്യാസ മേഖല

ഒരു അധ്യയന വർഷംകൂടി കടന്നുപോകുന്നു. വർഷാവസാന പരീക്ഷകൾക്കും പൊതുപരീക്ഷകൾക്കും തയ്യാറെടുക്കുന്ന എല്ലാ വിദ്ധ്യാർത്ഥികൾക്കും അവരെ ഒരുക്കുന്ന അധ്യാപകർക്കും മാതാപിതാക്കൾക്കും വിജയാശംസകളും പ്രാർത്ഥനകളും അറിയിക്കുന്നു.

**മോറൽ സയൻസിന്റെ പരീക്ഷ**

നമ്മുടെ വിദ്യാലയങ്ങളിൽ 2020 ജനുവരി 03-ാം തിയ്യതി നടത്തപ്പെട്ട മോറൽസയൻസിന്റെ പരീക്ഷയിൽ സഹകരിച്ച എല്ലാവർക്കും പ്രത്യേക അഭിനന്ദനങ്ങൾ.

**പ്രത്യേക ശ്രദ്ധയ്ക്ക്**

a) 1 മുതൽ 12 വരെ ക്ലാസ്സുകളിൽ 90% ത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവരുടെ ഉത്തരക്കടലാസുകൾ കോർപ്പറേറ്റ് ഓഫീസിൽ 2020 ഫെബ്രുവരി 10 ന് മുമ്പ് എത്തിക്കേണ്ടതാണ്. ഇവ വീണ്ടും മൂല്യനിർണ്ണയം നടത്തി ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച ആദ്യ മൂന്നു സ്ഥാനക്കാർക്ക് 2020 കോർപ്പറേറ്റ് സ്റ്റാഫ് കൺവെൻഷനിൽ വച്ച് അവാർഡ് നൽകുന്നതുമാണ്.

b) 4, 7, 10, 12 ക്ലാസ്സുകളിൽ 80% ത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവരുടെ ഉത്തരക്കടലാസുകൾ പുനർനിർണ്ണയം നടത്തി സമ്മാനാർഹരായവർക്ക് കെ.സി.ബി.സിയുടെ നേതൃത്വത്തിൽ സംസ്ഥാന തലത്തിൽ ക്യാഷ് അവാർഡുകളും അനുമോദന പത്രികയും നൽകുന്നതായിരിക്കും.

**ട്രാൻസ്ഫറും, പ്രമോഷനും**

രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽ ജോലി ചെയ്യുന്ന എല്ലാ അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കും, 2020 – 2021 അധ്യയന വർഷത്തേയ്ക്കുള്ള ട്രാൻസ്ഫർ & പ്രമോഷൻ ഫോം ദ്വാരകയിലുള്ള കോർപ്പറേറ്റ് ഓഫീസിൽ നിന്നും 2016 ജനുവരി 10-ാം തിയ്യതി മുതൽ നല്കുവാൻ ആരംഭിച്ചു. കോർപ്പറേറ്റ് ഓഫീസിൽ നിന്നും ലഭിക്കുന്ന അപേക്ഷയുടെ ശരിപ്പകർപ്പ് തന്നെ പൂരിപ്പിച്ച് ലോക്കൽ മാനേജറുടെയും, ഹെഡ്മാസ്റ്ററിന്റെയും അംഗീകാരത്തോടു

കൂടി 2020 ഫെബ്രുവരി 29 നു മുമ്പ് ദ്വാരകയിലുള്ള കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കുകയും, CEADOM Website ന്റെ പോർട്ടലിൽ ഇതിന്റെ സോഫ്റ്റ് കോപ്പി പൂരിപ്പിച്ച് ഹെഡ്മാസ്റ്റർ മുഖേന ഫോർവേഡ് ചെയ്യുകയും വേണം. Hard copy യും, Soft Copy യും ലഭിച്ചാൽ മാത്രമേ അപേക്ഷ പരിഗണിക്കുകയുള്ളൂ.

**ദേശജ്യോതി - 2020**

'ദേശജ്യോതി - 2020' എന്ന പേരിൽ ക്വിസ് മൽസരം നടത്തി. സ്ക്കൂൾതല മൽസരം ജനുവരി 22 ബുധനാഴ്ചയും, സോണൽ മൽസരം ജനുവരി 25 ശനിയാഴ്ചയും രൂപതാതല മൽസരം ജനുവരി 30 വ്യാഴാഴ്ച ദ്വാരക എ.യു.പി. സ്കൂളിലും വച്ച് നടത്തപ്പെട്ടു. മൽസരത്തിൽ വിജയികളായവർക്ക് സെഡോം ഫാമിലിയുടെ അനുമോദനങ്ങൾ.

**ടീച്ചേഴ്സ് ഗിൽഡ് മീറ്റിംഗ്**

മാനന്തവാടി രൂപതാ കോർപ്പറേറ്റ് ടീച്ചേഴ്സ് ഗിൽഡിന്റെ സ്കൂൾതല പ്രതിനിധികളുടെ സമ്മേളനം 2020 ജനുവരി 7-ാം തിയ്യതി ചൊവ്വാഴ്ച്ച ദ്വാരക എ.യു.പി. സ്കൂളിൽവച്ച് കോർപ്പറേറ്റ് മാനേജർ റവ.ഫാ. ബിജു പൊൻപാറയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ജനുവരി 18-ാം തിയ്യതി തൊടുപുഴയിൽ വച്ച് നടത്തപ്പെട്ട ടീച്ചേഴ്സ് ഗിൽഡിന്റെ സംസ്ഥാന സമ്മേളനത്തിലും മാനന്തവാടി രൂപതയിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

**ആദരാഞ്ജലികൾ**

നമ്മുടെ 'സെഡോം' കുടുംബത്തിലെ അംഗമായിരുന്ന, നടവയൽ സെന്റ് തോമസ് ഹൈസ്കൂളിൽ സംഗീതാധ്യാപകനായി സേവനം ചെയ്തിരുന്ന ശ്രീ. സിറിയക് സൈമൺ സാർ (56) 05/01/2020 ന് നമ്മിൽ നിന്നും വേർപിരിഞ്ഞ ദുഃഖവാർത്ത നാമെല്ലാവരും അറിഞ്ഞതാണല്ലോ. സാറിന്റെ പാവന സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും, ആത്മാവിന് നിത്യശാന്തി ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യാം.

**ഫാ. ബിജു പൊൻപാറക്കൽ**
കോർപ്പറേറ്റ് മാനേജർ

# അറിയിപ്പുകൾ

### ബധിരർക്കും മൂകർക്കും വേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ്

**വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്**

കേരള കത്തോലിക്കാസഭയിൽ ബധിരർക്കും മൂകർക്കും വേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ് കെ.സി.ബി.സി. തലത്തിൽ സഭാ ആസ്ഥാനമായ പാലാരിവട്ടം പിഒസി യിൽ ആരംഭിച്ചിരുന്നല്ലോ. കേരള സഭയിൽ ആദ്യമായിട്ടാണ് സഭാതലത്തിൽ ഇത്തരത്തിലുള്ള ഒരു സംരംഭം. കെ.സി.ബി.സി. ഫാമിലി കമ്മീഷനാണ് ഇതിന് നേതൃത്വം കൊടുക്കുന്നത്. ബധിരരും മൂകരും ആയിട്ടുള്ള അകത്തോലിക്കരായ യുവതീയുവാക്കൾക്കും വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് ഈ കോഴ്സിൽ പങ്കെടുക്കാൻ സാധിക്കുന്ന തരത്തിലാണ് പാഠ്യ പദ്ധതികൾ ക്രമീകരിച്ചിട്ടുള്ളത്.

ഇക്കാര്യം ബഹുമാനപ്പെട്ട വികാരിമാർ ഞായറാഴ്ച കുർബാന മദ്ധ്യേ ആളുകളെ അറിയിക്കണം. ഇനിമുതൽ ഇടവകയിൽ ബധിതരും മൂകരും ആയിട്ടുള്ള യുവതീയുവാക്കൾ വിവാഹിതരാകുന്നതിനു മുമ്പ് ഈ കോഴ്സിൽ പങ്കെടുക്കാൻ ഓർമ്മിപ്പിക്കണം. കൂടാതെ, ഇവർക്കു വേണ്ടിയുള്ള മാട്രിമോണിയൽ സർവ്വീസിന്റെ പ്രവർത്തനം (KCBC Matrimony for the Deaf) ഭംഗിയായി തുടരുന്നു.

2020 – ൽ ബധിരർക്കും മൂകർക്കും വേണ്ടിയുള്ള നാലു വിവാഹ ഒരുക്ക കോഴ്സുകളാണ് ഒരുക്കിയിരിക്കുന്നത്:

**A) പാലാരിവട്ടം പിഒസി യിൽ**

1) ഏപ്രിൽ 11, 12     2) ഒക്ടോബർ 24, 25

**B) മലബാർ മേഖല**

3) ഫെബ്രുവരി 15, 16

സ്ഥലം: നവജ്യോതിസ് പാസ്റ്ററൽ സെന്റർ, കോഴിക്കോട്

**C) കൊല്ലം–തിരുവനന്തപുരം മേഖല**

4) ജൂലൈ 25, 26

സ്ഥലം: ക്രിസ്തു ജ്യോതിസ് ആനിമേഷൻ സെന്റർ, കൊട്ടിയം, കൊല്ലം

ബന്ധപ്പെടേണ്ട വിലാസം: സെക്രട്ടറി, കെ.സ.ിബി.സി. ഫാമിലി കമ്മീഷൻ, പിഒസി, പാലാരിവട്ടം, കൊച്ചി – 682 025, ഫോൺ: 99950 28229, 94958 12190

Email: kcbcfamilycommission@gmail.com,

Website: www.kcbcfamilycommission.org

# Pastoral Centre Programme



**February 2020**

| | | |
|---|---|---|
| 01 | - | Zion one day Convention |
| 01-02 | - | Catechism |
| 08 | - | Catechism |
| | - | KCYM |
| 09-12 | - | Marriage preparation Course |
| | - | Catechism |
| 13-16 | - | Zion Retreat |
| | - | Catechism |
| 20 | - | CML |
| 28 | - | CML |

**Fr. Paul Vazhappilly**
Director, Pastoral Centre

# *Bishop's Programme*



***February 2020***

| | |
|---|---|
| *1 Saturday ..............* | *Out of Station* |
| *2 Sunday ...............* | *Poolappadam: Conclusion of Parish Jubilee* |
| *3 Monday ...............* | *Kanjirappally: Installation of Bp Jose Pulickal* |
| *4 Tue- 5 Wed ..........* | *Out of Station* |
| *6 Thursday ..............* | *Consultors' Meeting* |
| *7 Friday ...............* | *Out of Station* |
| *8 Saturday ...............* | *Mary Matha College* |
| *9 Sunday ..............* | *Puthusserikadavu: Conclusion of Parish Jubilee* |
| *10 Monday ..............* | *Engaged* |
| *11 Tuesday .............* | *Thonichal: Blessing of SKD Mother House, Silver Jubilee and Final Profession of SKD Sisters* |
| *12 Wed - 19 Wed .....* | *Bangalore - CBCI* |
| *20 Thur - 29 Sat ......* | *Out of Station* |

***March 2020***

| | |
|---|---|
| *2 Mon - 4 Wed ........* | *Mumbai* |
| *5 Thursday .............* | *Presbyteral Council*<br>***Afternoon:*** *Bathery: Assumption School Anniversay and Send off* |
| *6 Friday ...............* | *Out of Station* |
| *7 Saturday ...............* | *Dwaraka: Zion Convention* |
| *8 Sunday ...............* | *Vakery: Pastoral Visit* |

| | |
|---|---|
| *9 Monday ...............* | *Dwaraka: Women Religious Superiors' Meet* |
| *10 Tuesday .............* | *Thariode: School Anniversay and Send off* |
| *11 Wednesday .........* | *Visitors' Day* |
| *12 Thur - 13 Fri ......* | *Out of Station* |
| *14 Saturday ............* | *Pastoral Council* |
| *15 Sunday ..............* | *Cherukattoor: Convention* |
| *16 Mon - 17 Tue .....* | *Engaged* |
| *18 Wednesday .........* | *Dwaraka: Priests' Conference* |
| *19 Thursday ............* | *Kunjome: Retreat* |
| *20 Friday ...............* | *Out of Sation* |
| *21 Saturday ............* | *Dwaraka: Meeting of the Office Bearers of Associations* |
| *22 Sunday ..............* | *Pastoral Visit* |
| *23 Monday .............* | *Visitors' Day* |
| *24 Tuesday .............* | *Engaged* |
| *25 Wednesday .........* | *Visitors' Day* |
| *26 Thur - 28 Sat .....* | *Out of Station* |
| *29 Sunday ..............* | *Pastoral Visit* |
| *30 Monday .............* | *Visitors' Day* |
| *31 Tuesday .............* | *Out of Station* |

• • • • • •